# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## നസ്രേത്ത് വിഭാഗം

### പാഠാവലി രണ്ട്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-38
ഫോൺ: 2572890

**AN OSSAE PUBLICATION**

**Sunday School Padavali-2**

First Revised Edition January 2012

Fourth edition: October 2015 (Reprint)

Copies 10,000

Price ₹ 50.00

# പ്രവേശിക

വിദ്യാഭ്യാസം സംശുദ്ധവും വിജയകരവുമായ ജീവിതത്തിന് ഇളം തലമുറയെ പരിശീലിപ്പിച്ച് തയ്യാറാക്കുന്ന തുടർപ്രക്രിയയും ഭാവിയിലേക്കുള്ള സമൂഹനന്മയുടെ നിക്ഷേപവുമാണ്. വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ മതങ്ങളും രാഷ്ട്രങ്ങളും പ്രത്യയശാസ്ത്രങ്ങൾപോലും പ്രയോഗിക്കുന്നുണ്ട്. ക്രിസ്തീയ പാരമ്പര്യത്തിൽ "ക്രിസ്തീയ വിദ്യാഭ്യാസം" എന്നത് സഭയുടെ ഒരു ministry (ശുശ്രൂഷ) ആയിട്ടാണ് പരിഗണിക്കുന്നത്.

ഭൗതിക വിദ്യാഭ്യാസം ഇന്ന് ഏറെ പരിവർത്തനവിധേയമായിട്ടുണ്ട് എന്നു മാത്രമല്ല, വിദ്യാഭ്യാസപദ്ധതികൾ താത്വികാടിസ്ഥാനങ്ങൾ, ഉള്ളടക്കം, ബോധന രീതികൾ, പഠിതാക്കളുടെ വിശാലപങ്കാളിത്തം, മൂല്യനിർണ്ണയരീതികൾ, അടി സ്ഥാനവിദ്യാഭ്യാസം എന്നിവകളിൽ കൂടുതൽ ഗവേഷണങ്ങളും പരീക്ഷണ ങ്ങളും നടന്നുകൊണ്ടുമിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങ ളിൽ ഈ രംഗത്ത് പരിണാമങ്ങൾ ഉണ്ടാകുന്നത് അനിവാര്യമാണ്.

സൺഡേസ്കൂൾ ഊന്നൽ നൽകുന്ന "ജീവിതവിദ്യാഭ്യാസം" ഭൗതികവിദ്യാ ഭ്യാസസമ്പ്രദായങ്ങളുടെ തനിപ്പകർപ്പല്ല. അതിന് തനതായ ഉദ്ദേശ്യലക്ഷ്യങ്ങളും ദർശനങ്ങളുമുണ്ട്. എന്നാൽ ആധുനിക ബോധനശാസ്ത്രത്തിലെ സ്വീകാര്യ മായ ചില സങ്കേതങ്ങൾ സൺഡേസ്കൂൾ പഠനപദ്ധതി ആവിഷ്കരിച്ചെടുക്കു ന്നതിൽ തെറ്റില്ല; എന്നാൽ ഓർത്തഡോക്സ് ദർശനങ്ങൾ വിസ്മൃതമാകാതി രിക്കാൻ ജാഗ്രതവേണമെന്നുമാത്രം.

ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ പാഠ്യ പദ്ധതി സമ്പൂർണ്ണമായി കാലോചിതമായി പരിഷ്കരിക്കുന്നതിന് ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ധീരമായ ഒരു തീരുമാനമെടുത്തത് ശുഭോദർക്കമാണ്. ഈദൃശ്യ സംഗതികളിൽ താല്പര്യവും അവഗാഹവുമുള്ളവരുടെ ഒരു സംഘം, തുടർച്ചയായ പഠനവും സംവാദവും സംശോധനയും നടത്തിക്കൊണ്ടാണ് ഓരോ പാഠവും തയ്യാറാക്കുന്നത്. അധ്യാപകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകു ന്നതിന് പ്രത്യേക സംവിധാനവുമുണ്ട്. പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും സമാനമായി തയ്യാറാക്കുകയാണ്. വിദേശരാജ്യങ്ങളിൽ ഈ പാഠ്യ പദ്ധതിയുടെ ഘടന അടിസ്ഥാനമാക്കി, പ്രാദേശികവും പ്രസക്തവും ഭാഷാപര വുമായി അനിവാര്യമായ വ്യത്യാസങ്ങളോടെ ഇത് നടപ്പിലാക്കാവുന്നതാണ്. എന്നാൽ അടിസ്ഥാനങ്ങളും പൊതുഘടകങ്ങളും മാറ്റാൻ പാടുള്ളതല്ല. സഭ യെയും യേശുവിന്റെ അരുമകളായ കുഞ്ഞുങ്ങളെയും സ്നേഹിക്കുന്നവർ ഈ സദുദ്ദേശത്തെ സഹർഷം സ്വാഗതം ചെയ്യും എന്ന പ്രത്യാശയോടെ ഈ ഉദ്യ മത്തെ പരിശുദ്ധ സഭയ്ക്കായി സമർപ്പിക്കുന്നു.

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ**

*പ്രസിഡന്റ്, ഓർത്തഡോക്സ് സിറിയൻ*
*സൺഡേസ്കൂൾ അസ്സോസിയേഷൻ*

## കരിക്കുലം റിവിഷൻ കമ്മിറ്റി

അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ

ഫാ. ഡോ. ഒ. തോമസ്

ഫാ. കെ.വി. തോമസ്

ഫാ. ഡോ. റജി മാത്യു

പ്രൊഫ. ഡോ. സാം വി. ഡാനിയേൽ

പ്രൊഫ. ചെറിയാൻ തോമസ്

പ്രൊഫ. ഡോ. ജിബി ജോർജ്

ശ്രീ സന്തോഷ് ബേബി എ.കെ.

മിസ് അന്നമ്മ ഫിലിപ്പോസ്

ഡോ. ഐപ്പ് വറുഗീസ്

# ആമുഖം

വിദ്യാഭ്യാസമേഖലയിൽ അദ്ധ്യയനരീതിയിൽ വന്ന മാറ്റങ്ങൾക്ക് അനുസൃതമായി സൺഡേസ്കൂൾ പാഠ്യപദ്ധതിയും പരിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നല്ലോ. എല്ലാ ക്ലാസ്സുകളിലേയ്ക്കും ഉള്ള പാഠപുസ്തകങ്ങൾ തയ്യാറായിക്കഴിഞ്ഞു എന്നുള്ളത് പ്രസ്താവിക്കുന്നതിൽ സന്തോഷിക്കുന്നു. ഈ ഉദ്യമത്തിന് മുൻകൈ എടുത്ത് നേതൃത്വം നൽകിയത് സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ് അഭിവന്ദ്യ ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായാണ്. മുൻ ഡയറക്ടർ ജനറൽ ബഹു. ഡോ. ഒ. തോമസ് അച്ചൻ കൺവീനറായും പ്രൊഫ. ഡോ. സാം വി. ദാനിയേൽ എക്സിക്യൂട്ടീവ് എഡിറ്ററായും നേതൃത്വം കൊടുത്ത ഒരു കരിക്കുലം കമ്മറ്റിയാണ് ഈ പരിഷ്കരണത്തിന് നേതൃത്വം കൊടുത്തത്. ഈ പുസ്തകം തയ്യാറാക്കുന്നതിൽ കരിക്കുലം കമ്മറ്റിയോടൊപ്പം സഹകരിച്ച ഫാ. പി.വി. ജോൺ, ഫാ. നൈനാൻ കെ. ജോർജ്, ഫാ. ഡോ. റെജി മാത്യു, ഫാ. കെ.വി തോമസ്, ഫാ. കെ.വി. ഏലിയാസ്, പ്രൊഫ. ചെറിയാൻ തോമസ്, മിസ് അന്നമ്മ ഫിലിപ്പോസ്, മിസ്സസ് രോഹിണി വർഗീസ് എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

ലോകജ്ഞാനത്തിനായുള്ള പരക്കംപാച്ചിലിനിടയിൽ ദൈവികജ്ഞാനം സമ്പാദിക്കുവാനുള്ള അവസരം നഷ്ടപ്പെടുത്തിയാൽ ക്രിസ്തീയജീവിതം പൂർണ്ണമാകയില്ലായെന്ന് കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകരും മനസ്സിലാക്കണം. ക്രിസ്തുവും ശിഷ്യന്മാരും തമ്മിൽ വളർത്തിയെടുത്ത ഗുരു-ശിഷ്യസ്നേഹബന്ധമാണ് സൺഡേസ്കൂൾ അദ്ധ്യയനത്തിന്റെ അടിസ്ഥാനപ്രമാണം. ഈ പ്രമാണം സ്വീകരിച്ചുകൊണ്ട് വിഷയങ്ങൾ കുട്ടികളിലേക്ക് സംവേദിക്കുവാൻ ഇതിലെ അവതരണരീതി അദ്ധ്യാപകർക്കും കുട്ടികൾക്കും ഒരുപോലെ സഹായകമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

ദേവലോകം
01-10-2015

**ഫാ. ഡോ. റെജി മാത്യു**
ഡയറക്ടർ ജനറൽ

പ്രിയ അദ്ധ്യാപക സഹോദരങ്ങളെ,

നമ്മുടെ സൺഡേസ്കൂൾ പാഠ്യപദ്ധതി സമ്പൂർണ്ണമായി പരിഷ്കരിക്കുകയാണ്. പാഠങ്ങളുടെ ഉള്ളടക്കത്തിലും ഘടനയിലും കാലികമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. കുട്ടികൾക്കുള്ള പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപകർക്കായി 'പാഠ്യസഹായി' എന്ന കൈപുസ്തകവും തയ്യാറാക്കുകയാണ്. ഈ ക്രമീകരണം അദ്ധ്യാപകർക്കും കുട്ടികൾക്കും കൂടുതൽ സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

ബാലപാഠം മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പഠനകാലഘട്ടത്തെ അഞ്ച് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| 1. | ബേത്‌ലഹേം | ബാലപാഠം ക്ലാസ്സ് | 5 വയസ്സുവരെ |
| 2. | നസ്രേത്ത് | ക്ലാസ്സ് 1 മുതൽ 3 വരെ | 5 മുതൽ 7 വരെ |
| 3. | ഗലീലി | ക്ലാസ്സ് 4 മുതൽ 7 വരെ | 8 മുതൽ 11 വരെ |
| 4. | യരുശലേം | ക്ലാസ്സ് 8 മുതൽ 10 വരെ | 12 മുതൽ 14 വരെ |
| 5. | താബോർ | ക്ലാസ്സ് 11 ഉം 12 ഉം | 15 മുതൽ 16 വരെ |

ഇതിലെ നസ്രേത്ത് വിഭാഗത്തിലെ രണ്ടാം ക്ലാസ്സിലേക്കുള്ള പാഠപുസ്തകമാണിത്. പാഠപുസ്തകത്തിലെ വിവിധ പാഠങ്ങളുടെ ഘടന പരിചയപ്പെടുത്തുകയാണ്.

1. മുഖ്യസന്ദേശം: ഓരോ പാഠത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരേണ്ട പ്രധാന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. പാഠാവതരണസമയത്ത് ഈ ആശയത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതാണ്.
2. മന:പാഠവാക്യം: ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വേദവാക്യം കുട്ടികൾ ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം ക്ലാസ്സിന്റെ അവസാനം വി. വേദപുസ്തകത്തിൽനിന്ന് ടീച്ചർ കുട്ടികളെ വായിച്ച് കേൾപ്പിക്കുകയും പല പ്രാവശ്യം ഏറ്റു പറയിക്കുകയും ചെയ്യണം. കൂടാതെ ഈ വാക്യം റഫറൻസ് സഹിതം കാണാതെ പറയുവാൻ കുട്ടികളെ പ്രേരിപ്പിക്കുകയും വേണം.
3. പഠനസഹായികൾ: പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി അവതരിപ്പിക്കുവാൻ ഉപയോഗിക്കാവുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ, വി. വേദപുസ്തകം തുടങ്ങിയവ ക്ലാസ്സിൽ ക്രമീകരിക്കുവാൻ ശ്രദ്ധിക്കണം.
4. പാഠപരിചയം: ഓരോ പാഠത്തിന്റെയും പ്രധാന ആശയം വളരെ ചുരുങ്ങിയ വാക്കുകളിൽ ഈ ഭാഗത്ത് നൽകിയിരിക്കുന്നു. പാഠത്തെക്കുറിച്ചുള്ള ഒരു ഏകദേശ ധാരണ ലഭിക്കുവാൻ ഇത് സഹായകരമാണ്.

5. ആമുഖം: പാഠഭാഗത്തിന്റെ അവതരണം ഏറ്റവും ആകർഷകവും ആസ്വാദ്യകരവുമാക്കുവാൻ ഈ ഭാഗം സഹായിക്കുന്നു. വളരെ ലളിതമായ ചോദ്യങ്ങളും കുട്ടികളുടെ ജീവിതത്തിലെ സംഭവങ്ങളും നമുക്ക് ചുറ്റും കാണുന്ന കാര്യങ്ങളുമൊക്കെയാണ് ഇവിടെ പ്രതിപാദിക്കുന്നത്. ആമുഖം വളരെ ലളിതവും രസകരവുമായെങ്കിലേ തുടർന്നുള്ള പഠനം എളുപ്പമാകൂ. അതിനാൽ ഈ ഭാഗത്ത് തന്നിരിക്കുന്ന വിവരങ്ങൾ നന്നായി വായിച്ച് ഏറ്റവും നന്നായി അവതരിപ്പിക്കുവാൻ ശ്രദ്ധിക്കുക.

6. പാഠഭാഗം: പാഠത്തിന്റെ ഉള്ളടക്കമാണിത്. ഇത് കഴിയുന്നത്ര വിദ്യാർത്ഥി കേന്ദ്രീകൃതമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്ക് നല്ല പങ്കാളിത്തമുണ്ടാകത്തക്കവിധത്തിൽ വേണം ആശയങ്ങൾ അവതരിപ്പിക്കുവാൻ. വി. വേദപുസ്തകം ടീച്ചർ ക്ലാസ്സിൽ കൊണ്ടുപോകണം. വേദഭാഗങ്ങൾ എടുത്തു വായിച്ച് കേൾപ്പിക്കണം. വിവരണങ്ങൾ മിക്കതും കഥ പറയുംപോലെയാവണം. കുട്ടികളോട് ചോദ്യങ്ങൾ ചോദിച്ച് അവരെ ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കണം. പ്രധാന ആശയങ്ങൾ വരുമ്പോൾ ഒന്നിച്ച് ഏറ്റു പറയിക്കണം. ഇടയ്ക്കിടെ നിർത്തി ഒന്നുരണ്ട് ചോദ്യങ്ങൾ ചോദിച്ചിട്ട് തുടരുവാനായി അല്പം നിർത്താം...ചിന്തിക്കാം എന്നൊരു ഭാഗം നൽകിയിട്ടുണ്ട്. ഇവിടെ തന്നിരിക്കുന്ന ചോദ്യങ്ങൾ കുട്ടികളോട് ചോദിക്കണം. പാഠഭാഗത്തുതന്നെ പലയിടത്തും പാട്ടുകളും ചിത്രകഥയും ലഘുനാടകവും ഒക്കെ കൊടുത്തിട്ടുണ്ട്. അത് കുട്ടികളെക്കൊണ്ട് പാടിക്കുകയും വായിച്ചുകേൾപ്പിക്കുകയും അഭിനയിപ്പിക്കുകയും ചെയ്യണം. പ്രാർത്ഥന, ആരാധനാഗീതം, നല്ല ശീലങ്ങൾ, എന്റെ പള്ളി തുടങ്ങിയവയ്ക്ക് പ്രത്യേക യൂണിറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. പ്രാർത്ഥന എന്ന യൂണിറ്റിന്റെ ലക്ഷ്യം കുഞ്ഞുങ്ങൾ പതിവായി വൈകുന്നേരത്തും പ്രഭാതത്തിലും പ്രാർത്ഥിക്കുന്നവരാകുക എന്നതാണ്. അതിനായി അവരെ ഉത്സാഹിപ്പിക്കണം. അതാത് പാഠങ്ങളിൽ വ്യക്തമായ വിവരണം നൽകിയിട്ടുണ്ട്. അതനുസരിച്ച് കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

7. നമുക്ക് ചിന്തിക്കാം: പാഠഭാഗത്തിലെ ആശയങ്ങൾ എത്രമാത്രം കുട്ടികൾ ഗ്രഹിച്ചു എന്ന് പരിശോധിക്കുന്നതിനായി നൽകിയിരിക്കുന്ന ചോദ്യങ്ങളാണ് ഇവ. ഈ ചോദ്യങ്ങൾ ടീച്ചർ ക്ലാസ്സിൽ ചോദിക്കണം. ഉത്തരമെഴുതുവാനുള്ള സ്ഥലം നൽകിയിട്ടുണ്ട്. ടീച്ചറിനോ മാതാപിതാക്കൾക്കോ അവിടെ ഉത്തരം എഴുതികൊടുക്കാവുന്നതാണ്.

8. പ്രവർത്തനങ്ങൾ: ഈ ഭാഗത്ത് നൽകിയിരിക്കുന്നവ പലതും അഭിനയിക്കാനും വരയ്ക്കാനും ചെയ്തു കാണിക്കാനും കഥ പറയാനും ഒക്കെയുള്ളതാണ്. അവ കുട്ടികളെക്കൊണ്ട് ചെയ്യിക്കാൻ ശ്രദ്ധിക്കണം. പാഠങ്ങളുടെ എണ്ണം കുറച്ചിട്ടുള്ളതിനാൽ ഈ പ്രവർത്തനങ്ങൾക്കുകൂടി സമയം കിട്ടുമെന്ന് കരുതുന്നു.

9. നമുക്ക് പാടാം: പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. അത് ടീച്ചർ പാടിക്കൊടുക്കുകയും കുട്ടികൾ ഏറ്റു പാടുകയും വേണം. പലതും ലളിതമായ പാട്ടുകളാണ്. അതിനാൽ എളുപ്പം പാടാവുന്നവയാണ്. ഒ.വി.ബി.എസ്സിന്റെ ഗാനങ്ങളും ചേർത്തിട്ടുള്ളതിനാൽ പലതും കുട്ടികൾക്ക് പരിചയമുള്ളവയായിരിക്കും. സംഗീതാഭിരുചിയുള്ള അദ്ധ്യാപകരുടെ സഹായം ടീച്ചർക്ക് തേടാവുന്നതാണ്. പാട്ടുകൾ പാടുമ്പോൾ അനുയോജ്യമായ ചില ആക്ഷൻകൂടി കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നത് നന്നായിരിക്കും.

10. നമുക്ക് പ്രാർത്ഥിക്കാം: പാഠഭാഗത്തിലെ ആശയവുമായി ബന്ധപ്പെട്ട ഒരു ലഘുപ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥന ടീച്ചറിന് കുട്ടികളോടൊപ്പം ക്ലാസ്സിൽതന്നെ നടത്താവുന്നതാണ്. എല്ലാവരും എഴുന്നേറ്റുനിന്ന് കുരിശുവരച്ച് വേണം പ്രാർത്ഥിക്കുവാൻ. ടീച്ചർ ചൊല്ലിക്കൊടുക്കുമ്പോൾ എല്ലാവരും ചേർന്ന് ഏറ്റു ചൊല്ലി പ്രാർത്ഥിക്കണം.

11. നിശ്ചയം: ഒരു തീരുമാനംപോലെ കുട്ടികളുടെ മനസ്സിനെ സ്പർശിക്കുന്നതും അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്നതുമായ ഒരു ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ ആശയം കുട്ടികളെക്കൊണ്ട് പറയിക്കണം.

12. തുടർവായനയ്ക്ക്: പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ ഒരാഴ്ച വിവിധ ദിവസങ്ങളിൽ വൈകുന്നേരവും രാവിലെയും വായിക്കുന്നതിനും അല്ലെങ്കിൽ വായിച്ച് കേൾക്കുന്നതിനും നൽകിയിരിക്കുന്നു. ഓരോ ഞായറാഴ്ചയും വൈകുന്നേരംമുതൽ അടുത്ത ഞായറാഴ്ച രാവിലെവരെ വായിക്കുന്നതിനുള്ള വേദഭാഗങ്ങളാണ് നൽകിയിരിക്കുന്നത്. വീട്ടിലെ പ്രാർത്ഥനാ സമയത്ത് ഓരോ ദിവസവും ഈ ഭാഗങ്ങൾ മാതാപിതാക്കൾ വായിച്ച് കേൾപ്പിക്കുവാൻ അവരെ പ്രേരിപ്പിക്കണം ഈ പരിശീലനം പതിവായ കുടുംബപ്രാർത്ഥനയ്ക്കും തിരുവചനധ്യാനത്തിനും പ്രേരകമാകും എന്ന് പ്രത്യാശിക്കുന്നു.

നസ്രേത്ത് വിഭാഗത്തിൽ വാചാപരീക്ഷയാണ് നടത്തുന്നത്. അതിനാൽ ക്ലാസ്സിൽ കുട്ടികൾ നന്നായി ഉത്തരങ്ങൾ പറഞ്ഞു കേൾപ്പിക്കുവാൻ പ്രേരിപ്പിക്കണം. കുട്ടികൾ ക്ലാസ്സിൽ വളരെ ഉത്സാഹമുള്ളവരായിരിക്കണം. ഒരു വിദ്യാർത്ഥി സൗഹൃദമായ അന്തരീക്ഷം ക്ലാസ്സിൽ സൃഷ്ടിക്കുവാൻ അദ്ധ്യാപകർക്കു കഴിയണം.

സഭയിലെ വളർന്നുവരുന്ന തലമുറയെ ആത്മീയമായി പരിശീലിപ്പിക്കുകയും സത്യവിശ്വാസത്തിലും സത്യാരാധനയിലും ഉറപ്പിക്കുന്നതിലും

ഗണ്യമായ പങ്കു വഹിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സൺഡേസ്കൂൾ അദ്ധ്യാപകർ ചെയ്യുന്ന സേവനം നിസ്തുലമാണ്. പുതിയ പാഠ്യപദ്ധതിയുടെ വിജയകരവും ഭാവനാപൂർണ്ണവുമായ നടത്തിപ്പിൽ നമ്മുടെ എല്ലാ അദ്ധ്യാപകരുടെയും പരിപൂർണ്ണമായ സഹകരണം ഉണ്ടായേ മതിയാവൂ. പഴയ രീതികളിൽ നിന്നും പുതിയ പദ്ധതി ഒരു നല്ല അളവുവരെ വിഭിന്നമാകയാൽ അദ്ധ്യാപകർ ശ്രദ്ധയോടുകൂടി പുതിയ പാഠ്യപദ്ധതിയും പാഠ്യരീതിയും കൈകാര്യം ചെയ്യേണ്ടതാണ്. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ഞങ്ങളെ അറിയിക്കണമെ. പരിശുദ്ധ സഭയ്ക്കുവേണ്ടി നമ്മുടെ സൺഡേസ്കൂൾ അദ്ധ്യാപകർ നിർവ്വഹിക്കുന്ന ഈ സൽകർമ്മത്തിന് സ്നേഹമൂർത്തിയായ ദൈവത്തിന്റെ അനുഗ്രഹാശീർവാദങ്ങൾ സമൃദ്ധിയായി ഉണ്ടാകട്ടെ.

**ഡോ. സാം വി. ഡാനിയേൽ**

*എക്സിക്യൂട്ടീവ് എഡിറ്റർ*

# ഉള്ളടക്കം


**യൂണിറ്റ് ഒന്ന്: വേദപുസ്തക കഥകൾ**

പാഠം ഒന്ന്: ഏദൻതോട്ടം 11

പാഠം രണ്ട്: നോഹയുടെ പെട്ടകം 19

പാഠം മൂന്ന്: അബ്രഹാമും ദൈവദൂതന്മാരും 25

പാഠം നാല്: വിധവയുടെ ദാനശീലം 31

പാഠം അഞ്ച്: ആട്ടിടയൻ രാജാവായി 36

പാഠം ആറ്: വിദ്വാന്മാരുടെ ആഗമനം 43

പാഠം ഏഴ്: കാനായിലെ കല്യാണം 50

പാഠം എട്ട്: യേശുവും കുഞ്ഞുങ്ങളും 55

പാഠം ഒൻപത്: യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നു 59

പാഠം പത്ത്: യേശു സ്നേഹിച്ച കുടുംബം 65

**യൂണിറ്റ് രണ്ട്: പ്രാർത്ഥന**

പാഠം പതിനൊന്ന്: നമുക്ക് പതിവായി പ്രാർത്ഥിക്കാം 72

പാഠം പന്ത്രണ്ട്: നമുക്ക് കൗമാ പ്രാർത്ഥിക്കാം 78

പാഠം പതിമൂന്ന്: നമുക്ക് നോമ്പ് അനുഷ്ഠിച്ച് പ്രാർത്ഥിക്കാം 83

**യൂണിറ്റ് മൂന്ന്: ആരാധനാ ഗീതങ്ങൾ**

പാഠം പതിനാല്: നമുക്ക് പാടി ദൈവത്തെ ആരാധിക്കാം 89

പാഠം പതിനഞ്ച്: നമുക്ക് പാടി മദ്ധ്യസ്ഥത അണയ്ക്കാം 93

**യൂണിറ്റ് നാല്: എന്റെ പള്ളി**

പാഠം പതിനാറ്: പള്ളി ആരാധനയുടെ പ്രാധാന്യം 97

പാഠം പതിനേഴ്: പള്ളിയിൽ എങ്ങനെ വർത്തിക്കണം? 102

**യൂണിറ്റ് അഞ്ച്: മഹദ്വ്യക്തി പരിചയം**

പാഠം പതിനെട്ട്: ശിശു സഹദേന്മാർ 106

പാഠം പത്തൊൻപത്: വി. കുറിയാക്കോസ് സഹദാ 111

**യൂണിറ്റ് ആറ്: നല്ല ശീലങ്ങൾ**

പാഠം ഇരുപത്: ശുചിത്വം 116

പാഠം ഇരുപത്തിഒന്ന്: നല്ല സുഹൃത്തായിരിക്കുക 120


| അർദ്ധവാർഷിക പരീക്ഷയ്ക്കു മുൻപ് പഠിക്കേണ്ട പാഠങ്ങൾ |
|---|
| അദ്ധ്യായങ്ങൾ |
| 1, 2, 3, 4, 5, 11, 12, 14, 16, 18, 20, 22, 24 |

## യൂണിറ്റ് ഒന്ന്

# വേദപുസ്തക കഥകൾ

### പാഠം ഒന്ന്

## ഏദൻതോട്ടം

(ഉല്പത്തി പുസ്തകം 1, 2 അദ്ധ്യായങ്ങൾ)

**മുഖ്യസന്ദേശം** : ഈ പ്രപഞ്ചത്തെ മുഴുവൻ ദൈവം സൃഷ്ടിച്ചതാണ്. ഇവയെല്ലാം ശ്രദ്ധിച്ചാൽ ദൈവത്തിന്റെ മഹത്വം നമുക്ക് മനസ്സിലാക്കാം.

**മന:പാഠവാക്യം** : ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു
ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു
(സങ്കീർത്തനങ്ങൾ 19:1)

**പഠനസഹായികൾ**: 1. ഏദൻതോട്ടത്തിന്റെ ഒരു ചിത്രം
2. കിളികൾ, മൃഗങ്ങൾ, പഴങ്ങൾ തുടങ്ങിയവയുടെ ചിത്രങ്ങൾ

### പാഠപരിചയം

നാം ഈ കാണുന്ന പ്രപഞ്ചംമുഴുവൻ ദൈവം സൃഷ്ടിച്ചതാണ്. ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പക്ഷികളും മൃഗങ്ങളും ഇഴജന്തുക്കളും, മത്സ്യങ്ങളും മനുഷ്യനുമെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണ്. ദൈവം 6-ാം ദിവസം മനുഷ്യനെ സൃഷ്ടിച്ച് മനോഹരമായ ഏദൻതോട്ടത്തിൽ താമസിപ്പിച്ചു. അവിടെവച്ച് സാത്താന്റെ പ്രേരണയാൽ ദൈവത്തോട് അനുസരണക്കേട് കാട്ടിയ ആദാമിനെയും ഹവ്വായെയും ദൈവം തോട്ടത്തിൽനിന്നു പുറത്താക്കി. ഈ സംഭവങ്ങളാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

### ആമുഖം

നാമിപ്പോൾ എവിടെയാണ് ജീവിക്കുന്നത്? ഭൂമിയിൽ ആണല്ലോ? ഈ ഭൂമിയിൽ നമ്മളെ കൂടാതെ എന്തെല്ലാമുണ്ട്? പക്ഷികൾ, മൃഗങ്ങൾ, ചെടികൾ അങ്ങനെ ഏതെല്ലാം തരത്തിലുള്ള ജീവജാലങ്ങൾ ഈ ഭൂമിയിലുണ്ട്. ഇതെല്ലാം എത്ര മനോഹരമാണ് അല്ലേ? പൂക്കൾ ഉള്ള ചെടികൾ, പഴങ്ങൾ തരുന്ന മരങ്ങൾ, നാം വളർത്തുന്ന മൃഗങ്ങൾ, വനത്തിൽ ജീവിക്കുന്ന മൃഗങ്ങൾ ഇവയുടെയൊക്കെ പേരുകൾ പറയാമോ? ഇവയെല്ലാം

സൃഷ്ടിച്ചതാരാണെന്നറിയാമോ? ദൈവം. അതെ, ദൈവമാണ് ഇവയെല്ലാം സൃഷ്ടിച്ചത്. ഇതെല്ലാം ദൈവം ഒരു ദിവസംകൊണ്ട് സൃഷ്ടിച്ചതല്ല. പല ദിവസങ്ങളിലായി ദൈവം ഈ ജീവജാലങ്ങളെയെല്ലാം സൃഷ്ടിച്ചുണ്ടാക്കിയ കഥയാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ഈ കാണുന്നതെല്ലാം സൃഷ്ടിച്ചത് ദൈവമാണ് എന്ന് നാം കേട്ടല്ലോ. ദൈവം ആദ്യം സൃഷ്ടിച്ചത് എന്താണെന്ന് കേൾക്കണ്ടേ? ആകാശവും ഭൂമിയും. വേദപുസ്തകത്തിലെ ആദ്യത്തെ പുസ്തകമായ ഉല്പത്തി പുസ്തകത്തിന്റെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളിലാണ് ദൈവത്തിന്റെ സൃഷ്ടിയെപ്പറ്റി പറഞ്ഞിരിക്കുന്നത്. ഉല്പത്തിപുസ്തകം ഒന്നാം അദ്ധ്യായം ഒന്നാം വാക്യം, അതായത് വേദപുസ്തകത്തിലെ ആദ്യത്തെ വാക്യം, ടീച്ചർ നിങ്ങളെ വായിച്ച് കേൾപ്പിക്കും. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." ഈ വാക്യം രണ്ടുമൂന്ന് പ്രാവശ്യം ആവർത്തിച്ച് പറയുക.

ഭൂമിയിൽ ആ സമയത്ത് ഒന്നും ഉണ്ടായിരുന്നില്ല. പിന്നീട് ദൈവം ഓരോ ദിവസങ്ങളിലായി വെളിച്ചം, സമുദ്രം, വൃക്ഷങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ തുടങ്ങിയവയെല്ലാം സൃഷ്ടിച്ചു. താൻ സൃഷ്ടിച്ചതെല്ലാം നല്ലത് എന്നു ദൈവം കണ്ടു. ഇതെല്ലാം ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ ദൈവം ആലോചിച്ചു. "ഇതിനേക്കാൾ ഏറ്റവും സുന്ദരമായ ഒരു സൃഷ്ടി നടത്തണം. അത് എന്റെ രൂപത്തിലുള്ള ഒരു മനുഷ്യനെയാണ്" അങ്ങനെ ദൈവം നിലത്തെ മണ്ണ് കുഴച്ച് ഒരു രൂപമുണ്ടാക്കി. അത് മനുഷ്യന്റെ രൂപമായിരുന്നു. നിങ്ങളൊക്കെ കളിക്കുമ്പോൾ ചിലപ്പോൾ മണ്ണുകുഴച്ച് അപ്പമൊക്കെ ഉണ്ടാക്കുകയില്ലേ? അതുപോലെ. എന്നിട്ട് ദൈവം ആ മനുഷ്യന്റെ മൂക്കിൽ ഊതി. അപ്പോൾ അത്ഭുതം പോലെ ആ രൂപം ജീവനുള്ളതായി സംസാരിക്കാനും നടക്കാനും ചിരിക്കാനും ഒക്കെ തുടങ്ങി. അങ്ങനെയാണ് ദൈവം ആദിമനുഷ്യനെ സൃഷ്ടിച്ചത്. അവന് ദൈവം 'ആദാം' എന്ന് പേരിട്ടു. എന്നിട്ട് ദൈവം മനോഹരമായ ഒരു തോട്ടം ഉണ്ടാക്കി ആദാമിനെ അവിടെ താമസിപ്പിച്ചു. ആ തോട്ടത്തിന്റെ പേര് 'ഏദൻ തോട്ടം' എന്നായിരുന്നു.

### അല്പം നിർത്താം ചിന്തിക്കാം...

ആദിയിൽ ദൈവം സൃഷ്ടിച്ചതെന്ത്?

.....................................................................................................

ദൈവം തന്റെ രൂപത്തിൽ സൃഷ്ടിച്ചതെന്ത്?

.....................................................................................................

ആദിമനുഷ്യന്റെ പേരെന്ത്?

.....................................................................................................

ആദിമനുഷ്യനെ പാർപ്പിച്ച തോട്ടം ഏത്?

.....................................................................................................

അന്ന് ഭൂമിയിൽ മനുഷ്യനായി ആദാം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒറ്റയ്ക്കിരിക്കുന്നത് ആദാമിന് ഇഷ്ടമുണ്ടായിരുന്നില്ല. നിങ്ങൾക്ക് വീട്ടിൽ ഒറ്റയ്ക്കിരിക്കുന്നത് ഇഷ്ടമാണോ? അതുപോലെ ആദാമിനും ഒറ്റയ്ക്കിരിക്കുന്നത് ഒരു ബുദ്ധിമുട്ടായി തോന്നി. ഇത് മനസ്സിലാക്കിയ ദൈവം അവന് കൂട്ടിനായി ഒരാളെകൂടി ഉണ്ടാക്കിക്കൊടുക്കണം എന്ന് തീരുമാനിച്ചു.

ഏദൻതോട്ടത്തിൽ ദൈവം ആദാമിനെ ഉറക്കി കിടത്തി. ആദാം ഉറങ്ങിക്കിടന്നപ്പോൾ അവന്റെ വാരിയെല്ലിൽ ഒന്ന് എടുത്ത് ഒരു സ്ത്രീയെ ഉണ്ടാക്കി. അവൾക്ക് 'ഹവ്വ' എന്നു പേരിട്ടു. ആദാമിന് അവളെ വളരെ ഇഷ്ടമായി. അങ്ങനെ ആദാമും ഹവ്വയും ഒന്നിച്ച് മനോഹരമായ ഏദൻതോട്ടത്തിൽ സന്തോഷത്തോടെ ജീവിച്ചു. എല്ലാത്തരം പഴങ്ങളും, ശുദ്ധമായ ജലമുള്ള നദികളും, ചെടികളുമെല്ലാം അവിടെയുണ്ടായിരുന്നു. എല്ലാ ദിവസവും ദൈവം അവരുടെ അടുത്ത് വരുമായിരുന്നു. അവർ ദൈവത്തോടൊപ്പം കളിക്കുകയും ഒന്നിച്ച് നടക്കുകയും സന്തോഷിക്കുകയുമൊക്കെ ചെയ്യുമായിരുന്നു.

ഇതെല്ലാം സൃഷ്ടിക്കുവാൻ ദൈവം എത്ര ദിവസം എടുത്തു എന്നറിയണ്ടേ? 'ആറ് ദിവസം'. എന്നിട്ട് ഏഴാം ദിവസം ദൈവം സ്വസ്ഥമായിരുന്നു. ആ ദിവസത്തെ ദൈവം ശുദ്ധീകരിച്ചു. ആ ദിവസത്തെയാണ് 'ശാബത് ദിവസം' എന്നു വിളിക്കുന്നത്. ഇതിന്റെ ഓർമ്മയ്ക്കായിട്ടാണ് ആഴ്ചയിലെ ഒരു ദിവസം, ഞായറാഴ്ച, നാമും വിശുദ്ധമായി ആചരിക്കുന്നത്. അന്ന് നമ്മുടെ മറ്റു പഠനങ്ങളിൽനിന്നും ജോലികളിൽനിന്നും മാറി ദൈവത്തെ സ്തുതിക്കാനും വി.കുർബ്ബാനയിൽ പങ്കെടുക്കാനും സൺഡേസ്കൂൾ പഠിക്കാനും നാം ഉത്സാഹം കാട്ടുന്നു. ഇത് ദൈവത്തിന് എന്ത് ഇഷ്ടമാണെന്നോ?

**അല്പം നിർത്താം ചിന്തിക്കാം...**

ദൈവം ആദമിന് കൂട്ടായി സൃഷ്ടിച്ചതാരെ?...

..................................................................................................................

ദൈവം സകലതിനെയും സൃഷ്ടിച്ചത് എത്രദിവസംകൊണ്ടാണ്?

..................................................................................................................

ദൈവം ഏഴാം ദിവസത്തെ വിശുദ്ധീകരിച്ചു. ആ ദിവസത്തെ വിളിക്കുന്നത് എന്ത്?

..................................................................................................................

ദൈവം അവരോടു പറഞ്ഞു നിങ്ങൾ തോട്ടത്തിന്റെ നടുവിൽ നില്ക്കുന്ന വൃക്ഷത്തിലെ പഴം മാത്രം പറിച്ചു തിന്നരുത് എന്ന്. അവർ അത് അനുസരിച്ച് ജീവിക്കുകയായിരുന്നു. ഒരു ദിവസം ചതിയനായ സാത്താൻ പാമ്പിന്റെ രൂപത്തിൽ ഹവ്വായുടെ അടുത്തുവന്ന് അവളെ നിർബ്ബന്ധിച്ച് പഴം പറിച്ചു തിന്നുവാൻ പ്രേരിപ്പിച്ചു.

നിങ്ങളുടെ പപ്പായോ, മമ്മിയോ, അധ്യാപകരോ ചെയ്യരുത് എന്നു പറയുന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യുമോ? കൂട്ടുകാർ നിർബന്ധിച്ചാൽ ചെയ്യുമോ?...ഒരിക്കലും ചെയ്യരുത്. ഇവിടെ ഹവ്വ ഈ പഴം പറിച്ചുതിന്നു. ആദാമിനും കൊടുത്തു. അവനുംതിന്നു. അങ്ങനെ അവർ അനുസരണക്കേടു കാണിച്ചു. ഇത് ദൈവത്തിന് ഒട്ടും ഇഷ്ടമായില്ല. ദൈവം അവരെ തോട്ടത്തിൽനിന്ന് പുറത്താക്കിയിട്ട് തോട്ടത്തിന്റെ വാതിക്കൽ മാലാഖമാരെ വാളുമായി കാവലും നിർത്തി.

നമ്മൾ ഇതുപോലെ അനുസരണക്കേടു കാണിക്കുമ്പോൾ പപ്പായും മമ്മിയും ഒക്കെ നമ്മെ വഴക്കു പറയുകയും അടിക്കയും ഒക്കെ ചെയ്യാറില്ലേ? അതെല്ലാം അവർക്ക് നമ്മോടുള്ള ദേഷ്യം കൊണ്ടല്ല. നമ്മൾ നല്ലവരായി വളരാൻവേണ്ടിയാണ്.

ഇതുപോലെ ദൈവത്തിനും നമ്മോട് ദേഷ്യമില്ല. എപ്പോഴും സ്നേഹമാണ്. എന്നാൽ നാം തെറ്റു ചെയ്യുന്നത് ദൈവത്തിന് ഇഷ്ടമില്ല. നല്ല കുഞ്ഞുങ്ങളായി വളരണം. അതാണ് ദൈവത്തിന് ഇഷ്ടം.

ഈ കഥ എല്ലാവർക്കും ഇഷ്ടമായല്ലോ. ഇനി, താഴെക്കാണുന്ന ചിത്രകഥ നമുക്ക് വായിക്കാം. ടീച്ചർ വായിച്ചു തരും. എല്ലാവരും ചിത്രം നോക്കി ശ്രദ്ധയോടെ കേൾക്കുക.




എന്നോടാ സിംഹക്കുട്ടനാണ് പറഞ്ഞത്
ഹമ്പട കുഞ്ഞാ നീ കാര്യങ്ങളെല്ലാം കേട്ടറിഞ്ഞു!
നിന്നോട് ഞാൻ ഇതുവരെ എന്തെങ്കിലും **'തിന്നരുത്'** എന്നു പറഞ്ഞിട്ടുണ്ടോ?
ഇല്ലമ്മേ... എന്താ അങ്ങനെ പറഞ്ഞത്?
അരുതെന്നു പറഞ്ഞാൽ നീ അനുസരിക്കില്ലേ?
എന്താണമ്മ അങ്ങനെ പറയുന്നത്. ഞാൻ കേൾക്കില്ലേ?
ആനയമ്മ ഒരല്പം ഗൗരവത്തിലായി
എന്നാൽ ആദവും ഹൗവ്വയും കേട്ടില്ല!
തിന്നരുതെന്നു പറഞ്ഞ ഫലം തിന്നതിനാണ് അവരെ ഈ പൂന്തോട്ടത്തിൽ നിന്നും പുറത്താക്കിയത്.


വാളുമായി രണ്ടു മാലാഖമാരെ കാവൽ നിർത്തി. ഈ കാണുന്ന പ്രകൃതി മുഴുവൻ നമ്മുടേതാണ്. പക്ഷേ...
എന്തു പക്ഷേ?
ദൈവം എന്തെങ്കിലും കല്പിച്ചാൽ നാമതു അനുസരിച്ചേ മതിയാവൂ...
അമ്മയെ ഞാനു അനുസരിക്കുന്നതു പോലെ, അല്ലേ?
ഹി...ഹി...ഹി... അതേയതേ... മാതാ.. പിതാ.. ഗുരു ദൈവം!

## നമുക്ക് ചിന്തിക്കാം

1. ദൈവം ആദ്യം സൃഷ്ടിച്ചതെന്ത്?

 ..........................................................................................

2. ആദിമനുഷ്യർ ആരെല്ലാമായിരുന്നു?

 ..........................................................................................

3. ആദാമിനെയും ഹവ്വയെയും ദൈവം പാർപ്പിച്ചതെവിടെ?

 ..........................................................................................

4. ആദിമനുഷ്യരെ ചതിച്ചതാര്?

 ..........................................................................................

5. അവർ എന്ത് തെറ്റാണ് ചെയ്തത്?

 ..........................................................................................

6. ദൈവം അവർക്ക് നല്കിയ ശിക്ഷ എന്തായിരുന്നു?

 ..........................................................................................

## പ്രവർത്തനങ്ങൾ

1. ഭൂമിയിൽ ദൈവം സൃഷ്ടിച്ച ചില മൃഗങ്ങളുടെയും പക്ഷികളുടെയും പേര് പറയാമോ?

 ..........................................................................................

2. മുകളിൽ പറഞ്ഞ ചിത്രകഥയിലെ കഥാപാത്രങ്ങളായി അഭിനയിക്കുക

## പദപരിചയം

വൃത്തത്തിനുള്ളിലെ അക്ഷരങ്ങൾ ചേർത്ത് വായിക്കുക.

1. ദൈന്യത ഏവം
2. ആന പാദം
3. ഹരി ചൊവ്വ
4. സായിപ്പ് പത്തായം തേൻ
5. അനുതാപം സഹനം മരണം
6. ഏഴ് ദയ ഞാൻ തോട് പട്ടം

## നമുക്ക് പാടാം

നമ്മൾക്കുണ്ടൊരു പൂന്തോട്ടം
സ്വർഗ്ഗത്തിലെ പൂന്തോട്ടം
എന്തൊരു സുന്ദര പൂന്തോട്ടം
ദൈവത്തിന്റെ പൂന്തോട്ടം

ആദിമനുഷ്യർ പാർത്തപ്പോൾ
അനുസരണക്കേടതു കാട്ടി
മോഹക്കനിയതു ഭക്ഷിച്ചു
തോട്ടത്തിന്റെ പുറത്തായി

കാതുകളേകാം നാഥന്നായ്
അവനുടെ വഴിയെ നടന്നീടാം
അവനൊടു നിത്യം പ്രാർത്ഥിക്കാം
ദൈവത്തിന്നായ് ജീവിക്കാം

## നമുക്ക് പ്രാർത്ഥിക്കാം

ദൈവമേ, ആകാശവും ഭൂമിയും ജീവജാലങ്ങളും നിർമ്മിച്ച ദൈവം അവിടുന്നാകുന്നുവല്ലോ. ആരെയും വേദനിപ്പിക്കാതെ എല്ലാവരെയും സ്നേഹിക്കുവാനും സഹായിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ നിത്യം നിന്റെ കല്പനകൾ അനുസരിച്ച് നിന്റെ വഴികളിൽ നടക്കുമാറാകണമേ...ആമ്മീൻ.

### നിശ്ചയം

**എല്ലാ ജീവികളെയും ചെടികളെയും വൃക്ഷങ്ങളെയും ഞങ്ങൾ സ്നേഹിക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യും.**
**ഒരിക്കലും അനുസരണക്കേടു കാണിക്കുകയില്ല.**
**മാതാപിതാക്കളെയും അധ്യാപകരേയും മുതിർന്നവരേയും ഞങ്ങൾ അനുസരിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ഉല്പത്തി 1: 1–13 |
| തിങ്കൾ | സങ്കീ 24: 1–5 | ഉല്പത്തി 1: 14–23 |
| ചൊവ്വ | 1 യോഹ 3: 1–12 | ഉല്പത്തി 1: 24–31 |
| ബുധൻ | ഉല്പത്തി 2:: 1–3 | ഉല്പത്തി 2: 4–17 |
| വ്യാഴം | സങ്കീ 11: 4–7 | ഉല്പത്തി 2: 18–25 |
| വെള്ളി | ഉല്പത്തി 3:1–8 | ഉല്പത്തി 3: 9–14 |
| ശനി | വി.യോഹ 1: 1–12 | ഉല്പത്തി 3: 16–24 |
| ഞായർ | അപ്പൊ.പ്രവൃ 17: 24–28 | * |

പാഠം രണ്ട്

# നോഹയുടെ പെട്ടകം

(ഉല്പത്തി പുസ്തകം 6 മുതൽ 9 വരെ അദ്ധ്യായങ്ങൾ)

**മുഖ്യസന്ദേശം** : ദൈവകല്പന അനുസരിച്ച് ജീവിച്ച നോഹയെയും കുടുംബത്തെയും ദൈവം രക്ഷിച്ചു. തിന്മചെയ്തു ജീവിക്കുകയും അനുതപിക്കാതിരിക്കുകയും ചെയ്തവരെ ദൈവം ശിക്ഷിച്ചു.

**മന:പാഠവാക്യം** : എന്റെ സഹായം ആകാശവും ഭൂമിയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു. (സങ്കീർത്തനം 121:2)

**പഠനസഹായികൾ:**
1. ബോട്ടിന്റെ ഒരു മാതൃക
2. നോഹയുടെ പെട്ടകത്തിന്റെ ഒരു ചിത്രം
3. മഴവില്ലിന്റെ ഒരു ചിത്രം

## പാഠപരിചയം

ആദിയിൽ ദൈവം ആകാശവും ഭൂമിയും അതിലുള്ള സകല ചരാചരങ്ങളെയും മനുഷ്യനെയും സൃഷ്ടിച്ചു. മനുഷ്യർ ഭൂമിയിൽ വർദ്ധിച്ചുപെരുകി. അതോടൊപ്പം ദുഷ്ടതയും. മനുഷ്യരുടെ ദുഷ്ടത കണ്ടു ദുഃഖിതനായ ദൈവം അവരെ നശിപ്പിക്കുവാൻ ഒരു ജലപ്രളയം വരുത്തി. എന്നാൽ ദൈവകല്പന അനുസരിച്ച് ജീവിച്ച നോഹയെയും കുടുംബത്തെയും ദൈവം രക്ഷിച്ച കഥയാണ് ഈ പാഠം.

## ആമുഖം

കൂട്ടുകാരേ, നിങ്ങൾ മഴ പെയ്യുന്നതു കണ്ടിട്ടില്ലേ? സ്കൂളുകൾ തുറക്കുന്ന ജൂൺമാസത്തിൽ തുടർച്ചയായി മഴ പെയ്യാറുണ്ട് അല്ലേ. അപ്പോൾ വെള്ളം ചാലുകളായി ഒഴുകുന്നത് കണ്ടിട്ടുണ്ടല്ലോ. ഇങ്ങനെ മഴ നിർത്താതെ പെയ്താൽ നദിയിലും വയലുകളിലുമെല്ലാം വെള്ളം പൊങ്ങും. അപ്പോൾ വലിയ മഴ നിർത്താതെ മാസങ്ങളോളം പെയ്താലോ? ഹോ...ചിന്തിക്കാനേ വയ്യ അല്ലേ? എന്നാൽ പണ്ട് ദൈവം ദേശത്ത് ഇപ്രകാരം ഒരു വെള്ളപ്പൊക്കം വരുത്തി. ആ കഥയാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ദൈവം ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ച കഥ നമ്മൾ പഠിച്ചുവല്ലോ. അവരുടെ സന്തതി പരമ്പരകളായി അനേകം മനുഷ്യർ ഈ ഭൂമിയിൽ ഉണ്ടായി. അവരെല്ലാം ദുഷ്ടന്മാരും ദൈവത്തെ അനുസരിക്കാത്തവരുമായി ജീവിക്കുവാൻ തുടങ്ങി. ഇത് ദൈവ

ത്തിന് വളരെ ദുഃഖവും കോപവും ഉണ്ടാക്കി. അതുകൊണ്ട് ദുഷ്ടന്മാരായ എല്ലാവരെയും ഈ ഭൂമിയിൽനിന്ന് നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു.

*ചോദ്യം: ദൈവം മനുഷ്യരെ നശിപ്പിക്കുവാൻ തീരുമാനിക്കാൻ കാരണമെന്തായിരുന്നു?*

.......................................................................................................................................................

.......................................................................................................................................................

എന്നാൽ അക്കാലത്ത് നോഹ എന്ന നീതിമാനായ മനുഷ്യനും കുടുംബവും ജീവിച്ചിരുന്നു. അദ്ദേഹത്തിന് മൂന്ന് മക്കളുണ്ടായിരുന്നു. അവരുടെ പേരുകൾ ശേം, ഹാം, യാഫെത്ത് എന്നായിരുന്നു. അവർ ദൈവത്തെ സ്നേഹിക്കുന്നവരും അനുസരിക്കുന്നവരും മറ്റുള്ളവർക്കു നന്മചെയ്ത് ജീവിക്കുന്നവരുമായിരുന്നു. അതിനാൽ അവരെ നശിപ്പിക്കുവാൻ ദൈവത്തിനു മനസ്സില്ലായിരുന്നു.

*ചോദ്യം: എന്തുകൊണ്ടാണ് ദൈവം നോഹയെയും കുടുംബത്തെയും നശിപ്പിക്കാതിരിക്കാൻ തീരുമാനിച്ചത്?*

.......................................................................................................................................................

.......................................................................................................................................................

ദൈവം നോഹയോട് പറഞ്ഞു: "ഞാൻ ഭൂമിയിലുള്ള ദുഷ്ടന്മാരായ സകല മനുഷ്യരെയും നശിപ്പിക്കുവാൻ ഒരു വലിയ വെള്ളപ്പൊക്കം ഉണ്ടാക്കുവാൻ പോകുകയാണ്. അതുകൊണ്ട് നീ വലിയ ഒരു പെട്ടകം (ബോട്ട്) ഉണ്ടാക്കണം. എന്നിട്ട് നീയും കുടുംബവും അതിൽ കടക്കണം. കൂടാതെ ഈ ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളിൽനിന്നും ആണും പെണ്ണുമായി ഈരണ്ടുവീതം ആ പെട്ടകത്തിൽ കയറണം. നോഹ എന്തു ചെയ്തു എന്നറിയാമോ? ദൈവം പറഞ്ഞതുപോലെ 'ഗോഫർ' എന്ന മരത്തിന്റെ തടി ഉപയോഗിച്ച് ഒരു വലിയ പെട്ടകമുണ്ടാക്കി. ദൈവം കല്പിച്ചതുപോലെ എല്ലാവരും അതിൽ കയറി. എല്ലാവരും കയറിക്കഴിഞ്ഞപ്പോൾ ദൈവം പെട്ടകത്തിന്റെ വാതിൽ അടച്ചുപൂട്ടി.

*ചോദ്യം: ഏതു മരമുപയോഗിച്ചാണ് നോഹ പെട്ടകം ഉണ്ടാക്കിയത്?*

.......................................................................................................................................................

*ചോദ്യം: ആദ്യത്തെ കപ്പൽ പണിക്കാരൻ ആരാണ്?*

.......................................................................................................................................................

തുടർന്ന് 40 പകലും 40 രാത്രിയും തോരാത്ത മഴ പെയ്തു. ഓരോ ദിവസവും വെള്ളം പൊങ്ങുവാൻ തുടങ്ങി. വലിയ മലകൾക്ക് മുകളിൽവരെ വെള്ളം പൊങ്ങി. അപ്പോൾ നോഹയുണ്ടാക്കിയ പെട്ടകത്തിന് എന്തു സംഭവിച്ചു എന്ന് പറയാമോ? അതെ. ആ പെട്ടകം സുരക്ഷിതമായി വെള്ളത്തിനു മുകളിൽ ഒഴുകി നീങ്ങിക്കൊണ്ടിരുന്നു. നോഹയും കുടുംബവും പെട്ടകത്തിനുള്ളിലിരുന്ന് ദൈവത്തെ പാടി സ്തുതിച്ചു. അവർ എത്ര പേരുണ്ടായിരുന്നു എന്നറിയാമോ? നോഹയും നോഹയുടെ 3 പുത്രന്മാരും നോഹ

യുടെ ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും ഉണ്ടായിരുന്നു. ആകെ എട്ട് പേർ. ഭൂമിയിലുണ്ടായിരുന്ന മറ്റ് ആളുകൾക്കും മറ്റ് ജീവജാലങ്ങൾക്കും എന്തു സംഭവിച്ചു കാണും? അവയെല്ലാം വെള്ളത്തിൽ മുങ്ങി നശിച്ചു. മനുഷ്യനും മൃഗങ്ങളും പക്ഷികളും ചെടികളും വൃക്ഷങ്ങളുമെല്ലാം നശിച്ചു. പെട്ടകത്തിലുണ്ടായിരുന്ന എല്ലാവരും സുരക്ഷിതരായി പുറത്തിറങ്ങി.

കണ്ടില്ലേ കുട്ടികളെ. ദുഷ്ടരായ മനുഷ്യർക്ക് സംഭവിച്ചതെന്താണെന്ന്. ദൈവത്തെ അനുസരിച്ച് ജീവിച്ച നോഹയേയും കുടുംബത്തേയും ദൈവം ഒരു ആപത്തും വരാതെ കാത്തുരക്ഷിച്ചു. പെട്ടകത്തിൽനിന്നും പുറത്തിറങ്ങിയ നോഹയും കുടുംബവും ആദ്യമായി യഹോവയ്ക്ക് ഒരു യാഗപീഠം പണിതു. അതിന്മേൽ ശുദ്ധിയുള്ള കുറെ മൃഗങ്ങളെയും പക്ഷികളെയും യഹോവയ്ക്ക് യാഗം കഴിച്ചു. ഈ യാഗത്തിൽ പ്രീതനായ ദൈവം മനുഷ്യനോട് മനസ്സലിഞ്ഞു. ഇനിമേലിൽ വെള്ളപ്പൊക്കം മൂലം തന്റെ സൃഷ്ടികളെ നശിപ്പിക്കുകയില്ലെന്ന് ദൈവം നോഹയ്ക്ക് ഉറപ്പുനല്കി. അതിന്റെ അടയാളമായി മേഘത്തിൽ ഒരു മഴവില്ല് ദൈവം വച്ചു. നിങ്ങൾ മഴവില്ല് കണ്ടിട്ടുണ്ടോ? എത്ര മനോഹരമാണ് അത് കാണാൻ അല്ലേ? അതിൽ എത്ര നിറങ്ങളുണ്ട്? ശരിയാണ് ഏഴുനിറങ്ങൾ. ഈ മഴവില്ല് കാണുമ്പോൾ ദൈവത്തിന്റെ ഉടമ്പടി നമ്മൾ ഓർക്കണം. മഴവില്ലിന്റെ ഒരു ഗാനം നിങ്ങൾ ഒ.വി.ബി.എസ് ക്ലാസ്സിൽ പഠിച്ചത് നമുക്കിവിടെ പാടാം. ടീച്ചർ ചൊല്ലിത്തരുന്നത് ഏറ്റുപാടുക.

സപ്ത വർണ്ണദീപ്തമായ് വാനിൽ വിരിയുന്ന
സുന്ദരമാം മാരിവില്ലിൻ കഥ പറഞ്ഞിടാം
കഥ പറഞ്ഞീടാം.

ഒരു നാൾ ദൈവം നോഹയ്ക്ക് നല്കിയ
വാഗ്ദാനത്തിന്റെ ചിഹ്നമിത് (2)

പ്രളയത്തിനുശേഷം
മണ്ണിലിറങ്ങി
നന്ദിയായ്നോഹ
ഹോമയാഗമർപ്പിച്ചു (2)
(സപ്തവർണ്ണ...)

നോഹതൻ യാഗത്തിൽ പ്രീതനായ കർത്താവ്
പുതിയോരുടമ്പടി അരുളിച്ചെയ്തു
പ്രളയത്താൽ മേലാൽ ഭൂമി നശിക്കില്ല.
ഓർമ്മയ്ക്കായ് മഴവില്ല് മേഘത്തിൽ വയ്ക്കുന്നു
മേഘത്തിൽ വയ്ക്കുന്നു. (സപ്തവർണ്ണ...)

നോഹയുടെ കഥ എല്ലാവർക്കും ഇഷ്ടമായല്ലോ. ദൈവത്തെ അനുസരിച്ചു ജീവിക്കുന്നവരെ ദൈവം കരുതും. അതിനാൽ നാമും ദൈവത്തെ അനുസരിച്ച് അവന്റെ ഇഷ്ടം ചെയ്ത് ദൈവമക്കളായി ജീവിക്കണം. അപ്പോൾ ദൈവം നമ്മെ എല്ലാ ആപത്തുകളിൽനിന്നും രക്ഷിക്കും.



**കണ്ടു പിടിക്കുക**

- കിളിവാതിൽ
- മേല്ക്കൂര
- അരരാത്ത് പർവ്വതം

## നമുക്ക് ചിന്തിക്കാം

1. എന്തിനാണ് ദൈവം ദേശത്ത് വെള്ളപ്പൊക്കം വരുത്തിയത്?

   ..........................................................................................

2. ആരുടെ കുടുംബമാണ് ദൈവത്തെ അനുസരിച്ച് ജീവിച്ചത്?

   ..........................................................................................

3. ദൈവം എങ്ങനെയാണ് ആ കുടുംബത്തെ രക്ഷിച്ചത്?

   ..........................................................................................

4. നോഹയുടെ പെട്ടകത്തിൽ ആകെ എത്ര മനുഷ്യർ ഉണ്ടായിരുന്നു.

   ..........................................................................................

5. നോഹയ്ക്ക് എത്ര പുത്രന്മാർ ഉണ്ടായിരുന്നു?

   ..........................................................................................

6. നോഹയുടെ മക്കളുടെ പേരുകൾ പറയുക

   ..........................................................................................

7. മേലിൽ ജലപ്രളയംമൂലം ഭൂമിയെ നശിപ്പിക്കില്ല എന്ന് ദൈവം ഉടമ്പടി ചെയ്തതിന്റെ അടയാളം എന്ത്?

   ..........................................................................................

## പ്രവർത്തനങ്ങൾ

1. നോഹയുണ്ടാക്കിയതുപോലൊരു ബോട്ടിന്റെ ചിത്രം നിങ്ങളുടെ ഭാവനയിൽനിന്ന് വരയ്ക്കുക.

2. കടങ്കഥയ്ക്ക് ഉത്തരം പറയുക.

ഈ പേരിന്റെ ആദ്യാക്ഷരം 'പിയാനോ'യിലുണ്ട്. പക്ഷേ, പായസത്തിലില്ല. രണ്ടാമത്തെ അക്ഷരം ഹന്നയിലുണ്ട്, പക്ഷേ ചിന്നയിലില്ല. ഉത്തരം അറിയില്ലെങ്കിൽ ഒരു ക്ലൂ തരാം. ഇദ്ദേഹം വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഒരു വലിയ പെട്ടകം ഉണ്ടാക്കിയ ആളാണ്.

ഉത്തരം: ..........................................................................................................................................

3. താഴെത്തരുന്ന സൂചനകൾ ഉപയോഗിച്ച് ഒരു കഥ പറയുക.

ഭൂമിയിൽ ആളുകൾ പെരുകി..........ദുഷ്ടതയും...............പാപവും പെരുകി................ഒരു കുടുംബം.....നോഹ................ദൈവകല്പന പാലിച്ചു..............ദൈവം ദുഷ്ടന്മാരെ നശിപ്പിക്കാൻ തീരുമാനിച്ചു..........വെള്ളപ്പൊക്കം.........നോഹയുടെ പെട്ടകം............നോഹയും കുടുംബവും രക്ഷപെട്ടു........ദൈവഭക്തന്മാരോട് ദൈവത്തിനുള്ള കരുതൽ.

4. ഈ കഥ ക്ലാസ്സിലും മറ്റു കൂട്ടുകാരോടും പറഞ്ഞു കേൾപ്പിക്കുക.

## നമുക്ക് പാടാം

പണ്ടൊരിക്കലൊരപ്പച്ചൻ
നോഹയെന്നൊരപ്പച്ചൻ
ദൈവകല്പന പാലിച്ചു
ദൈവമവരെ രക്ഷിച്ചു

നോഹിൻ മക്കൾ നാമെല്ലാം
ദൈവകല്പന പാലിച്ചാൽ
ആപത്തിൽ പെട്ടീടുമ്പോൾ
ദൈവം നമ്മെ കാത്തീടും

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളെ സ്നേഹിക്കുന്ന പിതാവായ ദൈവമേ... അങ്ങയെ അനുസരിച്ച് ജീവിച്ചവനായ നോഹയെയും കുടുംബത്തെയും വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിച്ചതുപോലെ നിന്റെ മക്കളായ ഞങ്ങളെയും എല്ലാവിധ ആപത്തുകളിൽനിന്നും രക്ഷിക്കണമേ. ഞങ്ങൾ എല്ലാ കാര്യത്തിലും നിന്നെ അനുസരിക്കുകയും നിന്നെ സ്നേഹിക്കുകയും ചെയ്യുന്നവരായിത്തീരുവാൻ ഞങ്ങളെ സഹായിക്കേണമേ... ആമ്മീൻ....

**നിശ്ചയം**

**നീതിമാനായ നോഹ ദൈവത്തെ അനുസരിച്ച് ജീവിച്ചതുപോലെ ഞങ്ങളും ദൈവത്തെ അനുസരിച്ച് ജീവിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ഉല്പത്തി 6: 11-22 |
| തിങ്കൾ | സങ്കീ 142: 6,7 | ഉല്പത്തി 7: 1-5 |
| ചൊവ്വ | സങ്കീ 117 | ഉല്പത്തി 7: 6-15 |
| ബുധൻ | സങ്കീ 42: 1-11 | ഉല്പത്തി 7: 16-23 |
| വ്യാഴം | സദൃശവാക്യങ്ങൾ 7: 1-3 | ഉല്പത്തി 8: 1-11 |
| വെള്ളി | സങ്കീ 143: 6-11 | ഉല്പത്തി 8: 12-22 |
| ശനി | സങ്കീ 44: 1-8 | ഉല്പത്തി 9: 1-28 |
| ഞായർ | സങ്കീ 119: 1-8 | * |

## പാഠം മൂന്ന്

# അബ്രഹാമും ദൈവദൂതന്മാരും

(ഉല്പത്തി പുസ്തകം 18:1-15)

**മുഖ്യസന്ദേശം** : അതിഥി സത്ക്കാരം പുണ്യം. തന്റെ ഭക്തന്മാരുടെ ആവശ്യങ്ങൾ അറിഞ്ഞ് ദൈവം അവയെ നല്കുന്നു.

**മന:പാഠവാക്യം** : സഹോദരപ്രീതി നിലനില്ക്കട്ടെ. അതിഥിസത്ക്കാരം മറക്കരുത് (എബ്രായർ 13:1)

**പഠനസഹായികൾ:** 1. അബ്രഹാമും ദൈവദൂതന്മാരും നില്ക്കുന്ന ചിത്രം
2. വി.വേദപുസ്തകം

### പാഠപരിചയം

തന്റെ ഭവനത്തിലേയ്ക്ക് അതിഥികളായി കടന്നുവന്ന ദൈവദൂതന്മാരെ അവർ ദൈവദൂതന്മാരാണെന്ന് അറിയാതെതന്നെ സന്തോഷപൂർവ്വം സ്വീകരിച്ച് സത്കരിച്ച അബ്രഹാമിന് ലഭിച്ച വലിയ പുണ്യത്തിന്റെ കഥയാണ് ഈ പാഠം.

### ആമുഖം

കുഞ്ഞുങ്ങളെ, നമ്മുടെ ഭവനത്തിൽ പല സമയങ്ങളിലായി ധാരാളം വിരുന്നുകാർ വരാറുണ്ടല്ലോ? അവരെ നാം എങ്ങനെയൊക്കെയാണ് സ്വീകരിക്കുന്നത്? ശരിയാണ് ദാഹിച്ചുവരുന്നവർക്ക് കുടിക്കുവാൻ കൊടുത്തും വിശന്നുവരുന്നവർക്ക് ഭക്ഷണം നല്കിയും സഹായത്തിനായി വരുന്നവർക്ക് സഹായം നല്കിയും നാം അവരെ ആദരിക്കും. ഇതെല്ലാം സന്തോഷത്തോടെ ചെയ്യുകയും വേണം. കാരണം അതിഥികളെ സത്കരിക്കുന്നത് ദൈവത്തെ സത്കരിക്കുന്നതിനു തുല്യമാണ്. വലിയ മാന്യന്മാരെ മാത്രമല്ല, വളരെ പാവപ്പെട്ടവരെയും നാം ഇപ്രകാരം ആദരിക്കണം. അബ്രഹാമെന്ന ദൈവഭക്തനായ മനുഷ്യൻ വലിയ അതിഥിസത്കാരപ്രിയനായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ഭവനത്തിനടുത്ത് മൂന്ന് ദൈവപുരുഷന്മാർ പ്രത്യക്ഷപ്പെട്ടു. അബ്രഹാം അവരെ സ്വീകരിച്ച് സത്കരിച്ച കഥയാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

ദൈവത്തിൽ വിശ്വസിച്ച് ജീവിച്ച നീതിമാനായ ഒരാളായിരുന്നു അബ്രഹാം. അതിനാൽ അദ്ദേഹത്തെ 'വിശ്വാസികളുടെ പിതാവ്' എന്ന് വിളിക്കുന്നു. അബ്രഹാമും ഭാര്യയായ സാറായും ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ച് ജീവിച്ചവരായിരുന്നു. എന്നാൽ അവർക്ക് മക്കൾ ഇല്ലായിരുന്നു. കാലം ഏറെ ചെന്നപ്പോൾ അബ്രഹാം പ്രായം ചെന്ന്



തൊലിയെല്ലാം ചുക്കിച്ചുളിഞ്ഞു. ഭാര്യയായ സാറായും അപ്രകാരം വൃദ്ധയായി. അപ്പോഴും ഒരു കുഞ്ഞിനെ ലഭിക്കുന്നതിനായി അവർ ദൈവത്തോട് പ്രാർത്ഥിക്കുമായിരുന്നു.

ഒരു ദിവസം അബ്രഹാം തോട്ടത്തിലൂടെ നടക്കുമ്പോൾ ദൂരെ മൂന്നു പുരുഷന്മാർ തന്റെ നേരെ നില്ക്കുന്നതു കണ്ടു. അബ്രഹാം പിതാവിന് അവർ ആരാണെന്ന് മനസ്സിലായില്ല. അദ്ദേഹം കണ്ണിനുമുകളിൽ കൈവച്ച് തലപൊക്കി സൂക്ഷിച്ചുനോക്കി. പ്രായം ചെന്നവർ ഇങ്ങനെ നോക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാവുമല്ലോ. പ്രകാശമുള്ള, നല്ല ശോഭയുള്ള, മൂന്ന് ആളുകൾ തന്റെ നേരെ നടന്നു വരികയാണ്. 'ആരാണിവർ?' മാലാഖമാരോ...ദൈവപുരുഷന്മാരോ...ദാ...അവരിങ്ങ് അടുത്തെത്തിയല്ലോ...ദൈവമേ ഇവർ ദൈവത്തിന്റെ പ്രതിരൂപങ്ങൾതന്നെ...അബ്രഹാം ഓടിച്ചെന്ന് നിലംവരെ കുനിഞ്ഞ് കൈകൾകൂപ്പി അവരെ സ്വീകരിച്ചു...

വൃക്ഷത്തിന്റെ കീഴിൽ അവരെ ഇരുത്തി. വെള്ളംകൊണ്ട് അവരുടെ കാൽ കഴുകി. തുടർന്ന് ആ വൃക്ഷത്തിന്റെ കീഴിൽ ഒരു വലിയ സദ്യ ഒരുക്കപ്പെട്ടു.

അബ്രഹാം ഓടിച്ചെന്ന് ഇളയതും നല്ലതുമായൊരു കാളക്കുട്ടിയെ പിടിച്ച് ബാല്യക്കാരന്റെ കയ്യിൽ കൊടുത്തു. അവൻ അതിനെ നന്നായി പാകംചെയ്തു. സാറാ പെട്ടെന്ന് മൂന്നിടങ്ങി മാവെടുത്ത് കുഴച്ച് അപ്പമുണ്ടാക്കി. പിന്നെ അബ്രഹാം വെണ്ണയും പാലും എടുത്തു. അപ്പവും പാകം ചെയ്ത ഇറച്ചിയും ചേർത്ത് അവരുടെ മുമ്പിൽ വച്ചു. അവൻ അരകെട്ടി അവരുടെ മുമ്പിൽനിന്ന് അവരെ ശുശ്രൂഷിച്ചു. അവർ ഭക്ഷണം കഴിച്ച് തൃപ്തരായി.

അബ്രഹാമിന്റെ അതിഥി മര്യാദ അവർക്ക് (ദൈവത്തിന്)വളരെ ഇഷ്ടപ്പെട്ടു. ദൈവമാണ് എന്ന് അറിയാതെയാണല്ലോ അബ്രഹാം അവരെ സത്കരിച്ചത്. അവർ അബ്രഹാമിന് ഒരു വരം കൊടുത്തു. "ഒരു ആണ്ട് കഴിഞ്ഞിട്ട് ഞങ്ങൾ മടങ്ങിവരും. അപ്പോൾ നിന്റെ ഭാര്യ സാറയ്ക്ക് ഒരു മകൻ ജനിക്കും." അബ്രഹാമും ഭാര്യ സാറായും പരിചാരകരുമൊക്കെ ഈ വാക്ക് കേട്ട് സന്തോഷിച്ചു.

അങ്ങനെ പിറ്റേ ആണ്ടിൽ ദൈവാനുഗ്രഹത്താൽ അവർക്ക് ഒരു ഓമന പൈതലിനെ ലഭിച്ചു. ആ കുഞ്ഞാണ് വാഗ്ദത്ത സന്തതിയായ യിസഹാക്ക് വാർദ്ധ്യകൃത്തിലും മകനെ നല്കുവാൻ ദൈവത്തിന് കഴിഞ്ഞല്ലോ. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ.

എല്ലാവർക്കും ഈ കഥ ഇഷ്ടമായല്ലോ. നമ്മുടെ ഭവനത്തിൽ വരുന്ന അതിഥികളെ അവർ വലിയവരായാലും പാവപ്പെട്ടവരായാലും നമ്മൾ അവരെ സ്നേഹപൂർവ്വം സത്കരിക്കുകയും ബഹുമാനിക്കുകയും വേണം. അങ്ങനെയായാൽ ദൈവം നമ്മെ അനുഗ്രഹിക്കും.

## നമുക്ക് ചിന്തിക്കാം

1. ദൈവപുരുഷന്മാരെ സത്കരിച്ചതാര്?

.................................................................................................................

2. അബ്രഹാമിന്റെ ഭാര്യയുടെ പേരെന്ത്?

.................................................................................................................

3. എത്ര ആളുകളാണ് അബ്രഹാമിന് പ്രത്യക്ഷപ്പെട്ടത്?

.................................................................................................................

4. സത്കാരത്തിന് പകരമായി എന്ത് വരമാണ് അവർ അബ്രഹാമിന് നല്കിയത്?

.................................................................................................................

5. അതിഥികളെ സത്കരിക്കുന്നതു കൊണ്ടുള്ള പ്രയോജനം എന്ത്?

.................................................................................................................

6. വിശ്വാസികളുടെ പിതാവ് ആര്?

.................................................................................................................

7. അബ്രഹാം അതിഥികളോട് കാട്ടിയ മര്യാദകൾ എന്തെല്ലാം?

.................................................................................................................

.................................................................................................................

8. അബ്രഹാം എന്തെല്ലാം ഭക്ഷണസാധനങ്ങളാണ് അതിഥികൾക്കായി ഒരുക്കിയത്?

.................................................................................................................

9. അബ്രഹാമിനും സാറായ്ക്കും വാർദ്ധക്യത്തിൽ ലഭിച്ച മകന്റെ പേരെന്ത്?

.................................................................................................................

10. ദൈവം നിങ്ങളുടെ ഭവനത്തിൽ വിരുന്ന് വന്നാൽ നിങ്ങൾ എങ്ങനൊക്കെ ദൈവത്തെ സ്വീകരിക്കും? ചിന്തിച്ച് ഉത്തരം പറയുക.

.................................................................................................................

.................................................................................................................

.................................................................................................................

.................................................................................................................

## പ്രവർത്തനങ്ങൾ

1. താഴെപ്പറയുന്ന സൂചനകൾ കേട്ട് ഒരു ലഘുനാടകം ക്ലാസ്സിൽ അവതരിപ്പിക്കുക.

ഒരു കുടുംബം.........തങ്ങളുടെ വീട്ടിൽ യേശു അതിഥിയായി വരുന്നു എന്ന് സ്വപ്നത്തിൽ അരുളപ്പാട് ലഭിച്ച് വലിയ വിരുന്ന് ഒരുക്കി കാത്തിരിക്കുന്നു.........രാവിലെ ഒരു പാവപ്പെട്ട ഭിക്ഷക്കാരൻ കയറിവന്നു.........അവന് ഒന്നും കൊടുക്കാതെ പറഞ്ഞുവിട്ടു......... ഉച്ചയായപ്പോൾ മറ്റൊരു ഭിക്ഷക്കാരൻ വിശക്കുന്നു എന്നു പറഞ്ഞ് വന്നു.........അവനെയും അതുപോലെ പറഞ്ഞുവിട്ടു.........കുറെക്കഴിഞ്ഞ് ഒരു പാവപ്പെട്ട സ്ത്രീ കുഞ്ഞുമായി വന്നു.........കുഞ്ഞിന് എന്തെങ്കിലും കൊടുക്കുവാൻ പറഞ്ഞു കരഞ്ഞു.........അവരെയും അവർ അങ്ങനെ തന്നെ പറഞ്ഞുവിട്ടു. സന്ധ്യവരെയും യേശുവിനെ നോക്കിയിരുന്ന് കാണാതെ ആ കുടുംബക്കാർ ക്ഷീണിച്ച് ഉറക്കമായപ്പോൾ യേശു പ്രത്യക്ഷപ്പെട്ട് "ഞാൻ മൂന്നു പ്രാവശ്യം നിന്റെ വീട്ടിൽ അതിഥിയായി വന്നു. നീയെന്നെ സ്വീകരിച്ചില്ല. എന്നെ വെറുതെ പറഞ്ഞുവിട്ടില്ലേ" എന്നു പറഞ്ഞു. അപ്പോൾ അവർക്ക് മനസ്സിലായി... നമ്മുടെ വീട്ടിൽ വരുന്ന അതിഥികളെയെല്ലാം യേശുവായി കണ്ട് അവരെ സ്വീകരിക്കണം.

2. അബ്രഹാമിന് ദൈവപുരുഷൻ പ്രത്യക്ഷപ്പെടുന്ന കഥ ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക.

### നമുക്ക് പാടാം

അബ്രഹാമും സാറായും
സന്തോഷത്താൽ നല്കിയതാം
സത്കാരത്തിൽ പ്രീതനായ്
ദൈവം നല്കി സമ്മാനം

അതിഥികളായി വരുന്നവരെ
സന്തോഷത്താൽ കൈക്കൊണ്ടാൽ
ദൈവം നല്കും സമ്മാനം
വിലയേറിയതാം സമ്മാനം

### നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളുടെ പിതാവായ ദൈവമേ അബ്രഹാം ചെയ്തതുപോലെ ആവശ്യത്തിലിരിക്കുന്നവരെ അറിഞ്ഞ് സഹായിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മീൻ.

### നിശ്ചയം

**ഞങ്ങളുടെ വീട്ടിൽ അതിഥികളായി എത്തുന്നവരെ ഞങ്ങൾ സ്വീകരിച്ച് സന്തോഷിപ്പിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ഉല്പത്തി 18: 1–15 |
| തിങ്കൾ | വി. ലൂക്കാ 10: 30–42 | വി. ലൂക്കാ 11: 5–13 |
| ചൊവ്വ | വി. മത്തായി 25: 31–45 | വി. ലൂക്കാ 11: 37–41 |
| ബുധൻ | വി. ലൂക്കാ 12: 35–40 | വി. ലൂക്കാ 12: 42–48 |
| വ്യാഴം | വി. ലൂക്കാ 14: 1–6 | വി. ലൂക്കാ 14: 7–14 |
| വെള്ളി | വി. ലൂക്കാ 12: 28–34 | വി. ലൂക്കാ 10: 1–11 |
| ശനി | 2 രാജാ 4:8–17 | വി. ലൂക്കാ 10: 1–11 |
| ഞായർ | വി. മത്തായി 25:1–13 | * |

## പാഠം നാല്

# വിധവയുടെ ദാനശീലം

(1 രാജാക്കന്മാർ 17: 7-16)

**മുഖ്യസന്ദേശം** : നമുക്കുള്ളതൊക്കെ എത്ര ചെറുതായിരുന്നാലും അത് മറ്റുള്ളവരുടെ സഹായത്തിനായി സമർപ്പിച്ചാൽ ദൈവം അതിനെ പതിന്മടങ്ങ് ഇരട്ടിയായി വർദ്ധിപ്പിച്ചുതരും.

**മന:പാഠവാക്യം** : യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല. (സങ്കീർത്തനങ്ങൾ 34: 10)

**പഠനസഹായികൾ:**
1. ആഹാരം, വസ്ത്രം, മറ്റു സാധനങ്ങൾ ഇവ കാണിക്കുന്ന ചിത്രങ്ങൾ.
2. ഏലിയാവും വിധവയും നില്ക്കുന്ന ചിത്രം

### പാഠപരിചയം

സാരേഫാത്ത് എന്ന പ്രദേശത്തെ ഒരു വിധവയുടെ അടുക്കൽ ഏലിയാ പ്രവാചകൻ വന്ന് അല്പം അപ്പം ചോദിച്ചു. അവൾ ഒരു മടിയും കൂടാതെ സന്തോഷത്തോടെ പ്രവാചകന് അപ്പം നല്കിയപ്പോൾ അത്ഭുതം സംഭവിച്ച കഥയാണ് ഈ പാഠം.

### ആമുഖം

കുഞ്ഞുങ്ങളെ, നിങ്ങളുടെ വീട്ടിൽ ഒരു പാവപ്പെട്ട മനുഷ്യൻ ക്ഷീണിച്ച് കയറിവന്ന് എന്തെങ്കിലും കഴിക്കാൻ തരണമേ എന്നു പറയുന്നു എന്നിരിക്കട്ടെ. നിങ്ങൾ എന്തു ചെയ്യും? "അമ്മയോട് പറഞ്ഞ് എന്തെങ്കിലും കഴിക്കാൻ കൊടുക്കും. സ്വീകരിച്ച് ഇരുത്തും കുടിക്കാൻ കൊടുക്കും". നന്നായിരിക്കുന്നു. നിങ്ങൾ നല്ല കുട്ടികളാണ്. വളരെ ദരിദ്രയായ ഒരു വിധവയുടെ അടുക്കൽ ഒരു പ്രവാചകൻ ക്ഷീണിച്ചുവന്ന് ഇതുപോലെ കഴിക്കുവാൻ ഒരു കഷണം അപ്പവും അല്പം വെള്ളവും ആവശ്യപ്പെട്ടപ്പോൾ തന്റെ ദാരിദ്ര്യം മറന്ന് അവൾ അപ്പവും വെള്ളവും നല്കിയപ്പോൾ ഉണ്ടായ ഒരു വലിയ അത്ഭുതത്തിന്റെ കഥയാണ് നാമിന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

കൂട്ടുകാരേ, ജീവിതത്തിൽ ഭർത്താവ് മരിച്ചുപോയ ഭാര്യയെ വിളിക്കുന്ന പേരാണ് 'വിധവ'. പണ്ട് കാലത്ത് വിധവമാരുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. ആരും

സഹായിക്കുവാൻ ഇല്ലാത്തവർ. പഴയനിയമത്തിൽ സഹായം അർഹിക്കുന്ന രണ്ടു കൂട്ട രായിരുന്നു അനാഥരും വിധവമാരും.

സാരേഫാത്ത് എന്ന പ്രദേശത്ത് ഒരു വിധവയും അവളുടെ മകനും ജീവിച്ചിരുന്നു. ആ ദേശത്ത് അന്ന് ഒരു വലിയ ക്ഷാമം ഉണ്ടായി. ഏലിയാ പ്രവാചകൻ ദൈവകല്പന യനുസരിച്ച് സരേഫാത്തിൽ വന്നു. അദ്ദേഹം വളരെ ക്ഷീണിതനായിരുന്നു. പട്ടണവാതില്ക്കൽവച്ച് അവൻ വിധവയെ കണ്ടപ്പോൾ കുടിക്കുവാൻ ഒരു പാത്രം വെള്ളവും അതോടൊപ്പം ഒരു കഷണം അപ്പവും ചോദിച്ചു. തുടർന്ന് എന്തു നടന്നു എന്ന് നമുക്ക് ഒരു പാട്ടിലൂടെ പഠിക്കാം. താഴെപ്പറയുന്ന പാട്ട് ടീച്ചർ ചൊല്ലിത്തരും. എല്ലാവരും ഏറ്റു പാടണം.

വിധവ പാവം വിധവ
സാരേഫാത്തിലെ വിധവ
ദേശം മുഴുവൻ ക്ഷാമം വന്നു...
കഷ്ടപ്പെട്ടു ഈ വിധവ

തീർന്നുപോകും മാവുമെണ്ണയും
ഇന്നുകൂടി കഴിഞ്ഞീടിൽ
നാളെയെന്തു ചെയ്തീടും
വിധവയും മകനും ദുഃഖിതരായ്

ഏലീയാവാം പ്രവാചകൻ
ദൈവകല്പന കേട്ടിട്ട്
ക്ഷീണിച്ചെത്തീ സാരേഫാത്തിൽ
അപ്പവും വെള്ളോം ചോദിച്ചു

ഒരുപിടി മാവും അല്പം എണ്ണേം
സന്തോഷത്താലാ വിധവ
അടയുണ്ടാക്കി നല്കിയവൾ
ദാരിദ്ര്യത്തെ നോക്കാതെ

അത്ഭുതമെന്തൊരത്ഭുതമായ്
നിറഞ്ഞു വന്നൂ മാവുമെണ്ണയും
ഏറിയ നാളവർ ഭക്ഷിച്ചൂ...
ദൈവത്തിന്നായ് ജീവിച്ചു...

ഇനിയും നിങ്ങൾക്കു പറയാമോ? തുടർന്ന് എന്തുനടന്നു? വിധവ, തന്റെ പക്കൽ ഒരുപിടി മാവും അല്പം എണ്ണയും മാത്രമേ ഉള്ളൂ എന്ന് വളരെ വിനയത്തോടെ അവനോടു പറഞ്ഞു. ഉടനെ പ്രവാചകൻ പറഞ്ഞു: "നീ ചെന്ന് ആദ്യം ഒരു ചെറിയ അട എനിക്ക് ഉണ്ടാക്കി കൊണ്ടുവരിക. പിന്നീട് നിനക്കും മകനും വേണ്ടി ഉണ്ടാക്കിക്കൊള്ളുക. യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്ന നാൾവരെ കലത്തിലെ മാവ് തീർന്നു



പോകയില്ല. ഭരണിയിലെ എണ്ണ കുറഞ്ഞുപോകയുമില്ല.” അവൾ പ്രവാചകൻ പറഞ്ഞത് അതുപോലെ അനുസരിച്ചു. അത്ഭുതം എന്നു പറയട്ടെ. അവളുടെ കലത്തിലെ മാവ് എടുക്കുന്തോറും കൂടിക്കൂടി വന്നു. എണ്ണയും അതുപോലെ കൂടിക്കൂടി വന്നു. അവർക്ക് വളരെ സന്തോഷം തോന്നി. അങ്ങനെ അവളും മകനും അവളുടെ വീട്ടുകാരും അനേകനാൾ പട്ടിണിയില്ലാതെ ജീവിച്ചു. അവർ ദൈവത്തെ സ്തുതിച്ചു.

ഏലിയാപ്രവാചകനിൽകൂടി ദൈവം ചെയ്ത ഈ അത്ഭുതപ്രവൃത്തി എല്ലാവർക്കും മനസ്സിലായല്ലോ. നമ്മുടെ കുറവുകളും ബുദ്ധിമുട്ടുകളും നാം ദൈവത്തോട് അറിയിച്ച് പ്രാർത്ഥിച്ചാൽ അത് ദൈവം നമുക്ക് പരിഹരിച്ചുതരും.

**നമുക്ക് ചിന്തിക്കാം**

1. ഈ കഥയിലെ വിധവയുടെ ദേശം ഏതാണ്?

..............................................................................................................

2. വിധവയുടെ അടുക്കൽ ക്ഷീണിച്ച് വന്ന പ്രവാചകന്റെ പേരെന്ത്?

..............................................................................................................

3. വിധവയുടെ പക്കൽ എന്തെല്ലാം ഉണ്ടായിരുന്നു?

..............................................................................................................

4. പ്രവാചകൻ എന്താണ് വിധവയോട് ചോദിച്ചത്?

..............................................................................................................

5. പ്രവാചകന്റെ വാക്ക് അനുസരിച്ചപ്പോൾ വിധവയ്ക്ക് ലഭിച്ച അനുഗ്രഹം എന്തായിരുന്നു?

..............................................................................................................

## പ്രവർത്തനങ്ങൾ

1. താഴെപ്പറയുന്ന വസ്തുക്കൾ നമുക്ക് എങ്ങനെ ദാനം ചെയ്യാൻ കഴിയുമെന്ന് പറയുക.

വസ്ത്രങ്ങൾ:

..............................................................................................................

ഭക്ഷണം:

..............................................................................................................

പേന:

..............................................................................................................

പെൻസിൽ:

..............................................................................................................

2. ഈ കഥ ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക.
3. ഈ കഥ ഒരു സ്കിറ്റ് ആയി ക്ലാസ്സിൽ അവതരിപ്പിക്കുക.

**ഗുണപാഠം**

* *ദാനശീലം - ദൈവവേല*
* *കൊടുക്കുന്തോറും ഏറിടും*
* *പരോപകാരമേ പുണ്യം; പാപമേ പരപീഡനം*

## നമുക്ക് പാടാം

എനിക്കായി കരുതാമെന്നുരച്ചവനെ
എനിക്കൊട്ടും ഭയമില്ല നിനച്ചിടുമ്പോൾ
എനിക്കായി കരുതുവാനിഹത്തിലില്ലേ ഒന്നും
ചുമത്തുന്നെൻ ഭാരമെല്ലാം തന്റെ ചുമലിൽ

ക്ഷാമമേറ്റു സാരെഫാത്തിൽ സഹിച്ചിടാനായ്
മരിക്കുവാനൊരുക്കമായ് ഇരുന്നീടിലും
കലത്തിലെ മാവു ലേശം കുറയുന്നില്ലേ
എന്റെ കലശത്തിൽ എണ്ണ കവിഞ്ഞൊഴുകിടുമേ

## നമുക്ക് പ്രാർത്ഥിക്കാം

കരുണയുടെ ഉറവിടമായ ദൈവമേ...ആ സാരേഫാത്തിലെ വിധവ അവളുടെ ദാരിദ്ര്യത്തിലും പ്രവാചകനെ സഹായിക്കുവാൻ മനസ്സായതുപോലെ ..... ഞങ്ങൾക്കും നല്ല മനസ്സുതന്ന് അവിടുന്നു സഹായിക്കേണമേ...ആമ്മീൻ.

### നിശ്ചയം

**ഞങ്ങളുടെ കഴിവുകൾ മറ്റുള്ളവരുടെ നന്മയ്ക്കായി ഞങ്ങൾ വിനിയോഗിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | 1. രാജാ 17: 7-16 |
| തിങ്കൾ | 1 ദിന. 29:13-14 | വി. മത്തായി 25:34-40 |
| ചൊവ്വ | സദൃശ. 19:16-17 | വി. മത്തായി 25:45-46 |
| ബുധൻ | സങ്കീ. 15:1-5 | 2. കോരി. 8:1-4 |
| വ്യാഴം | സങ്കീ. 41:1-4 | 1 യോഹ. 3:17-19 |
| വെള്ളി | സങ്കീ. 72:12-15 | 2. കോരി. 8:7-9 |
| ശനി | സങ്കീ. 106:1-5 | 1 കോരി 6:19-20 |
| ഞായർ | വി. മത്തായി 6:1-4 | * |

പാഠം അഞ്ച്

# ആട്ടിടയൻ രാജാവായി

(1 ശമൂവേൽ 16: 1–13)

**മുഖ്യസന്ദേശം** : എളിയവരോടും ദരിദ്രന്മാരോടും ദൈവം കരുണ കാണിക്കുന്നു.

**മന:പാഠവാക്യം** : “ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.” (സങ്കീർത്തനങ്ങൾ 46: 1)

**പഠനസഹായികൾ**: 1. ആട്ടിടയന്റെയും രാജാവിന്റെയും ചിത്രങ്ങൾ

2. കുറെ ആടുകളുടെ ചിത്രം

## പാഠപരിചയം

യിസ്രായേലിലെ ആദ്യത്തെ രാജാവായിരുന്നു ശൗൽ. ശൗൽ ദൈവത്തെ അനുസരിക്കാതിരുന്നതുകൊണ്ട് ദൈവം അവനെ വിട്ടുമാറി. ശമുവേൽ പ്രവാചകൻ ദൈവം കല്പിച്ചതനുസരിച്ച് ബേത്‌ലഹേമിൽ ചെന്ന് യിശ്ശായിയുടെ മകനായ ദാവീദിനെ രാജാവായി അഭിഷേകം ചെയ്യുന്ന കഥയാണ് ഈ പാഠം.

## ആമുഖം

നിങ്ങൾ ആട്ടിടയന്മാരെ കണ്ടിട്ടുണ്ടോ? എന്താണ് അവരുടെ ജോലി? ടീച്ചർ കാണിച്ചു തരുന്ന ആടുകളുടെ ചിത്രം കാണുക. യേശു കർത്താവിന്റെ ജനനസമയത്ത് ആദ്യം ബേത്‌ലഹേമിൽ എത്തി യേശുക്കുഞ്ഞിനെ വണങ്ങിയത് ആരാണ്? അതെ. ആട്ടിടയന്മാർ. യിസ്രായേലിൽ ബേത്‌ലഹേം ദേശക്കാരനായ യിശ്ശായിയുടെ പുത്രനായ ആട്ടിയ ബാലനായിരുന്നു ദാവീദ്. നിങ്ങൾ സങ്കീർത്തനങ്ങൾ വായിച്ചുകേൾക്കാറില്ലേ? ഈ സങ്കീർത്തനങ്ങൾ ഭൂരിഭാഗവും എഴുതിയത് ആരാണെന്നറിയാമോ? ടീച്ചർ വേദപുസ്തകത്തിലെ സങ്കീർത്തനങ്ങൾ എന്ന ഭാഗം എടുത്ത് കാണിച്ചുതരുന്നത് ശ്രദ്ധിക്കുക. ഭൂരിഭാഗം സങ്കീർത്തനങ്ങളും എഴുതിയത് ദാവീദാണ്. ഈ ദാവീദ് ബാലനായിരിക്കുമ്പോൾ അദ്ദേഹത്തെ യിസ്രായേൽ രാജ്യത്തിന്റെ രാജാവായി ശമൂവേൽ പ്രവാചകൻ അഭിഷേകം ചെയ്യുന്ന കഥയാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

യിസ്രായേലിലെ ആദ്യത്തെ രാജാവായിരുന്നു. ശൗൽ. എന്നാൽ ശൗൽ ഒരിക്കൽ ദൈവത്തിനു വിരോധമായി അനുസരണക്കേട് കാണിച്ചു. ഇതറിഞ്ഞ ദൈവത്തിന്റെ

പ്രവാചകനായ ശമുവേൽ ശൗലിന്റെ അടുക്കൽചെന്ന് അവനോടു പറഞ്ഞു; "നീ യഹോവയുടെ കല്പന തള്ളിക്കളഞ്ഞതുകൊണ്ട് യഹോവ നിന്നെ യിസ്രായേലിന്റെ രാജസ്ഥാനത്തുനിന്ന് തള്ളിക്കളഞ്ഞിരിക്കുന്നു." ഇതു പറഞ്ഞിട്ട് അവർ പിരിഞ്ഞു.

**ചിന്തിക്കാം**

യിസ്രായേലിലെ ആദ്യത്തെ രാജാവ് ആരായിരുന്നു?

.....................................................................................................................

ശൗൽ ചെയ്ത തെറ്റ് എന്തായിരുന്നു?

.....................................................................................................................

ശൗലിന്റെ കാലത്ത് യിസ്രായേലിലെ പ്രവാചകൻ ആരായിരുന്നു?

.....................................................................................................................

അവർ പിരിഞ്ഞതിനുശേഷം ശമുവേൽ പ്രവാചകൻ വളരെ ദുഃഖിച്ചു. ഒരുദിവസം യഹോവ ശമുവേലിന് പ്രത്യക്ഷനായി അവനോട് പറഞ്ഞു: നീ ശൗലിനെ ഓർത്ത് എത്രകാലം ദുഃഖിച്ചിരിക്കും? ഞാൻ നിന്നെ ബേത്‌ലഹേമിലെ യിശ്ശായിയുടെ അടുക്കൽ അയയ്ക്കും. അവന്റെ മക്കളിൽ ഒരാളിനെ ഞാൻ രാജാവായി കണ്ടിരിക്കുന്നു."

യഹോവ തന്നോട് അരുളിച്ചെയ്തതനുസരിച്ച് ശമുവേൽ യാത്രയ്ക്കുള്ള ഒരുക്കങ്ങളൊക്കെ ചെയ്തു.

നേരം പുലർന്നു വരുന്നു...നല്ല തണുപ്പുണ്ട്. ദൈവത്തിന്റെ പ്രവാചകനായ ശമുവേൽ ബേത്‌ലഹം ലക്ഷ്യമാക്കി സഞ്ചരിക്കുകയാണ്. ബേത്‌ലഹേമിന്റെ പ്രാധാന്യം എന്താണെന്ന് എല്ലാവർക്കും അറിയാമല്ലോ? ങാ..ഇവിടെയാണ് യേശു ജനിച്ചത്. അഭിഷേകം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന തൈലക്കൊമ്പാണ് ശമുവേൽ കയ്യിൽ പിടിച്ചിരിക്കുന്നത്. പ്രഭാതത്തിന്റെ പ്രസരിപ്പുള്ള കാറ്റ്...അത്തിമരങ്ങൾ തലയാട്ടുന്നു. മുന്തിരിത്തോട്ടങ്ങൾ പച്ചപിടിച്ചുനില്ക്കുന്നു. ശമുവേൽ പ്രവാചകൻ ആകാംക്ഷയോടെ പ്രകൃതിസൗന്ദര്യം അസ്വദിച്ച് നടന്നുനീങ്ങി. പ്രവാചകനും ബാല്യക്കാരും നടന്നുനടന്ന് ബേത്‌ലഹേമിൽ എത്തി. യിസ്രായേലിന്റെ രാജാവിനെ കണ്ടെത്താനായി ദൈവം കല്പിച്ചതുപോലെ അദ്ദേഹം യിശ്ശായിയുടെ വീട്ടിലെത്തി.

**ചിന്തിക്കാം**

1. യിശ്ശായിയുടെ ഭവനം എവിടെയായിരുന്നു?

   .....................................................................................................................

2. ശമുവേൽ പ്രവാചകൻ എന്തിനായിരുന്നു യിശ്ശായിയുടെ ഭവനത്തിൽ എത്തിയത്?

   .....................................................................................................................

# കഴിവുകൾ

ദാവീദിന് കിന്നര വായനയിൽ
അപാരമായ കഴിവുണ്ടായിരുന്നു

നിങ്ങൾക്ക് എന്തൊക്കെ കഴിവുകളുണ്ട്...?

കൂട്ടുകാരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കാറുണ്ടോ



പ്രവാചകൻ ആദ്യമായി യിശ്ശായിയേയും മക്കളെയും ശുദ്ധീകരിച്ചു. മക്കളെ ഓരോരുത്തരെയായി വിളിച്ചു. ആദ്യം എലിയാബ്...പിന്നെ അബീനാദാബ്....ശമ്മ....ഇവരെ കണ്ടിട്ടൊന്നും ശമുവേലിന് ദൈവത്തിന്റെ സമ്മതം ഉണ്ടായില്ല. ഇനി എന്തുചെയ്യും? മക്കൾ ഏഴുപേരും വന്നുകഴിഞ്ഞു. "നിന്റെ മക്കൾ ഇനിയാരുമില്ലേ?" ശമുവേൽ ചോദിച്ചു. യിശ്ശായി മടിച്ച് മടിച്ച് പറഞ്ഞു: "ഉണ്ട്...ഒരുത്തനുണ്ട്. അവൻ പക്ഷേ, ബാലനാണ്...അവൻ ആടുകളെ മേയ്ക്കാൻ പോയിരിക്കുകയാണ്." ശമുവേൽ ഇതുകേട്ടയുടനെ പറഞ്ഞു: "അവനെ വിളിക്കൂ..." ഉടനെ യിശ്ശായി ആളയച്ച് അവനെ വരുത്തി. അവന്റെ പേര് ദാവീദ് എന്നായിരുന്നു. യിശ്ശായിയുടെ ഏറ്റവും ഇളയമകൻ. അവൻ പവിഴനിറമുള്ളവനും മനോഹരമായ കണ്ണുള്ളവനും സുന്ദരനും ആയിരുന്നു. ദാവീദിനെ കണ്ടയുടനെ യഹോവ ശമുവേലിന് അറിയിപ്പുകൊടുത്തു. "ഇവൻ തന്നെ...എഴുന്നേറ്റ് ഇവനെ അഭിഷേകം ചെയ്യുക." അങ്ങനെ ശമുവേൽ ദാവീദിനെ യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായി അഭിഷേകം ചെയ്തു. ദാവീദ് കിന്നരവായനയിൽ നിപുണനായിരുന്നു. അന്നുമുതൽ ദൈവത്തിന്റെ ആത്മാവ് ദാവീദിന്റെമേൽ വന്നു. പിന്നീട് അവൻ യിസ്രായേലിന്റെ രാജാവായിത്തീർന്നു.

നോക്കു കുട്ടികളെ, ദാവീദ് തന്റെ സഹോദരന്മാരിൽ ഏറ്റവും ഇളയവനും ചെറിയവനും ആയിരുന്നിട്ടും ദൈവം അവനെയാണ് യിസ്രായേലിന്റെ രാജാവാക്കുവാൻ തെരഞ്ഞെടുത്തത്. അവന്റെ കഴിവുകൾ അവന്റെ മാതാപിതാക്കന്മാരോ സഹോദരന്മാരോ മനസ്സിലാക്കിയില്ലെങ്കിലും ദൈവം മനസ്സിലാക്കി. ഇതുപോലെ നാമും ദൈവത്തിൽ അടിയുറച്ച് വിശ്വസിക്കുകയും ദൈവത്തിന്റെ ഇഷ്ടം ചെയ്ത് ജീവിക്കുകയും ചെയ്താൽ ദൈവം നമ്മിൽ വസിക്കും. അവൻ നമ്മെ ഉയർത്തി വലിയവരാക്കും.

## ചിന്തിക്കാം

എങ്ങനെയെല്ലാം നമുക്ക് ദൈവയിഷ്ടം ചെയ്തു ജീവിക്കാം?

* പതിവായി ആരാധനയിൽ പങ്കുകൊള്ളുക
* പതിവായി പ്രാർത്ഥിക്കുക
* നോമ്പുകൾ കൃത്യമായി നോക്കുക
* മറ്റുള്ളവരെ സഹായിക്കുക
* പതിവായി തിരുവചനം ധ്യാനിക്കുക
* പതിവായി സൺഡേസ്കൂളിൽ പങ്കെടുക്കുക
* മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കുക
* നന്നായി പഠിക്കുക
* ...........................................................................................................
* ...........................................................................................................

## നമുക്ക് ചിന്തിക്കാം

1. യിസ്രായേൽ രാജ്യത്തെ ആട്ടിടയനായ ബാലൻ ആര്?

   ..............................................................................................................

2. ദാവീദിന്റെ പിതാവിന്റെ പേര് എന്ത്?

   ..............................................................................................................

3. യിശ്ശായിയുടെ സ്വദേശം ഏത്?

   ..............................................................................................................

4. യിശ്ശായിക്ക് ആകെ എത്ര മക്കൾ ഉണ്ടായിരുന്നു?

   ..............................................................................................................

5. ദാവീദിന്റെ കാലത്തെ യിസ്രായേലിലെ പ്രവാചകൻ

   ..............................................................................................................

6. ആരെയായിരുന്നു ശമുവേൽ അഭിഷേകം ചെയ്തത്?

   ..............................................................................................................

7. ബാലനായ ദാവീദിന്റെ പ്രത്യേകതകൾ എന്തെല്ലാം?

   ..............................................................................................................

8. ദാവീദിനുണ്ടായിരുന്ന കഴിവുകൾ എന്തെല്ലാം?

   ..............................................................................................................

   ..............................................................................................................

## പ്രവർത്തനങ്ങൾ

1. ദാവീദിനെ അഭിഷേകം ചെയ്യുന്ന സംഭവം ഒരു സ്കിറ്റായി ക്ലാസ്സിൽ അവതരിപ്പിക്കുക.
2. യിശ്ശായിയും ശമുവേൽ പ്രവാചകനും തമ്മിലുള്ള സംഭാഷണം രണ്ടുകൂട്ടുകാർ ചേർന്ന് നടത്തുക.
3. നിങ്ങൾക്ക് ദൈവം തന്നിട്ടുള്ള കഴിവുകൾ ചിലത് പറഞ്ഞു കേൾപ്പിക്കുക. ചിത്രം 5 (1) നോക്കുക.

4. ദാവീദിന്റെ സംഗീതോപകരണം കാണുവാൻ 1 മുതൽ 60 വരെ കുത്തുകൾ യോജിപ്പിക്കുക. ചിത്രം 5(2)



## നമുക്ക് പാടാം

മല്ലന്മാരും വീരന്മാരും
വില്ലന്മാരായ് മാറുമ്പോൾ
എല്ലന്മാരാം ഭക്തന്മാരേ
വലിയവരാക്കും ദൈവം താൻ

## നമുക്ക് പ്രാർത്ഥിക്കാം

ആട്ടിടയനായ ദാവീദിനെ ഉയർത്തി യിസ്രായേലിന്റെ രാജാവാക്കിയ ദൈവമേ, ഞങ്ങളെയും ഉയർത്തി നിന്റെ പ്രിയമക്കളാക്കി തീർക്കേണമേ...ആമ്മീൻ.

**നിശ്ചയം**

**ഏത് ജോലിയിൽ ഏർപ്പെട്ടാലും ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ച് എല്ലാ പ്രശ്നങ്ങളെയും ഞങ്ങൾ നേരിടും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | 1 ശമു. 16:1-3 |
| തിങ്കൾ | സങ്കീ. 23:1-3 | 1 ശമു. 16:4-6 |
| ചൊവ്വ | സങ്കീ. 23:4-6 | 1 ശമു. 16:7-13 |
| ബുധൻ | സങ്കീ. 25:1-3 | 1 ശമു. 16:18-23 |
| വ്യാഴം | സങ്കീ. 25:4-7 | വി. യോഹ. 10:1-6 |
| വെള്ളി | സങ്കീ. 25:8-13 | വി. യോഹ. 10:7-10 |
| ശനി | സങ്കീ. 25:14-18 | വി. യോഹ. 10:11-18 |
| ഞായർ | സങ്കീ. 25:19-22 | * |

## പാഠം ആറ്

# വിദ്വാന്മാരുടെ ആഗമനം

(വി. മത്തായി 2: 1-12)

**മുഖ്യസന്ദേശം** : ഈ ലോകത്തിലെ പാണ്ഡിത്യംകൊണ്ടും സ്ഥാനമാനങ്ങൾ കൊണ്ടും ദൈവത്തെ ദർശിക്കുവാൻ സാധ്യമല്ല.

**മന:പാഠവാക്യം** : "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും." (വി. മത്താ 5: 8)

**പഠനസഹായികൾ:**
1. മൂന്നു വിദ്വാന്മാരെ കാണിക്കുന്ന ഒരു ചിത്രം
2. ക്രിസ്തുമസുമായി ബന്ധപ്പെട്ട വിവിധ ചിത്രങ്ങൾ
3. കുറെ കുന്തുരുക്കം

## പാഠപരിചയം

ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ലോകരക്ഷകനായ യേശു ജനിച്ചു. ആ സമയം ഒരു അത്ഭുത നക്ഷത്രം വാനിൽ ഉദിച്ചു. ഇതുകണ്ട 3 വിദ്വാന്മാർ ഒരു രാജാവ് ജനിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കി യാത്ര പുറപ്പെട്ട് ബേത്‌ലഹേമിലെത്തി ഉണ്ണിയേശുവിനെ കണ്ട് കാഴ്ചകളർപ്പിച്ച് മടങ്ങുന്നതാണ് ഈ പാഠം.

## ആമുഖം

നിങ്ങൾ രാത്രിയിൽ നക്ഷത്രങ്ങളെ നോക്കിയിട്ടുണ്ടോ? എന്തൊക്കെ പ്രത്യേകതകളാണ് നക്ഷത്രങ്ങൾക്കുള്ളത് അല്ലേ. ചിലത് വലുതായി കാണും. എന്നാൽ ചിലത് വളരെ ചെറുതായി പൊട്ടുപോലെ മാത്രം കാണും. യേശുക്കുഞ്ഞ് എവിടെയാണ് ജനിച്ചതെന്നറിയാമല്ലോ? ബേത്‌ലഹേമിൽ. അന്ന് ഒരു അത്ഭുതനക്ഷത്രം വാനിൽ ഉദിച്ചു. ഈ നക്ഷത്രം കണ്ടപ്പോൾ പണ്ഡിതരായ മൂന്നുപേർ അതിന്റെ അർത്ഥം മനസ്സിലാക്കി. ഒരു രാജാവ് ജനിച്ചിരിക്കുന്നു എന്ന് അവർക്ക് മനസ്സിലായി. ആ രാജാവിനെ കണ്ട് വണങ്ങി സമ്മാനങ്ങൾ സമർപ്പിക്കുവാനായി അവർ യാത്ര തിരിച്ചു. ഈ സംഭവമാണ് നമ്മൾ ഇന്നു പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

വല്യമ്മച്ചി കഥ പറയാൻ തുടങ്ങി. പേരക്കുട്ടികളായ ആരോണും കൃപയും തൊട്ടരികിലുണ്ട്. പല്ലുപോയ മോണകാട്ടി കാല് നീട്ടി ഉമ്മറത്തിരുന്ന് വല്യമ്മച്ചി കഥ തുടങ്ങി.

കഥപറയാം കാര്യം പറയാം
നക്ഷത്രത്തിൻ കഥ പറയാം
വിദ്വാന്മാരവർ മൂന്നായി
വന്നു നമിച്ചൊരു കഥ പറയാം

കുഞ്ഞുങ്ങളേ അവർ മൂന്നുപേരായിരുന്നു. വളരെ ദൂരത്തുനിന്നും അവർ യാത്ര ചെയ്തു ഉണ്ണിയേശുവിനെ കാണാൻ വന്നു. വഴിയാത്രക്കാരുടെ ചോദ്യത്തിനു അവർ ബുദ്ധിപൂർവ്വം മറുപടി നല്കി.

എവിടെപ്പോണൂ വിദ്വാന്മാരേ
പറയൂ നിങ്ങൾ സമ്മാനവുമായ്
നോക്കൂ നോക്കൂ സോദരരേ
കണ്ടോ നിങ്ങൾ പൊൻനക്ഷത്രം
രാജാവൊരുവൻ പിറന്നു വീണു

കേട്ടവർക്കൊക്കെ അത്ഭുതമായി. വിദ്വാന്മാർ പുഞ്ചിരിച്ചുകൊണ്ട് മുന്നോട്ടു നീങ്ങി, ഹെരോദാവിന്റെ കൊട്ടാരത്തിലെത്തി. ഹെരോദാ രാജാവ് വിദ്വാന്മാരെ ആദരപൂർവ്വം ക്ഷണിച്ചിരുത്തി. ക്ഷേമമാരാഞ്ഞു.

രാജകുമാരനെ തേടിയാണ് തങ്ങളിറങ്ങിയതെന്നു പറഞ്ഞപ്പോൾ രാജാവ് വിഷാദിച്ചു. "തനിക്കെതിരേ ഈ നാട്ടിൽ ഒരു രാജാവ് പിറന്നുവെന്നോ?" അദ്ദേഹം മനസ്സിൽ ചിന്തിച്ചു.

കൊട്ടാരത്തിലെ വേദപണ്ഡിതന്മാരെ വിളിച്ച് ഇക്കാര്യം അന്വേഷിച്ചു. വേദപണ്ഡിതന്മാർ മറുപടി പറഞ്ഞു.

ബേത്‌ലഹേമിൻ മണ്ണിൽനിന്നും
രാജാവൊരുവൻ വന്നീടും
ദൈവജനത്തെ മേയിപ്പാനായ്
തലവൻ വന്നു പിറന്നീടും
(വി.മത്താ 2: 6/മീഖാ 5: 1,2)

രാജാവിന് അസൂയയും ദേഷ്യവും തോന്നി. ഉണ്ണിയേശുവിനെ കൊന്നുകളയാൻ അയാൾ ആലോചിച്ചു. ബുദ്ധിപൂർവ്വം വിദ്വാന്മാരെ പറഞ്ഞയച്ചു.

"അയ്യോ പാവം....ആരോണും കൃപയും ഉറക്കെ വിളിച്ചു...."മുത്തശ്ശീ ആ ദുഷ്ടനായ രാജാവ് യേശുക്കുഞ്ഞിനെ എന്തെങ്കിലും ചെയ്തുവോ?"

ഇല്ല കുഞ്ഞുങ്ങളേ, അയാൾക്ക് ഉണ്ണിയേശുവിനെ കണ്ടെത്താൻ കഴിഞ്ഞില്ല. പക്ഷേ, വിദ്വാന്മാർ നക്ഷത്രത്തെ പിന്തുടർന്ന് ബേത്‌ലഹേമിലെ കാലിത്തൊഴുത്തിലെത്തി.

വീണു വണങ്ങീ വിദ്വാന്മാർ
കാഴ്ചയണച്ചൂ ദ്രവ്യങ്ങൾ
പൊന്നുംമൂരും നല്കീ പിന്നെ
കു-ന്തിരിക്കവുമേകിയവർ

വിദ്വാന്മാർ സന്തോഷത്തോടെ മടങ്ങിപ്പോയി....നമ്മുടെ ഉണ്ണിയേശുവിന്റെ പിറവിയുടെ കഥ അങ്ങനെ ആയിരുന്നു. വല്യമ്മച്ചി ഹ..ഹ..ഹ...മോണകാട്ടി ചിരിച്ചു.

**നമുക്ക് ചിന്തിക്കാം**

1. യേശുക്കുഞ്ഞിനെ കാണുവാൻ എത്ര പണ്ഡിതർ യാത്ര തിരിച്ചു?

   ......................................................................................................................................

2. അത്ഭുതനക്ഷത്രം കണ്ടപ്പോൾ വിദ്വാന്മാർക്ക് എന്തു മനസ്സിലായി?

   ......................................................................................................................................

3. വഴിമദ്ധ്യേ അവർ ഏത് കൊട്ടാരത്തിലാണ് കയറിയത്?

   ......................................................................................................................................

4. ശിശുവിന് എന്ത് സമ്മാനമാണ് അവർ കൊണ്ടുവന്നത്?

   ......................................................................................................................................

5. യേശുക്കുഞ്ഞിനെ കാണുവാനായി നിങ്ങളും കൂടിയായിരുന്നു പോയിരുന്നതെങ്കിൽ നിങ്ങൾ എന്തെല്ലാം കരുതുമായിരുന്നു?

   ......................................................................................................................................

## പ്രവർത്തനങ്ങൾ

1. വിദ്വാന്മാർ വന്ന് യേശുക്കുഞ്ഞിനെ കണ്ട് വണങ്ങി കാഴ്ചകൾ സമർപ്പിക്കുന്ന രംഗം ഒരു സ്കിറ്റായി ക്ലാസിൽ അവതരിപ്പിക്കുക.
2. യേശുവിന് നല്കുന്നതുപോലെ ചിന്തിച്ച് ഒരു സാധുവായ ആളിന് നിങ്ങളാൽ കഴിയുന്ന ഒരു സഹായം ചെയ്യുക.
3. അടുത്ത ക്രിസ്തുമസ്സിന് 25 ദിവസം നോമ്പ് നോല്ക്കുകയും ക്രിസ്തുമസ് (കർത്താവിന്റെ ജനനപ്പെരുന്നാൾ) ആഘോഷിക്കുകയും ചെയ്യുക.

4. വിദ്വാന്മാർക്ക് പുല്ക്കൂട്ടിലേക്ക് വഴി കാണിക്കാമോ?



5. എന്താണിത്. കുത്തുകൾ യോജിപ്പിക്കുക.



6. ഒരു ക്രിസ്തുമസ് കാലത്ത് നാം എങ്ങനെയൊക്കെ യേശുവിന്റെ ജനനസ്മരണ പുതുക്കുന്നു എന്ന് പറയുക.





## ക്രിസ്തുമസ് സമ്മാനം

ക്രിസ്തുമസ് വന്നു.
അപ്പുവിന്റെ വീട്ടിൽ സ്റ്റാറില്ല പുല്ക്കൂടില്ല.
എങ്ങനെ ഉണ്ടാകും പണമില്ലല്ലോ.

ക്രിസ്തുമസ് പ്രഭാതം
കതകിലാരോ മുട്ടുന്നു....ടും....ടും.....ടും
അപ്പു കതകു തുറന്നു നോക്കി.
പുറത്ത് പ്രിയ ചങ്ങാതി ടോം
കൈയിലൊരു പൊതി. ക്രിസ്തുമസ് സമ്മാനം
ചങ്ങാതീ ഇന്നു ക്രിസ്തുമസ് അല്ലേ.....
ഇത് നിനക്കിരിക്കട്ടെ....
അപ്പുവിന്റെ കണ്ണു നിറഞ്ഞു...
എന്റെ പ്രിയ കൂട്ടുകാരന്റെ സ്നേഹസമ്മാനം
ക്രിസ്തുമസ് സമ്മാനം.

## നമുക്ക് പാടാം

തൊഴുത്തിനുള്ളിലാരഹോ...
മോടിയായ് കിടക്കുന്നു
കന്യകയിൽ പിറന്നോ-
രേശുരാജനല്ലയോ (2)

കിഴക്കരായ ശാസ്ത്രികൾ
വാനിൽ നക്ഷത്രം കണ്ടു (2)
ഉടനെ പുറപ്പെട്ടല്ലോ
രാജനെക്കണ്ടിടുവാൻ (2)

പൊന്ന് മൂര് കുന്തിരിക്കം
കയ്യിലവരെടുത്തു (2)
കാഴ്ചകളണച്ചല്ലോ
രാജൻ മുമ്പിൽ സാദരം (2)

സന്തോഷമെ സന്തോഷം
സർവ്വജാതികൾക്കെല്ലാം (2)
യേശുരാജൻ പിറന്നൂ...
ഭൂമീലെല്ലാം സന്തോഷം (2)

## നമുക്ക് പ്രാർത്ഥിക്കാം

സ്നേഹവാനായ യേശുവേ, ലോകത്തിലെ പണ്ഡിതന്മാർക്ക് അങ്ങയെ കാണുവാനും കാഴ്ചകൾ അർപ്പിച്ച് സന്തോഷിക്കുവാനും ഭാഗ്യം കിട്ടിയല്ലോ. ഞങ്ങൾക്കും അങ്ങയെ കാണുവാൻ അവിടുന്ന് സഹായിക്കേണമേ. അവിടുത്തെ ഇഷ്ടം പ്രവർത്തിപ്പാൻ ഞങ്ങൾക്ക് ഇടയാക്കണമേ...ആമ്മീൻ.

**നിശ്ചയം**

**ഞങ്ങളുടെ ജീവിതത്തിൽ ഞങ്ങൾ യേശുവിനെ പ്രസാദിപ്പിക്കുന്നവരാകും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | വി. മത്തായി 2:1-6 |
| തിങ്കൾ | യശയ്യാ 57:15 | വി. മത്തായി 2:7-12 |
| ചൊവ്വ | സങ്കീ. 138:1-5 | വി. മത്തായി 2:13-15 |
| ബുധൻ | വി. മത്തായി 5:3-5 | യശയ്യാ 11:1-4 |
| വ്യാഴം | സങ്കീ. 138:6-8 | പുറപ്പാട് 4:29-31 |
| വെള്ളി | ഇയ്യോബ് 22:29 | ഉല്പത്തി 18:1-5 |
| ശനി | വി. മത്തായി 11:29 | 1 ദിന. 29:12 |
| ഞായർ | 1 പത്രോസ് 5:5-7 | * |

പാഠം ഏഴ്

# കാനായിലെ കല്യാണം

(വി. യോഹന്നാൻ 2:1–11)

**മുഖ്യസന്ദേശം** : ഇല്ലായ്മയിലും സമൃദ്ധി നല്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. വി. കന്യകമറിയാമിന്റെ മദ്ധ്യസ്ഥതയിൽ യാചിച്ചാൽ നമുക്ക് അസാദ്ധ്യകാര്യങ്ങൾപോലും സാധ്യമാകും.

**മന:പാഠവാക്യം** : "കൃപലഭിച്ചവളേ നിനക്കു വന്ദനം; കർത്താവ് നിന്നോടുകൂടെയുണ്ട്." വി. ലൂക്കോസ് 1: 28

**പഠനസഹായികൾ:** 1. കല്യാണക്കുറി

2. കല്യാണവിരുന്നിന്റെ ഒരു ചിത്രം

3. യേശുവും ജോലിക്കാരും 6 കല്പാത്രങ്ങളും ഉൾപ്പെടുന്ന ഒരു ചിത്രം.

## പാഠപരിചയം

യേശുവും അമ്മയായ മറിയാമും ശിഷ്യന്മാരും പങ്കെടുത്ത ഒരു വിവാഹവിരുന്നിൽആ കുടുംബത്തിന്റെ ഒരു വലിയ പ്രയാസഘട്ടത്തിൽ മാതാവിന്റെ മദ്ധ്യസ്ഥത മൂലം യേശുഅത്ഭുതം പ്രവർത്തിച്ച് പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയ കഥയാണ് ഈ പാഠം.

## ആമുഖം

നമ്മുടെ നാട്ടിൽ അനേകം കല്യാണങ്ങൾ നടക്കാറുണ്ടല്ലോ. ചില കല്യാണങ്ങൾക്കൊക്കെ നിങ്ങളും പോയിട്ടുണ്ട്, അല്ലേ? വിവാഹശുശ്രൂഷ കഴിഞ്ഞ് പങ്കെടുക്കുന്നവർക്കെല്ലാം നല്ല വിരുന്നും നല്കാറുണ്ടല്ലോ. യേശുകർത്താവും മാതാവും ശിഷ്യന്മാരും പങ്കെടുത്ത ഒരു വിവാഹവിരുന്നിൽവച്ച് യേശുകർത്താവ് മാതാവിന്റെ നിർദ്ദേശമനുസരിച്ച് തന്റെ ആദ്യത്തെ അത്ഭുതപ്രവൃത്തി നടത്തുന്ന കഥയാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

യേശുനാഥന്റെ കാലത്ത് ഗലീലയിലെ "കാനാ" എന്ന സ്ഥലത്ത് ഒരു കല്യാണം നടന്നു. കല്യാണത്തിന് അവർ അനേകം ആൾക്കാരെ ക്ഷണിച്ചിരുന്നു. അക്കൂട്ടത്തിൽ യേശുവിനെയും അമ്മയേയും ശിഷ്യന്മാരെയും ക്ഷണിച്ചിരുന്നു. അങ്ങനെ അവരും



കല്യാണവീട്ടിൽ എത്തി. വന്നുചേർന്നവർക്ക് എല്ലാം വിഭവസമൃദ്ധമായ വിരുന്നും ഒരു ക്കിയിരുന്നു.

വിവാഹം കഴിഞ്ഞു. വരനും വധുവും സന്തുഷ്ടരാണ്. ഒരുപാട് ആളുകൾ ആശംസകളുമായി കാത്തുനില്ക്കുന്നു. സത്ക്കാരം തുടങ്ങിക്കഴിഞ്ഞു...ഇത്രയുംനേരം കാത്തുനിന്ന ആളുകൾ നല്ല വിശപ്പുതീർക്കാൻ ഭക്ഷണം കഴിച്ചുതുടങ്ങി.

**ചിന്തിക്കാം**

1. ഏതു സ്ഥലത്താണ് കർത്താവിന്റെ കാലത്തെ പ്രസിദ്ധമായ കല്യാണം നടന്നത്?

   ..............................................................................................................

2. വിവാഹത്തിനു പങ്കെടുക്കുന്നവർ ഭക്ഷണത്തിന്റെ സമയമാകുമ്പോൾ ഹാളിലേക്കു ഇടിച്ചു കയറുന്നത് നല്ലതാണോ?

   ..............................................................................................................

3. വിവാഹകൂദാശ പള്ളിയ്ക്കുള്ളിൽ നടക്കുമ്പോൾ പുറത്ത് വർത്തമാനം പറഞ്ഞു നില്ക്കുന്നത് നല്ലതാണോ?

   ..............................................................................................................

കുറച്ചു പന്തികൾ കഴിഞ്ഞപ്പോഴേയ്ക്കും യഹൂദന്മാരുടെ വിരുന്നിലെ ഒരു പ്രധാന ഇനമായ വീഞ്ഞ് തീർന്നുപോയി. കലവറക്കാരൻ വളരെ വിഷമിച്ചു. തന്റെ കലവറ സൂക്ഷിപ്പു ചരിത്രത്തിലെ ആദ്യത്തെ സംഭവം...വിവാഹത്തിന്റെ പ്രധാന ഇനം തീർന്നു പോയാൽ ആകെ നാണക്കേടാവുമല്ലോ തമ്പുരാനേ... അയാളുടെ കണ്ണുകൾ നിറഞ്ഞു. കലവറക്കാരന്റെ വിഷമം മാതാവ് ശ്രദ്ധിച്ചു. അടുത്തുചെന്ന് കാര്യം തിരക്കിയറിഞ്ഞു... മാതാവ് പറഞ്ഞു: "വിഷമിക്കേണ്ട... നമുക്ക് പരിഹാരം ഉണ്ടാക്കാം." പെട്ടെന്ന് മാതാവ് യേശുവിന്റെ അടുക്കലെത്തി ഈ വാർത്ത അറിയിച്ചു. മാതാവിന്റെ പ്രയാസം യേശു മനസ്സിലാക്കി. അവിടെ ആറ് വലിയ കൽഭരണികൾ വച്ചിരുന്നു. അതിൽ പച്ചവെള്ളം കോരി നിറയ്ക്കുവാൻ വേലക്കാരോട് യേശു പറഞ്ഞു. അവർ അപ്രകാരം അനുസരിച്ചു. ആറ് ഭരണികളിലും നിറയെ വെള്ളം കോരി നിറച്ചു. "കൊണ്ടുപോയി കലവറക്കാരന്റെ കയ്യിൽ കൊടുക്കുവിൻ" എന്നു യേശു പറഞ്ഞു. അവർ കൊണ്ടുപോയി കൊടുത്തു. കലവറക്കാരന് ഇത്രയും വീഞ്ഞ് കണ്ടപ്പോഴുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. അദ്ദേഹം അത് രുചിച്ചുനോക്കി. "ഹായ്...എന്തു നല്ല രുചിയുള്ള വീഞ്ഞ്. നിങ്ങൾ ഇത്രയും നല്ല വീഞ്ഞ് ഇതുവരെയും എവിടെ വച്ചിരിക്കുകയായിരുന്നു?" വിരുന്നിനുവന്ന എല്ലാവരും വീഞ്ഞ് രുചിച്ചുനോക്കി എല്ലാവർക്കും വളരെ ഇഷ്ടമായി. വീഞ്ഞ് യഹൂദന്മാരുടെ ഒരു പാനീയമായിരുന്നു. അത് മദ്യമല്ല. പിന്നെയോ മുന്തിരിനീരാണ്. വി.കുർബ്ബാനയിൽ 'കാസാ'യിൽ ചേർക്കുന്നതാണ് വീഞ്ഞ്.

യേശുചെയ്ത ആദ്യത്തെ അത്ഭുതപ്രവൃത്തിയായിരുന്നു ഇത്. നമ്മുടെ ഇല്ലായ്മയിൽനിന്ന് നമ്മെ അത്ഭുതകരമായി സമൃദ്ധിയുടെയും സന്തോഷത്തിന്റെയും അനുഭവത്തിലേക്ക് മാറ്റുവാൻ ദൈവത്തിനു കഴിയും. വി. മാതാവാണ് തന്റെ മകനോട് അപേക്ഷിച്ച് ആ കുടുംബത്തിന്റെ കുറവ് പരിഹരിക്കുവാൻ സഹായിച്ചത്. ആ മാതാവ് ഇന്നും നമുക്കുവേണ്ടി സ്വർഗ്ഗത്തിലിരുന്ന് പ്രാർത്ഥിക്കുന്നുണ്ട്. ആ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് പ്രാർത്ഥിച്ചാൽ നമുക്ക് ദൈവത്തിന്റെ അനുഗ്രഹം ലഭിക്കും.

## നമുക്ക് ചിന്തിക്കാം

1. യേശു കർത്താവ് ചെയ്ത ആദ്യത്തെ അത്ഭുതപ്രവൃത്തി ഏത്?

   ..........................................................................................

2. വിരുന്നിലെ ഏതു ഇനമാണ് തീർന്നുപോയത്?

   ..........................................................................................

3. ആ വീട്ടിൽ എത്ര കൽപാത്രങ്ങൾ ഉണ്ടായിരുന്നു?

   ..........................................................................................

4. പാത്രങ്ങളിൽ എന്ത് നിറയ്ക്കുവാനാണ് കർത്താവ് ആവശ്യപ്പെട്ടത്?

   ..........................................................................................

5. ഈ അത്ഭുതപ്രവൃത്തി നടക്കുവാൻ ആരാണ് യേശുവിനോട് അപേക്ഷിച്ചത്?

   ..........................................................................................

6. മാതാവിന്റെ വാങ്ങിപ്പിനോട് ചേർന്ന് നാം നോക്കുന്ന നോമ്പ് ഏത്?
(3 നോമ്പ്, 8 നോമ്പ്, 15 നോമ്പ്, 50 നോമ്പ്)

.................................................................................................................................

7. നമ്മുടെ നാട്ടിലെ വിവാഹവുമായി ബന്ധപ്പെട്ട ചില വാക്കുകൾ തന്നിരിക്കുന്നു. ഇവയൊക്കെ എന്താണെന്ന് ചിന്തിക്കുക. ടീച്ചറോടും മറ്റ് മുതിർന്നവരോടും ചോദിക്കുക.

1. വിവാഹനിശ്ചയം, 2. വിളിച്ചുചൊല്ല്, 3. ദേശക്കുറി, 4. മിന്നുകെട്ട്, 5. മന്ത്രകോടി, 6. ദക്ഷിണ, 7. കച്ചകൊടുക്കുക

## പ്രവർത്തനങ്ങൾ

1. യേശു തന്റെ മാതാവിന്റെ ആഗ്രഹം മനസ്സിലാക്കി പ്രവർത്തിച്ചത് നാം കണ്ടല്ലോ. അതുപോലെ നിങ്ങളും നിങ്ങളുടെ മാതാപിതാക്കളുടെ ആഗ്രഹങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കണം. അതുപോലെ അവരുടെ ഉപദേശങ്ങൾ അനുസരിക്കണം.
2. ഈ കഥ ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക.
3. വി. കന്യകമറിയാമിനോട് നിങ്ങൾ എന്തൊക്കെ അപേക്ഷിക്കും?
4. അടുത്തുവരുന്ന 15 നോമ്പ് (മാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ) നന്നായി നോക്കുക.
5. ക്രിസ്തു വീഞ്ഞുണ്ടാക്കി എന്നത് 'മദ്യം' ഉണ്ടാക്കി എന്ന് ചിലർ ദുർവ്യാഖ്യാനിക്കാറുണ്ട്. നിങ്ങൾക്കെന്തു തോന്നുന്നു?



## നമുക്ക് പാടാം

കാനായിലെ കല്യാണവീട്ടിൽ
യേശു ചെന്നൊരു നാൾ.....
കന്യാമറിയം ശിഷ്യരും ക്ഷണിതാക്കളായവിടെ
കരുതിയിരുന്ന വീഞ്ഞെല്ലാം പോരാതെ വന്നാ നേരത്ത്
കർത്തന്റെ ചാരെ ചെന്നുണർത്തി ആ വാർത്ത മാതാവും....
ആജ്ഞാപിച്ചേശുനാഥൻ ശുശ്രൂഷകർ വന്നെത്തി
കല്പാത്രങ്ങൾ വക്കോളവും നിറച്ചു വെള്ളത്താൽ
വെള്ളം വീഞ്ഞാക്കി തീർത്തപ്പോ തൻ ദിവ്യശക്തിയാൽ
വിരുന്നുവാഴിക്കേകുവാൻ ചൊന്നേശു തമ്പുരാൻ
എങ്ങും മുഴങ്ങി തൻ മഹത്വം ഭൂവിലെങ്ങുമേ...

## നമുക്ക് പ്രാർത്ഥിക്കാം

സ്നേഹവാനായ യേശുവേ, കാനാവിലെ കല്യാണത്തിന് പച്ചവെള്ളത്തെ വീഞ്ഞാക്കി ഇല്ലായ്മയെ മാറ്റിയതുപോലെ ഞങ്ങളുടെ കുറവുകളെയും അങ്ങ് മാറ്റിത്തരണമേ. വി. കന്യകമറിയാമിന്റെ മദ്ധ്യസ്ഥത ഞങ്ങൾക്ക് അഭയവും കോട്ട യുമായി തീരേണമേ....ആമ്മീൻ.

## നിശ്ചയം

**വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് ഞങ്ങൾ പ്രാർത്ഥിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | വി. യോഹ. 2:1-4 |
| തിങ്കൾ | സങ്കീ. 27:1-9 | വി. യോഹ. 2:5-8 |
| ചൊവ്വ | സങ്കീ. 47:1-5 | വി. യോഹ. 2:9-11 |
| ബുധൻ | സങ്കീ. 47:6-9 | വി. ലൂക്കോസ് 2:5-20 |
| വ്യാഴം | സങ്കീ. 46:1-3 | വി. ലൂക്കോസ് 1:49-53 |
| വെള്ളി | സങ്കീ. 34:1-4 | വി. ലൂക്കോസ് 11:27-28 |
| ശനി | സങ്കീ. 26:1-3 | വി. ലൂക്കോസ് 8:19-21 |
| ഞായർ | സങ്കീ. 20:1-9 | * |

പാഠം എട്ട്

# യേശുവും കുഞ്ഞുങ്ങളും

വി. മർക്കോസ് 10:13-16

**മുഖ്യസന്ദേശം** : ദൈവം കുഞ്ഞുങ്ങളെ സ്നേഹിക്കുന്നു. നിഷ്കളങ്ക മനസ്സുള്ള വർക്കും ദൈവം ഏറ്റവും നല്ല സ്നേഹിതനാണ്.

**മന:പാഠവാക്യം** : "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവീൻ അവരെ തടുക്കരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ." വി. മർക്കോസ് 10:14.

**പഠനസഹായികൾ**:
1. യേശു ഒരു കുഞ്ഞിനെ മടിയിൽ ഇരുത്തിയിരിക്കുന്നതും മറ്റു കുഞ്ഞുങ്ങൾ ചുറ്റും നില്ക്കുന്നതുമായ ഒരു ചിത്രം.
2. വി. ഇഗ്നാത്തിയോസ് നൂറോനോയുടെ ചിത്രം.
3. ഒരു പൂന്തോട്ടത്തിന്റെ ചിത്രം.

## പാഠപരിചയം

യേശുതമ്പുരാൻ കുഞ്ഞുങ്ങളെ വളരെ സ്നേഹിച്ചിരുന്നു. അനേകം കുഞ്ഞുങ്ങൾ തന്റെ അടുക്കൽ വരികയും അവൻ അവരുടെ തലയിൽ കൈവച്ച് അവരെ അനുഗ്രഹിക്കുകയും ചെയ്തു. യേശുവിന് കുഞ്ഞുങ്ങളോടുള്ള സ്നേഹം വ്യക്തമാക്കുന്ന ഒരു പാഠമാണിത്.

## ആമുഖം

യേശുവും പൈതങ്ങളും ഒന്നിച്ചിരിക്കുന്ന ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടോ? ടീച്ചർ ഒരു ചിത്രം നിങ്ങൾക്ക് കാണിച്ചുതരും. ഈ ചിത്രം കണ്ടിട്ട് നിങ്ങൾക്ക് യേശു കർത്താവിന്റെ സ്നേഹം മനസ്സിലാകുന്നില്ലേ? കർത്താവ് കുഞ്ഞുങ്ങളെ എത്ര അധികം സ്നേഹിച്ചിരുന്നുവെന്നോ! കാരണം നല്ല കുഞ്ഞുങ്ങൾ കർത്താവിന്റെ പൂന്തോട്ടത്തിലെ പനിനീർപുഷ്പങ്ങളാണ്. അവരെ കർത്താവിന് വലിയ ഇഷ്ടമാണ്. യേശുവിന് കുഞ്ഞുങ്ങളോടുള്ള ഇഷ്ടം എത്രമാത്രമുണ്ടായിരുന്നു എന്നു തെളിയിക്കുന്ന ഒരു കഥയാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

മനോഹരമായ ഒരു പൂന്തോട്ടം നോക്കു എത്ര വർണ്ണപുഷ്പങ്ങൾ, ഏതൊക്കെ ചിത്രശലഭങ്ങൾ, തേൻ നുകരാൻ പറന്നെത്തുന്ന വണ്ടുകൾ, തേനീച്ചകൾ, ഹായ് എന്തു രസം അല്ലേ?

കുഞ്ഞുങ്ങൾ ദൈവത്തിന്റെ പൂന്തോട്ടത്തിലെ പനിനീർപ്പൂക്കളാണ്. നിഷ്കളങ്കരായ കുട്ടികൾ നറുമണം വിടർത്തി നില്ക്കുന്ന പൂക്കൾക്ക് തുല്യമാണ്. നമ്മുടെ ദൈവമായ കർത്താവിന്റെ ഉദ്യാനത്തിലെ വിവിധ ചെടികളാണ് ഓരോ കുഞ്ഞുങ്ങളും...

യേശുവും കുഞ്ഞുങ്ങളും ഒരുമിച്ചിരിക്കുന്ന ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടോ. കർത്താവിന് പൈതങ്ങളോടുള്ള സ്നേഹം പ്രകടമാക്കുന്ന ചിത്രമാണത്.

യേശു തമ്പുരാൻ തന്റെ പരസ്യശുശ്രൂഷാക്കാലത്ത് ഒരു പൈതലിനെ എടുത്തു ഉയർത്തിപ്പറയുന്ന ഒരു വേദഭാഗമുണ്ട്.

"പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുത്.
ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ."

ഇങ്ങനെ കർത്താവ് ചേർത്ത് അണച്ചുകൊണ്ട് പറഞ്ഞ ശിശുവാണ് ഇഗ്നാത്തിയോസ് നൂറോനോ എന്നറിയപ്പെടന്ന വിശുദ്ധ പിതാവ്.

'നൂറോനോ' എന്നാൽ തീയ്ക്കടുത്ത എന്നാണ് അർത്ഥം.

കർത്താവു അരുളിച്ചെയ്തതിന്റെ സാരാംശം ഇതാണ്. കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കരും ദൈവത്തിൽ പൂർണ്ണ വിശ്വാസം അർപ്പിക്കുന്നവരും ആയില്ല എങ്കിൽ നമുക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ഇല്ല.

"നിഷ്കളങ്കരായി നടന്നു നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം
സംസാരിക്കുകുയം ചെയ്യുന്നവർ..." (സങ്കീ 15:1,2)

യഹോവയുടെ ആലയത്തിലേക്ക് പ്രവേശിപ്പാൻ യോഗ്യതയുള്ളവർ നിഷ്കളങ്കരായിരിക്കും.

ഒരു കുഞ്ഞ് മാതാപിതാക്കളിൽ പൂർണ്ണമായി വിശ്വാസം അർപ്പിച്ചാണ് ജീവിക്കുന്നത്. കാപട്യമില്ലാതെയാണ് അവർ വിശ്വസിക്കുന്നത്. അതുപോലെ കാപട്യമില്ലാതെ ദൈവത്തിൽ വിശ്വാസമർപ്പിച്ച് ജീവിക്കുവാൻ നമുക്ക് കഴിയണം. ശിശുക്കൾക്ക് കാപട്യമില്ലാത്ത മനസ്സും നിഷ്കളങ്ക ഹൃദയവും ഉള്ളതുകൊണ്ട് ദൈവത്തിന്റെ കൃപ പ്രാപിപ്പാൻ കഴിയും എന്നതുകൊണ്ടാണ് നമുക്ക് ശിശുക്കളായിരുന്നപ്പോൾതന്നെ മാമോദീസാ നൽകിയത്. ഈ നിഷ്കളങ്കതയും പരിശുദ്ധിയും എന്നും നിലനിർത്തി ജീവിക്കണം എന്നുള്ളതാണ് ദൈവരാജ്യമക്കളായ നമ്മെക്കൊണ്ട് ദൈവം ആഗ്രഹിക്കുന്നത്.

യേശുവിനോട് ആത്മാർത്ഥമായി സംസാരിക്കുവാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? പ്രാർത്ഥന, ധ്യാനം, ആരാധന ഇവ ദൈവത്തോട് സംസാരിക്കുവാൻ നമ്മെ സഹായിക്കുന്ന മുഖാന്തിരങ്ങൾ ആണ്.

അലസതയും മടിയും ഉപേക്ഷിച്ച് ചിട്ടയോടും നിഷ്കളങ്കതയോടും വിശുദ്ധിയോടും ജീവിച്ച് ദൈവത്തെ പ്രീതിപ്പെടുത്തുവാൻ നമുക്ക് കഴിയണം.




**നമുക്ക് ചിന്തിക്കാം**

1. ആരെ തന്റെ അടുക്കലേക്ക് വിടുവാനാണ് കർത്താവ് പറഞ്ഞത്?

   ..............................................................................................................

2. യഹോവയുടെ ആലയത്തിലേക്ക് പ്രവേശിക്കുവാൻ യോഗ്യതയുള്ളവർ ആര് (15 -ാം സങ്കീർത്തനം നോക്കുക)

   ..............................................................................................................

3. യേശുവിനോട് സംസാരിക്കുവാൻ ഉള്ള മുഖാന്തിരങ്ങൾ ഏവ?

   ..............................................................................................................

4. യേശു തന്നോട് ചേർത്തുനിർത്തി അനുഗ്രഹിച്ച കുഞ്ഞ് ആരായി ത്തീർന്നു?

   ..............................................................................................................

## പ്രവർത്തനങ്ങൾ

1. നിങ്ങളുടെ കൂട്ടുകാരനാണ് യേശു എന്നു കരുതുക. യേശുവുമൊത്ത് നിങ്ങൾ എന്തെല്ലാം കളികളിലേർപ്പെടും
2. നിങ്ങളുടെ ഏറ്റവും അടുത്ത കൂട്ടുകാർ ആരെല്ലാമെന്ന് പറയുക.
3. അവരുടെ നല്ല ഗുണങ്ങൾ എന്തെല്ലാം?
4. നല്ല കൂട്ടുകാരെ കൂടുതൽ സമ്പാദിക്കുക.
5. മോശം കൂട്ടുകാരിൽനിന്ന് അകന്നുനില്ക്കുക.

## നമുക്ക് പാടാം

കൂട്ടുകാരെ നമുക്കൊന്നു ചേർന്ന്
പാട്ടുകൾ പാടി രസിച്ചീടാം (2)
യേശുവിൽ നാം ഒന്നു ചേർന്ന്
ദൈവസ്നേഹമറിഞ്ഞീടാം (2)

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളുടെ സ്നേഹിതനായ യേശുവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. അവിടുത്തെ പ്രിയ മക്കളാക്കി ഞങ്ങളെ തീർക്കേണമേ....ആമ്മീൻ.

**നിശ്ചയം**

**ഞങ്ങൾ യേശുവിനെ സ്നേഹിച്ച് യേശുവിന്റെ നല്ല കൂട്ടുകാരായി ജീവിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | വി. മർക്കോസ് 10:13-16 |
| തിങ്കൾ | സങ്കീ. 15:1-3 | 1 പത്രോസ് 1:16 |
| ചൊവ്വ | 1 ശമുവേൽ 3:19 | 1 പത്രോസ് 2:1-3 |
| ബുധൻ | വി. യോന 6:40 | വി. മത്തായി 18:1-5 |
| വ്യാഴം | 1 പത്രോസ് 5:3-7 | എബ്രായർ 12:5-9 |
| വെള്ളി | സങ്കീ. 128:1-4 | എഫേ. 6:1-3 |
| ശനി | സദൃ. 29:15-17 | വി. ലൂക്കോസ് 2:41-52 |
| ഞായർ | സങ്കീ. 127:3-5 | * |

പാഠം ഒൻപത്

# യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നു

(വി. ലൂക്കോസ് 5: 17–26)

**മുഖ്യസന്ദേശം** : രോഗികളെ ശുശ്രൂഷിക്കുന്നതും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും നമ്മുടെ കടമയാണ്.

**മന:പാഠവാക്യം** : വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും. (വി.യാക്കോബ് 5: 15)

**പഠനസഹായികൾ:**
1. വീടിനുമുകളിലൂടെ ഒരു രോഗിയെ താഴേക്ക് (യേശുവിന്റെ മുന്നിലേക്ക്) ഇറക്കുന്ന ചിത്രം.
2. ഒരു വീട്ടിൽ ഒരു രോഗിയും അടുത്തൊരാൾ നിന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്ന ചിത്രം.

## പാഠപരിചയം

രോഗികളെ ശുശ്രൂഷിക്കുവാനും അവരോടൊപ്പം സമയം ചെലവഴിക്കുവാനും കിട്ടുന്ന അവസരം ജീവിതത്തിലെ ഭാഗ്യമാണ്. രോഗികളെ ശുശ്രൂഷിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വെളിപ്പെടുത്തുന്ന പാഠമാണിത്.

## ആമുഖം

നിങ്ങൾ രോഗികളുടെ വീടുകളിൽ പോയിട്ടുണ്ടോ? തളർന്ന് കൈകാലുകൾ അനക്കാൻ കഴിയാതെ കിടക്കുന്ന രോഗികളെ കണ്ടിട്ടുണ്ടോ? അവരുടെ രോഗമാണ് പക്ഷവാതം. ഇങ്ങനെ തളർന്നുകിടന്ന ഒരു രോഗിയെ നാലുപേർ ചേർന്ന് യേശുവിന്റെ അടുക്കൽ എത്തിച്ച് അയാൾക്ക് സൗഖ്യം ലഭിക്കുന്ന സംഭവമാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

നാട്ടുവഴിയിലൂടെ ആരൊക്കെയോ ഓടിപ്പോകുന്നു...എന്തുപറ്റീ പപ്പൂട്ടി

തെക്കേലെ അമ്മിണിച്ചേട്ടത്തിക്ക് സൂക്കേട് ഇത്തിരി കൂടുതലാ... പപ്പൂട്ടി മറുപടി കേൾക്കാൻ നില്ക്കാതെ ഓടിപ്പോയി. “ഒരാൾക്ക് അസുഖം വന്നാൽ ഇവരെല്ലാംകൂടി അങ്ങോട്ടേക്ക് ഓടിച്ചെല്ലുന്നത് എന്തിനാ...അമ്മച്ചി? കുഞ്ഞുമോൾക്ക് സംശയം. അമ്മച്ചി കുഞ്ഞുമോളുടെ തലയിൽ തടവിക്കൊണ്ടു പറഞ്ഞു. അതാ മോളെ പരസഹായം.

പരോപകാരമേ പുണ്യം പാപമേ പരപീഡനം....കേട്ടിട്ടില്ലേ.

രോഗികളായി കിടക്കുന്നവർക്കുവേണ്ടി നാം പ്രാർത്ഥിക്കണം. അവരെ പോയി കാണണം, സഹായിക്കണം. നമ്മുടെ കർത്താവ് എത്രയോ രോഗികളെ സുഖപ്പെടുത്തിയിരിക്കുന്നു. കർത്താവ് സൗഖ്യമാക്കിയ ഒരു പാവം രോഗിയുടെ കഥ ഇതാ കേട്ടോളൂ... അമ്മച്ചി കഥ പറയുവാനായി കുഞ്ഞുമോളെ അടുത്തേക്ക് വലിച്ചിരുത്തി എന്നിട്ട് കഥ തുടങ്ങി.

ആ നാലുപേർ വിയർത്തൊലിച്ച് നടക്കുകയാണ്. ഒരു വലിയ കട്ടിലിൽ തളർന്നുകിടക്കുന്ന ആരോരുമില്ലാത്ത ആ പാവത്തിനേയും ചുമന്നുകൊണ്ട് അവർ നടന്ന് തളർന്നു.

"ദൈവമേ...ഈ നടപ്പു വെറുതെയാകുമോ. വൈദ്യന്മാർ തള്ളിയ കേസാണിത്. ഇപ്പോൾത്തന്നെ നാട്ടുകാർ ഞങ്ങളെ കളിയാക്കിച്ചിരിക്കുന്നുണ്ട്." ചുമന്നുകൊണ്ടുവന്ന നാലുപേരിൽ പ്രധാനി ഓർത്തു.

"ഇറങ്ങിയപ്പോൾത്തന്നെ ഭാര്യ വിലക്കിയതാണ്. സമയം മെനക്കെടുത്താൻ പോകേണ്ട എന്ന്. ഇയാൾക്ക് ആ യേശു സൗഖ്യം നല്കിയില്ലെങ്കിൽ...ഇന്ന് അത്ഭുതം സംഭവിച്ച് അയാൾ എഴുന്നേറ്റ് നടന്നില്ലെങ്കിൽ ഹൊ. അതാലോചിക്കാനേ പറ്റുന്നില്ല തലപെരുക്കുന്നു." അയാളൊരു നിമിഷം പ്രാർത്ഥനാ നിരതനായി. ഹൃദയം നൊന്തു പ്രാർത്ഥിച്ചു... യഹോവേ, അങ്ങയുടെ അഭിഷിക്തൻമൂലം, ആരോരുമില്ലാത്ത ഈ പാവപ്പെട്ട രോഗിയിൽ മനസ്സലിയേണമേ...ഞങ്ങൾ അവനെ ചുമന്നുകൊണ്ട് ഇതാ വരുന്നു. പൂർണ്ണസൗഖ്യം പ്രാപിച്ച് മടങ്ങുവാൻ ഈ ഞങ്ങളുടെ കൂട്ടുകാരന് ഇടയാകണമെ."

അയാളുടെ കണ്ഠമിടറി...കണ്ണിൽനിന്ന് കണ്ണുനീർ ഒഴുകി...അപ്പോഴേക്കും അവർ ക്രിസ്തു ഇരിക്കുന്ന ഭവനത്തിന് മുമ്പിൽ എത്തിക്കഴിഞ്ഞു. ഹൊ! എന്തൊരു ആൾതിരക്ക്. ഒരു പെരുന്നാൾ നടക്കുന്നതുപോലെയുണ്ട്. ഭവനവും പരിസരവും ആളുകളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. അതിനാൽ യേശുവിന്റെ അടുത്തേക്ക് നേരെ കയറുവാൻ അവർക്ക് കഴിഞ്ഞില്ല.

"യേശുവേ...തളർവാതരോഗിയായ ഇവനെ കട്ടിലോടെ ഞങ്ങൾ എങ്ങനെ അങ്ങയുടെ സന്നിധിയിൽ എത്തിക്കും....ദൈവം ഞങ്ങൾക്ക് ഒരു വഴി കാണിച്ചുതരട്ടെ..." അയാൾ വീണ്ടും പ്രാർത്ഥിച്ചു. പാവം രോഗി ഇതൊന്നും അറിയാതെ കട്ടിലിൽ കിടന്നു.

### ചിന്തിക്കാം

ഈ കഥയിൽ പറയുന്ന രോഗിയുടെ അസുഖം എന്തായിരുന്നു?

..........................................................................................................

ചുമന്നുകൊണ്ടുവന്ന നാല് പേർക്ക് രോഗിയോടുള്ള സ്നേഹത്തെപ്പറ്റി നിങ്ങൾക്ക് എന്ത് തോന്നുന്നു?

..........................................................................................................

യേശുവിന്റെ അടുത്തേക്ക് അവർക്ക് നേരെ കയറാൻ കഴിയാഞ്ഞത് എന്തുകൊണ്ട്?

..........................................................................................................

ആ നാലുപേരുംകൂടി ആലോചിച്ചു. “നമ്മൾ എങ്ങനെയെങ്കിലും ഇവനെ യേശു ക്രിസ്തുവിന്റെ അടുത്ത് എത്തിച്ചേ പറ്റൂ...നമുക്ക് വീടിന്റെ പുറകിലോട്ട് പോയി നോക്കാം.” അവർ വീടിന്റെ പുറകുവശത്തുചെന്ന് നോക്കി. “ഒരു വഴിയുണ്ട്...” ഒരാൾ പറഞ്ഞു: “ഈ പുരയുടെ ഓട് ഇളക്കിമാറ്റി കിടക്കയോടെ മുറിയിലേക്ക് ഇറക്കിവയ്ക്കാം...ഇതല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല.”

എല്ലാവരും അതു സമ്മതിച്ചു. അവർ നാലുപേരും ഒരുമനസ്സോടെ ഒന്നുചേർന്ന് പ്രവർത്തിച്ചതിനാൽ അവർക്ക് പ്രയാസമില്ലാതെ രോഗിയെ കർത്താവിന്റെ മുമ്പിലേക്ക് ഇറക്കിവയ്ക്കുവാൻ കഴിഞ്ഞു. ഇറക്കിവച്ചവരുടെ ഇത്ര വലിയ വിശ്വാസംകണ്ടിട്ട് കർത്താവിന്റെ മനസ്സലിഞ്ഞു. യേശു രോഗിയോട്: “നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു....എഴുന്നേറ്റ് കിടക്ക എടുത്തുകൊണ്ട് വീട്ടിലേക്ക് പോക” എന്നുപറഞ്ഞു. ഉടനെ തളർന്നുകിടന്ന രോഗി എഴുന്നേറ്റ് തുള്ളിച്ചാടി ദൈവത്തെ മഹത്വപ്പെടുത്തി. തന്നെ ചുമന്നുകൊണ്ടുവന്ന നാലുപേരോടും നന്ദി പറഞ്ഞു: “നിങ്ങളുടെ വിശ്വാസമാണ് എന്നെ രക്ഷിച്ചത്. ഞാൻ എന്നും നിങ്ങളോട് നന്ദിയുള്ളവനായിരിക്കും...” ഇതുപറഞ്ഞിട്ട് താൻ ഇതുവരെ കിടന്ന കിടക്കയും എടുത്തുകൊണ്ട് സന്തോഷത്തോടെ വീട്ടിലേക്ക് പോയി.

കൂട്ടുകാരേ, യേശു തമ്പുരാൻ സൗഖ്യമാക്കിയ പക്ഷവാതരോഗിയുടെ കഥ കേട്ടല്ലോ. ഇവിടെ രോഗിയുടെ വിശ്വാസമല്ല, മറിച്ച് ചുന്നുകൊണ്ടുവന്നവരുടെ വിശ്വാസം കണ്ടിട്ടാണ് കർത്താവ് രോഗിക്ക് സൗഖ്യം നല്കിയത്. അതുപോലെ നാമും മറ്റുള്ളവർക്കുവേണ്ടി, അതായത് രോഗികൾക്കുവേണ്ടിയും ആരോരും ഇല്ലാത്തവർക്കുവേണ്ടിയും മാതാപിതാക്കൾക്കുവേണ്ടിയും. കൂട്ടുകാർക്കുവേണ്ടിയും ഒക്കെ പ്രാർത്ഥിച്ചാൽ അത് ദൈവം കേൾക്കും നിശ്ചയം. എപ്പോഴും നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കണം.

**ഈ കഥയിൽ നാം കണ്ടതും കേട്ടതും**

നാലുപേർ ദുഃഖത്തോടെ നടന്നുവന്നു
ഒരാൾ ഒന്നുമറിയാതെ കിടന്നുവന്നു
അനേകം പേർ അത്ഭുതത്തോടെ നോക്കിനിന്നു
അഞ്ചുപേർ സന്തോഷത്തോടെ നടന്നുപോയി.

## നമുക്ക് ചിന്തിക്കാം

1. ഈ കഥയിലെ രോഗിയെ എങ്ങനെയാണ് ആ നാലുപേർ യേശുവിന്റെ അടുത്ത് എത്തിച്ചത്?

   ..............................................................................................................

2. അവരുടെ വിശ്വാസം കണ്ടിട്ട് കർത്താവ് രോഗിയോട് എന്തു പറഞ്ഞു?

   ..............................................................................................................

3. കർത്താവ് പക്ഷവാതക്കാരന് നല്കിയ രണ്ട് വലിയ സമ്മാനങ്ങൾ അറിയാൻ താഴെ കൊടുത്തിരിക്കുന്ന വൃത്തങ്ങളിലെ അക്ഷരങ്ങൾ ചേർത്തു വായിക്കുക.

   (പാ)ത്രം　(പ)മ്പരം　(മോ)ഹൻ　(ച)മ്മന്തി　സേവ(നം)

   (രോ)ഹിണി　(ഗ)മാലിയേൽ　(സൗ)മനസ്യം　പ്രാമു(ഖ്യം)

4. നിങ്ങൾക്ക് രോഗികളെയും മറ്റ് പാവപ്പെട്ടവരെയും എങ്ങനെയെല്ലാം സഹായിക്കാം?

   * എന്നും അവർക്കുവേണ്ടി പ്രാർത്ഥിക്കും.
   * വഞ്ചികയിൽ പൈസാ സ്വരൂപിച്ച് വച്ച് സഹായിക്കും
   * സാധുക്കൾ വീട്ടിൽ വന്നാൽ മാതാപിതാക്കളോട് പറഞ്ഞ് അവരെ സഹായിക്കും
   * വിശന്നു വരുന്നവർക്ക് മമ്മിയോടുപറഞ്ഞ് ഭക്ഷണം നല്കും.
   * നടക്കാൻ പ്രയാസമുള്ളവരെ കൈപിടിച്ചു നടത്തും.

## പ്രവർത്തനങ്ങൾ

1. രോഗിയെ ചുമന്നുകൊണ്ട് നാലുപേർ യേശുവിന്റെ അടുക്കലേക്ക് പോകുന്ന രംഗം നാലുപേർ ചേർന്ന് അഭിനയിക്കുക.
2. സൗഖ്യം ലഭിച്ച രോഗിക്കുണ്ടായ സന്തോഷവും അദ്ദേഹത്തിന്റെ വാക്കുകളും ക്ലാസ്സിൽ അവതരിപ്പിക്കുക.

3. ചിത്രം നോക്കി കഥ പറയുക

സ്നേഹവും സൗഖ്യവും....(കഥ പൂർത്തിയാക്കുക)



അലീനയും അഭിരാമിയും സുഹൃത്തുക്കളാണ്....ഒരാൾ കിടപ്പിലായി....

സ്നേഹപൂർവ്വമായ പരിചരണം......

പ്രാർത്ഥന..........

രോഗം ഭേദമായി...........

കൂട്ടുകാർക്ക് സന്തോഷമായി.

4. നിങ്ങളുടെ അയൽപക്കത്ത് രോഗികളായി കിടക്കുന്നവരുണ്ടെങ്കിൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കുക മുതിർന്നവർ അവിടെ പ്രാർത്ഥിക്കുവാൻ പോകുമ്പോൾ നിങ്ങളും അവരോടൊപ്പം പോയി പ്രാർത്ഥിക്കുക.

## നമുക്ക് പാടാം

രോഗശയ്യയിലെനിക്കു സഹായകനും
രാക്കാലഗീതവുമവൻ
നല്ല വൈദ്യനും ദിവ്യ ഔഷധവുമെൻ
ആത്മസഖിയുമവൻതന്നെ (2)

യേശുമാറാത്തവൻ യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ എത്ര നല്ലവൻ
ഇന്നുമെന്നും കൂടെയുള്ളവൻ (2)

## നമുക്ക് പ്രാർത്ഥിക്കാം

യേശുവേ, രോഗികളായ ഞങ്ങളുടെ പ്രിയപ്പെട്ടവരെ ശുശ്രൂഷിക്കുവാൻ ഞങ്ങളെ ബലപ്പെടുത്തേണമേ... അവരെ നീ തൊട്ട് സൗഖ്യമാക്കണമേ...ആമ്മീൻ.

## നിശ്ചയം

**ഞങ്ങൾ രോഗികളെ ശുശ്രൂഷിക്കുകയും അവർക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറപ്പാട് 15:22-26 |
| തിങ്കൾ | പുറപ്പാട്. 4:5-7 | ഇയ്യോബ് 42:7-10 |
| ചൊവ്വ | സങ്കീ. 103:1-4 | സങ്കീ. 103:5-8 |
| ബുധൻ | സങ്കീ. 103:9-13 | സങ്കീ. 103:14-19 |
| വ്യാഴം | സങ്കീ. 103:20-22 | വി. ലൂക്കോസ് 5:12-16 |
| വെള്ളി | വി. മർക്കോസ്. 1:40-45 | വി. മർക്കോസ് 2:1-12 |
| ശനി | വി. മത്തായി 15:21-28 | വി. ലൂക്കോസ് 7:2-10 |

## പാഠം പത്ത്

# യേശു സ്നേഹിച്ച കുടുംബം

(വി. യോഹന്നാൻ 11: 1-45)

**മുഖ്യസന്ദേശം** : മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേല്ക്കുവാനും മരിച്ചവരെ ഉയിർപ്പിക്കുവാനും യേശുവിന് കഴിഞ്ഞു. അതിനാൽ യേശുവിന്റെ പൈതങ്ങളായ നമുക്ക് മരണത്തെ പേടിക്കേണ്ടതില്ല.

**മന:പാഠവാക്യം** : ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. (വി.യോഹ 11:25)

**പഠനസഹായികൾ**:
1. ലാസറിനെ ഉയിർപ്പിക്കുന്ന ചിത്രം.
2. ഒരു കുടുംബത്തിന്റെ ചിത്രം
3. ഒരു കല്ലറയുടെ ചിത്രം

### പാഠപരിചയം

കർത്താവ് ഏറ്റവും കൂടുതൽ സ്നേഹിച്ച ബഥാന്യയിലെ ലാസറിന്റെ കുടുംബത്തിലെ ലാസർ മരിച്ചപ്പോൾ യേശു വേദനയോടെ കല്ലറയ്ക്കൽ എത്തി കരഞ്ഞ് പിതാവിനോടു പ്രാർത്ഥിച്ച് അവനെ ഉയിർത്തെഴുന്നേല്പ്പിക്കുന്ന കഥയാണ് ഈ പാഠം.

### ആമുഖം

നിങ്ങൾ മരണവീടുകളിൽ പോയിട്ടുണ്ടോ? ആ വീട്ടിൽ എല്ലാവർക്കും സങ്കടമാണോ അതോ സന്തോഷമാണോ ഉള്ളത്? അതെ സങ്കടംതന്നെ. ഇങ്ങനെയൊരു മരണവീട്ടിൽ ഒരു ദൈവപുരുഷൻവന്ന് പ്രാർത്ഥിച്ച് ആ മനുഷ്യനെ ജീവിപ്പിച്ചാലോ? അവിടെ എന്തെന്നില്ലാത്ത സന്തോഷമുണ്ടാകും അല്ലേ? ഇപ്രകാരം മരിച്ച ഒരു മനുഷ്യനെ യേശു ഉയിർപ്പിക്കുന്ന കഥയാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

അന്നുവും ചിന്നുവും ഇരട്ടകളാണ്. അവർക്ക് കഥ കേൾക്കാൻ വളരെ ഇഷ്ടമാണ്. അവർ അമ്മച്ചിയുടെ അടുത്തുകൂടി. അവരുടെ വല്യമ്മച്ചിയ്ക്ക് ഒരുപാട് കഥകൾ അറിയാം. അമ്മച്ചി പറയുന്ന കഥകൾ കേൾക്കാൻ വലിയ രസമാണ്.

അവർ ചോദിച്ചു. വല്ല്യമ്മച്ചീ...യേശുഅപ്പച്ചൻ മരിച്ചുപോയ ആരെയെങ്കിലും ജീവിപ്പിച്ചിട്ടുണ്ടോ?

അമ്മച്ചി: ഉണ്ടല്ലോ. ലാസറിനെ.. മരിച്ച് അടക്കം ചെയ്ത ലാസറിനെ യേശു കല്ലറ യിൽനിന്ന് ജീവിപ്പിച്ചു.

അമ്മച്ചീ...ആ കഥ ഞങ്ങൾക്കൊന്നു പറഞ്ഞുതരാമോ? നല്ല അമ്മച്ചിയല്ലേ?

ഇതാ കേട്ടോളൂ...

മാർത്തയും മറിയയും സഹോദരിമാരായിരുന്നു. അവരുടെ ഗ്രാമം യേശുലേമിനു സമീപത്തുള്ള ബഥാന്യ ആയിരുന്നു. അവരുടെ സഹോദരനായിരുന്നു ലാസർ. യേശു വളരെ സ്നേഹിച്ച ഒരു കുടുംബമായിരുന്നു അത്. ലാസറിന് ഒരു രോഗം പിടിപെട്ട് കിടപ്പിലായി. അപ്പോൾ കർത്താവ് അവിടെ ഇല്ലായിരുന്നു. സഹോദരിമാർ ആളയച്ച് കർത്താവിനോട് ലാസറിന്റെ രോഗവിവരം പറയിച്ചു. ഇതുകേട്ടപ്പോൾ കർത്താവിന് വളരെ വിഷമം ഉണ്ടായി. അവൻ ശിഷ്യന്മാരോടൊത്ത് ബഥാന്യയിലേക്ക് പോയി. അവർ ബഥാന്യയിലെത്തിയപ്പോഴേക്കും ലാസർ മരിച്ച് അവനെ അടക്കം ചെയ്തുകഴിഞ്ഞിരുന്നു. കർത്താവ് വീടിനടുത്ത് എത്തിയപ്പോൾത്തന്നെ കരച്ചിലുകൾ കേട്ടു. സഹോദരി മാരെ ആശ്വസിപ്പിക്കുവാൻ അനേകം യഹൂദന്മാർ അവിടെ കൂടിവന്നിരുന്നു. യേശു വരുന്നു എന്ന് കേട്ടപ്പോൾ മാർത്ത യേശുവിന്റെ അടുക്കലേക്ക് ഓടിച്ചെന്നു. എന്നിട്ടു പറഞ്ഞു: “കർത്താവേ അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്ക യില്ലായിരുന്നു.” യേശു അവളോട് എന്തു പറഞ്ഞു എന്നു കേൾക്കണോ... “ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു...എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.” മാർത്ത ഇതു കേട്ടയുടനെ വീട്ടിൽപോയി മറിയയെ കൂട്ടിക്കൊണ്ടുവന്നു. അവരെല്ലാവ രുംകൂടി യേശുവിന്റെ പിന്നാലെ കല്ലറയ്ക്കലേക്കു പോയി. യേശു കല്ലയ്ക്കൽനിന്ന് കണ്ണുനീരൊഴുക്കി കരഞ്ഞു. കല്ലറയുടെ വാതില്ക്കൽ ഒരു വലിയ കല്ല് വച്ചിരുന്നു. “കല്ല് നീക്കുവീൻ” എന്ന് കർത്താവ് പറഞ്ഞു. ഉടനെ ലാസറിന്റെ സഹോദരി മാർത്ത പറഞ്ഞു “കർത്താവേ നാറ്റം വച്ചുതുടങ്ങി; മരിച്ചിട്ട് നാലു ദിവസമായല്ലോ” എന്ന്.

ഉടനേ കർത്താവ് അവളോട്: ‘‘വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും”എന്നു പറഞ്ഞു. കൂടി നിന്നവർ കല്ല് ഉരുട്ടി നീക്കി. യേശു കണ്ണുകൾ ഉയർത്തി സ്വർഗ്ഗത്തിലേക്കു നോക്കി പ്രാർത്ഥിച്ചു:

“പിതാവേ നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കിലും നീ എന്നെ അയച്ചു എന്ന് ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് അവ രുടെ നിമിത്തം ഞാൻ പറയുന്നു” ഇങ്ങനെ പറഞ്ഞിട്ട് യേശു എന്തു പറഞ്ഞുവെന്നോ...

കല്ലറയ്ക്കുള്ളിലേക്കു നോക്കി “ലാസറേ...പുറത്തുവരിക” എന്ന് ഉറക്കെ വിളിച്ചു. ഉടനെ മരിച്ച ലാസർ പുറത്തുവന്നു. അവന്റെ കാലും കയ്യും തുണികൊണ്ട് കെട്ടിയും മുഖം തുണികൊണ്ട് മൂടിയുമിരുന്നു.

അവന്റെ കെട്ടുകൾ അഴിപ്പീൻ...അവൻ പോകട്ടെ...എന്ന് യേശു പറഞ്ഞു. യേശു ചെയ്ത ഈ അത്ഭുതം കണ്ട അനേകം യഹൂദർ അവനിൽ വിശ്വസിച്ചു. എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തി.



മക്കളേ....കഥ കേട്ടല്ലോ...മരണത്തെ ജയിച്ച് മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ കർത്താവാണ് നമ്മുടെ യേശു. അവന് മരിച്ചവരെ ഉയിർപ്പിക്കുവാനും കഴിയും എന്ന് ഈ അത്ഭുതത്തിൽകൂടി നമുക്ക് മനസ്സിലായല്ലോ. കർത്താവിന്റെ ശരീരവും രക്തവുമാകുന്ന വി.കുർബ്ബാന പതിവായി അനുഭവിക്കുന്നവർ മരിച്ചുപോയാലും തന്റെ രണ്ടാമത്തെ വരവിങ്കൽ അവൻ ഉയിർപ്പിക്കും. അതിനാലാണ് വി.ആരാധനയിൽ നാം ഇങ്ങനെ പാടുന്നത്:

കർത്താവേ നിൻ രക്ത ശരീരങ്ങൾ കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമേ നല്ലോർമ്മ
നിന്റെ മഹത്വമുദിക്കും നാൾ...
നില്ക്കണമവർ വലഭാഗത്തിൽ...

ഈ ഗാനം നമുക്കെല്ലാവർക്കും എഴുന്നേറ്റുനിന്ന് കൈകൾകൂപ്പി വാങ്ങിപ്പോയ എല്ലാ ആത്മാക്കൾക്കുംവേണ്ടിയുള്ള പ്രാർത്ഥനയായി ആലപിക്കാം.

## നമുക്ക് ചിന്തിക്കാം

1. ലാസറിന്റെ കുടുംബം ഏതു സ്ഥലത്തായിരുന്നു?

   ........................................................................................................................

2. ലാസറിന് എത്ര സഹോദരിമാരുണ്ടായിരുന്നു?

   ........................................................................................................................

3. അവരുടെ പേരെന്തായിരുന്നു?

..................................................................................................................

4. രണ്ടുപ്രാവശ്യം മരിക്കുകയും 2 പ്രാവശ്യം അടക്കപ്പെടുകയും ചെയ്ത ആൾ?

..................................................................................................................

5. യേശു വളരെ സ്നേഹിച്ച കുടുംബം

..................................................................................................................

6. എവിടെ വച്ചാണ് യേശു കണ്ണീരൊഴുക്കി കരഞ്ഞത്?

..................................................................................................................

7. ദൈവത്തിന്റെ മഹത്വം കാണുവാൻ നാം എന്തു ചെയ്യണം?

..................................................................................................................

8. യേശു അത്ഭുതം പ്രവർത്തിക്കുന്നതിനുമുമ്പ് കല്ലറയ്ക്കൽ ചെന്ന് എന്തുചെയ്തു?

..................................................................................................................

## പ്രവർത്തനങ്ങൾ

1. മുതിർന്നവരോടൊത്ത് മരണവീടുകളിൽ പോവുകയും പ്രാർത്ഥിക്കുകയും ചെയ്യണം.
2. കുടുംബവൃക്ഷം (Family tree) വരയ്ക്കുക. (ചിത്രം നോക്കുക)



മുൻപേജിൽ കണ്ടതുപോലെ പ്രിയപ്പെട്ട കൂട്ടുകാരേ നമ്മുടെ വല്യപ്പച്ചൻ വല്ല്യമ്മച്ചി അവരുടെ മക്കൾ അവരുടെ കുഞ്ഞുങ്ങൾ ഇങ്ങനെ ഒരു വൃക്ഷം വരയ്ക്കാമോ?

3. എന്തൊക്കെ ചെയ്യുമെന്ന് പറയുക.

യേശു നമ്മുടെ വീട്ടിൽ ഉണ്ടെങ്കിൽ നാം...



* നന്നായി സംസാരിക്കും (നല്ല ഭാഷ ഉപയോഗിക്കും)
* നന്നായി അനുസരിക്കും (വികൃതി കാണിക്കില്ല)
* എല്ലാ ദിവസവും പ്രാർത്ഥിക്കും (പ്രാർത്ഥിക്കുമ്പോൾ ഉറങ്ങില്ല)
* എല്ലാവരെയും സഹായിക്കും (വീട്ടിൽ പറഞ്ഞ് ചെയ്യിക്കും)

4. ഈ വാചകം നന്നായി എഴുതി ഭിത്തിയിൽ പതിപ്പിക്കുക

**Christ is a silent listener in our home,**
**He is an unseen guest in our dine.**

## നമുക്ക് പാടാം

രക്ഷകനേശുവിൻ സന്നിധിയിൽ
കടന്നുവന്നിടുവിൻ
മഹത്വരാജനായ് നിന്നിലേക്കിന്നവൻ എഴുന്നള്ളീടട്ടെ...
ആതങ്കം നീക്കുവാൻ...ആനന്ദമേകുവാൻ
ആത്മനാഥൻ നിന്നെയും വിളിച്ചിടുന്നു...

ലാസർ മരിച്ചവനായിരുന്നു.....നാറ്റം വച്ചിരുന്നു
അവനുയിരേകിയ ദൈവശബ്ദം ഇന്നു നിന്നിൽ മുഴങ്ങീടട്ടെ....
കല്ലറ തുറക്കട്ടെ....കെട്ടുകൾ അഴിയട്ടെ....
മരണബന്ധനങ്ങളെ വിട്ടുപോകുവിൻ....(രക്ഷകനേശുവിൻ...)

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളെ സ്നേഹിക്കുന്ന യേശുവേ....മരിച്ചുപോയ ലാസറിനെ ജീവിപ്പിക്കുവാൻ അവിടുന്നു മനസ്സുവച്ചല്ലോ....ഞങ്ങളുടെ ഭവനത്തിലേക്കും നീ കടന്നുവന്ന് ഞങ്ങളുടെ തെറ്റുകളും കുറ്റങ്ങളും കഴുകി ഞങ്ങളെ നീ വെടിപ്പാക്കണമേ... വിശുദ്ധിയോടെ ജീവിപ്പാൻ ഞങ്ങളെ സഹായിക്കേണമേ....ആമ്മീൻ.

### നിശ്ചയം

**തെറ്റുകളിൽനിന്ന് ഒഴിഞ്ഞ് വിശുദ്ധിയിൽ ജീവിപ്പാൻ ഞങ്ങൾ പരിശ്രമിക്കും. പതിവായി ഞങ്ങൾ വി. കുർബ്ബാന അനുഭവിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | വി.യോഹ 11: 1–15 |
| തിങ്കൾ | 1 യോഹ 3: 13–16 | വി.യോഹ 11: 17–30 |
| ചൊവ്വ | റോമർ 5: 6–12 | വി.യോഹ 11: 31–45 |
| ബുധൻ | 2 കൊരി 5: 1–10 | വി. മത്താ 9: 18–26 |
| വ്യാഴം | 1 കൊരി 15: 20–28 | വി. യോഹ 12: 1–8 |
| വെള്ളി | ഫിലിപ്യ 1: 20–25 | വി.യോഹ 12: 9–11 |
| ശനി | 1 യോഹ 5 13–29 | വി. ലൂക്കോ 7: 11–17 |
| ഞായർ | 1 രാജാ 17:17–24 | * |

## യൂണിറ്റ് രണ്ട്

# പ്രാർത്ഥന

### പാഠം പതിനൊന്ന്

## നമുക്ക് പതിവായി പ്രാർത്ഥിക്കാം

**മുഖ്യസന്ദേശം** : രാവിലെയും വൈകുന്നേരവും പതിവായി പ്രാർത്ഥിക്കണം.

**മന:പാഠവാക്യം** : "നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴ് പ്രാവശ്യം നിന്നെ സ്തുതിക്കുന്നു." (സങ്കീർത്തനങ്ങൾ 119:164)

**പഠനസഹായികൾ**:
1. നമസ്കാരപുസ്തകം
2. പ്രത്യേക സന്ദർഭത്തിലെ പ്രാർത്ഥനകളുടെ പുസ്തകം
3. വി. വേദപുസ്തകം
4. പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുന്ന ഒരു കുട്ടിയുടെ ചിത്രം

### പാഠപരിചയം

രാവിലെയും വൈകിട്ടും പതിവായി നാം പ്രാർത്ഥിക്കണം. യേശുകർത്താവ് പതിവായി പ്രാർത്ഥിക്കുമായിരുന്നു. ദാനിയേൽ യരുശലേമിന്റെ നേരെ നോക്കി മുട്ടുകുത്തി പ്രാർത്ഥിച്ചു. പ്രാർത്ഥിക്കുന്ന കാര്യത്തിൽ ഒരു മടിയും കാണിക്കുവാൻ പാടില്ല എന്ന് വെളിപ്പെടുത്തുന്ന ഒരു പാഠമാണിത്.

### ആമുഖം

നമ്മൾ എല്ലാവരും പ്രാർത്ഥിക്കാറുണ്ടല്ലോ? എപ്പോഴൊക്കെയാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്.? എല്ലാ ദിവസവും പ്രാർത്ഥിക്കാറുണ്ടോ? ആർക്കൊക്കെവേണ്ടിയാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്? പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് നല്ല ഉത്സാഹമുണ്ടോ? ദാവീദ്രാജാവിന് പ്രാർത്ഥിക്കുന്നത് എത്ര ഉത്സാഹമായിരുന്നെന്നോ? അതുപോലെ ദാനിയേൽ പ്രവാചകനും ഒരു വലിയ പ്രാർത്ഥനാമനുഷ്യനായിരുന്നു. എപ്പോഴെല്ലാം പ്രാർത്ഥിക്കണം? എന്തിനാണ് പ്രാർത്ഥിക്കുന്നത്? ഈ കാര്യങ്ങളാണ്, നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ടീച്ചർ ഇന്ന് നിങ്ങൾക്ക് ഒരു കഥ പറഞ്ഞുതരാം. "ജോണിക്കുട്ടീ...ജോണിക്കുട്ടിയേ...എഴുന്നേറ്റേടാ... രാവിലെ പ്രാർത്ഥിക്കണ്ടായോ?" അപ്പച്ചന്റെ വിളി കേട്ടതും ജോണി പുതപ്പ് വലിച്ചിട്ട് ഒന്നുകൂടി ചുരുണ്ട് കിടന്നു.

"മോനേ... എഴുന്നേൽക്ക്... നല്ല കുട്ടികളായാൽ വെളുപ്പിന് എഴുന്നേൽക്കും...എന്നിട്ട് ഒന്നിച്ചു പ്രാർത്ഥിക്കും." അപ്പച്ചൻ പുതപ്പ് മെല്ലെ നീക്കി ജോണിക്കുട്ടിയെ എഴുന്നേൽപ്പിച്ച് ബാത്തിറൂമിലേക്ക് വിട്ടു. അവൻ പല്ലുതേച്ച് മുഖം കഴുകി വന്നു. അപ്പോഴേക്കും അപ്പച്ചൻ പാട്ട് തുടങ്ങിയിരുന്നു. വീട്ടിലുള്ള എല്ലാവരും ചേർന്ന് പാട്ടുപാടി. ഓരോരുത്തരായി വേദപുസ്തകം വായിച്ചു. ജോണിക്കുട്ടി ശ്രദ്ധയോടെ കേട്ടിരുന്നു. എന്നിട്ട് ഒന്നിച്ച് പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞ് അപ്പച്ചൻ ജോണിക്കുട്ടിയെയുംകൊണ്ട് പ്രഭാതസവാരിക്ക് പോയി. പോയവഴി പതിവുപോലെ അവൻ സംശയങ്ങൾ ചോദിക്കാൻ തുടങ്ങി.

"അപ്പച്ചാ, എന്തിനാ വെളുപ്പിനെ എഴുന്നേൽക്കുന്നത്? നമ്മൾ എഴുന്നേൽക്കുന്ന സമയത്തു പ്രാർത്ഥിച്ചാൽ പോരായോ?"

"മോനേ ഇത് നമ്മൾ ഒ.വി.ബി.എസ്സിൽ പഠിച്ച ഒരു പാട്ടിലെ ആശയംപോലെയുണ്ടല്ലോ. നീ ഓർക്കുന്നില്ലേ?"

അപ്പച്ചൻ പാടിക്കൊടുക്കുന്നു. ജോണിക്കുട്ടി ഏറ്റുചൊല്ലുന്നു. അവർ പാടിയ ഈ പാട്ട് നമുക്കും ഒന്ന് ചൊല്ലാം. ടീച്ചർ പാടിത്തരാം. എല്ലാവരും ഏറ്റുചൊല്ലണം.

രാവിലെ കോഴി പൂവൻ കൂകി
പിള്ളേരാരുമുണർന്നില്ല-ഹൊയ്
പിള്ളേരാരുമുണർന്നില്ല

ആ പിള്ളേരോ കമ്പിളിയുള്ളിൽ
കണ്ണുമടച്ചു കിടക്കുന്നു-ഹൊയ്
കണ്ണുമടച്ചു കിടക്കുന്നു

അവരുടെയപ്പൻ ചെറുവടിയാലൊരു
തല്ലുകൊടുത്തിട്ടവരോട്
പ്രാർത്ഥിച്ചീടാനുള്ളൊരു കാലം
പാഴാക്കല്ലെ കുഞ്ഞുങ്ങളെ (2)

"ഈ പാട്ടിലെ പിള്ളേരെപ്പോലെ നമ്മൾ ആയാൽ മതിയോ? പോരാ...എല്ലാ ദിവസവും കൃത്യസമയത്തു എഴുന്നേൽക്കുന്ന ശീലമുണ്ടാവണം. എണീറ്റാലുടനെ ഇന്നു ചെയ്തപോലെ പ്രഭാതകൃത്യങ്ങൾ ചെയ്തിട്ട് പ്രാർത്ഥിക്കാൻ തുടങ്ങണം. വ്യായാമം ചെയ്യണം, പഠിക്കണം. ഇങ്ങനെ എല്ലാത്തിനും ഒരു നിഷ്ഠ വേണം. ഇനിയും വേദപുസ്തകം വായിക്കുമ്പോൾ ശ്രദ്ധിക്കണം. യേശു അപ്പച്ചൻ പതിവായി പ്രാർത്ഥിപ്പാൻ പോയി എന്ന് പല പ്രാവശ്യം പറയുന്നുണ്ട്. അതിനാൽ നമ്മളും പതിവായി കൃത്യസമയത്തുതന്നെ പ്രാർത്ഥിക്കണം. എന്താ... മനസ്സിലായോ?

“മനസ്സിലായി... അപ്പച്ചാ, പ്രാർത്ഥിച്ചിട്ട് അനുഗ്രഹം കിട്ടിയ ഒരു കഥ എനിക്കു പറഞ്ഞുതരാമോ?”

“തീർച്ചയായും...അപ്പച്ചൻ ദാനിയേൽപ്രവാചകന്റെ കഥ പറഞ്ഞുതരാം.”

“സിംഹക്കുഴിയിൽ ഇട്ട കഥയല്ലേ? പറയൂ അപ്പച്ചാ...”

“മിടുക്കൻ...”

“ദാര്യാവേശ് എന്ന രാജാവിന്റെ കാലത്താണ് ദാനിയേൽ ജീവിച്ചിരുന്നത്. രാജാവിന്റെ ഉപദേശകന്മാർ, ദാനിയേലിന്റെ ഭക്തിയും വിശ്വസ്തതയും കണ്ട് അവനെ കുടുക്കുവാൻ തന്ത്രം ആലോചിച്ചു. അവർ രാജാവിന്റെ അടുക്കൽ ചെന്ന് ഒരു കല്പന എഴുതിപ്പിച്ചു. അതെന്താണെന്നോ...? ‘മുപ്പത് ദിവസത്തേക്ക് ആരും ദൈവത്തെ ആരാധിക്കരുത്. രാജാവിനെ ആരാധിക്കണം.’ ഇതായിരുന്നു കല്പന. രാജാവിന്റെ ഭടന്മാർ നാടുനീളെ നടന്ന് ചെണ്ട കൊട്ടി ഈ കല്പന അറിയിച്ചു. കേട്ടവർ എല്ലാവരും ദൈവത്തെ ആരാധിക്കുന്നത് നിർത്തിയിട്ട് രാജാവിനെ ആരാധിച്ചു. എന്നാൽ ദാനിയേൽ ചെയ്തതെന്താണെന്നറിയാമോ?...

“ഇല്ല... പറയൂ അപ്പച്ചാ... എനിക്ക് കേൾക്കാൻ കൊതിയാവുന്നു.”

“ങാഹാ... നമ്മൾ നടന്നു നടന്ന് നമ്മുടെ വീട്ടിൽ എത്തിയല്ലോ. എങ്കിൽ അപ്പച്ചൻ ഈ ഭാഗം വേദപുസ്തകത്തിൽനിന്നുതന്നെ എടുത്ത് വായിച്ച് കേൾപ്പിക്കാം.”

അപ്പച്ചൻ ദാനിയേൽ പ്രവാചകന്റെ പുസ്തകം 6-ാം അദ്ധ്യായം 10-ാം വാക്യം വായിച്ചു കേൾപ്പിച്ചു.

‘എന്നാൽ രേഖ (കല്പന) എഴുതിയിരിക്കുന്നു എന്ന് ദാനിയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു—അവന്റെ മാളികമുറിയുടെ കിളിവാതിൽ യരുശലേമിന് നേരെ തുറന്നിരുന്നു—താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നുപ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു.’ ഇതറിഞ്ഞ രാജാവ് ദാനിയേലിനെ സിംഹക്കുഴിയിലിടുവാൻ കല്പന കൊടുത്തു. പടയാളികൾ അദ്ദേഹത്തെ സിംഹക്കുഴിയിലിട്ടു. പതിവായി പ്രാർത്ഥിക്കുന്ന ശീലമുണ്ടായിരുന്നതിനാൽ ദൈവം ദാനിയേലിനെ സിംഹക്കുഴിയിൽനിന്ന് രക്ഷിച്ചു.

“കഥ കേട്ടല്ലോ... അതുപോലെ നമ്മളും പതിവായി കൃത്യസമയങ്ങളിൽ പ്രാർത്ഥിക്കണം.”

“എപ്പോഴെല്ലാമാണ് അപ്പച്ചാ പ്രാർത്ഥിക്കേണ്ടത്?”

“മോനെ... സഭ പഠിപ്പിക്കുന്നത് ദിവസം ഏഴു നേരം പ്രാർത്ഥിക്കണമെന്നാണ് ഈ സമയങ്ങളെ 7 യാമങ്ങൾ എന്നു പറയുന്നു. സന്ധ്യ, സൂത്താറ, പാതിരാത്രി, പ്രഭാതം, മൂന്നാംമണി, ആറാം മണി, ഒമ്പതാം മണി.”

“മോനെ 119-ാം സങ്കീർത്തനം 164-ാം വാക്യത്തിൽ ഇത് വ്യക്തമാണ്. ഈ വാക്യം എല്ലാവരും ചേർന്ന് രണ്ടുമൂന്നു പ്രാവശ്യം ചൊല്ലുക.

സന്ധ്യാപ്രാർത്ഥന, സൂത്താറാ (ഉറങ്ങാൻ പോകുന്നതിനു മുമ്പുള്ള പ്രാർത്ഥന), പാതിരാത്രി പ്രാർത്ഥന, പ്രഭാതപ്രാർത്ഥന, മൂന്നാം മണി (രാവിലെ ഒമ്പതുമണി), ആറാം മണി (മദ്ധ്യാഹ്ന അഥവാ ഉച്ചസമയത്തെ പ്രാർത്ഥന), ഒമ്പതാം മണി (ഉച്ചകഴിഞ്ഞ് 3 മണി) പ്രാർത്ഥന ഇവയാണ് ആ ഏഴ് പ്രാർത്ഥനാ സമയങ്ങൾ (ഏഴ് യാമങ്ങൾ)."

"അങ്ങനെയെങ്കിൽ നമ്മൾ എന്താണ് രാവിലെയും വൈകിട്ടും മാത്രം പ്രാർത്ഥിക്കുന്നത്?"

"മോനെ... ഏഴുനേരത്തെ പ്രാർത്ഥനകളും സൗകര്യത്തിനായി രാവിലെയും വൈകിട്ടും നടത്തുകയാണ്. എന്നാൽ ദയറാകളിലും മറ്റും ഈ ഏഴ് യാമങ്ങളിലെ പ്രാർത്ഥനകൾ അതതു സമയത്തുതന്നെ നടത്തിവരുന്നു."

"അപ്പച്ചാ... നമുക്ക് ഇനി എന്നും കൃത്യമയത്തുതന്നെ പ്രാർത്ഥിക്കണം... ഞാൻ ഉറങ്ങിപ്പോയാലും അപ്പച്ചൻ എന്നെ വിളിക്കണേ..."

"ശരി... മോനേ."

ടീച്ചർ: "ജോണിക്കുട്ടിയുടെയും അപ്പച്ചന്റെയും കഥ കേട്ടല്ലോ. അവരെപ്പോലെ നമ്മളും ദിവസവും രാവിലെയും വൈകിട്ടും മുടങ്ങാതെ പ്രാർത്ഥിക്കണം."

രാത്രി ഉറങ്ങാൻ കിടക്കുമ്പോഴും രാവിലെ ഉണർന്ന് എഴുന്നേൽക്കുമ്പോഴും താഴെ കൊടുത്തിരിക്കുന്ന ലഘുപ്രാർത്ഥനകൾ ചൊല്ലാവുന്നതാണ്.

## ലഘു പ്രാർത്ഥനകൾ

**1. ഉറങ്ങാൻ കിടക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന**

ദൈവമേ. ഞങ്ങൾക്ക് ഇന്ന് ലഭിച്ച എല്ലാ കൃപകൾക്കായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. വന്നുപോയ കുറവുകൾ ക്ഷമിക്കണമെ. സ്വസ്തമായി ഉറങ്ങുവാൻ നിന്റെ മാലാഖമാരുടെ കാവൽ നൽകേണമെ... ആമ്മീൻ. (കുരിശ് വരയ്ക്കണം)

**2. ഉണർന്ന് എഴുന്നേൽക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന**

ദൈവമേ. സൗഖ്യത്തോടെ എന്നെ ഉണർത്തിയതിന് നിനക്ക് സ്തുതി. ഈ ദിവസം ഞങ്ങൾക്ക് നേരിടാവുന്ന എല്ലാവിധ ഉപദ്രവങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളേണമെ... നന്മ ചെയ്ത് ജീവിക്കുവാൻ സഹായിക്കേണമെ... ആമ്മീൻ. (കുരിശു വരയ്ക്കണം)

## നമുക്ക് ചിന്തിക്കാം

1. ദാനിയേലിനെ സിംഹക്കുഴിയിലിടാൻ ആജ്ഞാപിച്ച രാജാവ് ആര്?

.................................................................................................................

2. എന്തിനാണ് ദാനിയേലിനെ സിംഹക്കുഴിയിലിട്ടത്?

.................................................................................................................

3. രാജകല്പന നിരസിച്ചതിനാണല്ലോ രാജാവ് ദാനിയേലിനെ സിംഹക്കുഴിയിലിടാൻ ആജ്ഞാപിച്ചത്. എന്തായിരുന്നു രാജാവിന്റെ കല്പന?

.................................................................................................................

4. കല്പന ദാനിയേൽ അനുസരിക്കാഞ്ഞത് എന്തുകൊണ്ട്?

.................................................................................................................

5. കല്പന അനുസരിക്കാഞ്ഞതിന് രാജാവ് എന്തു ചെയ്തു?

.................................................................................................................

6. ദിവസം എത്ര പ്രാവശ്യം ദാനിയേൽ പ്രാർത്ഥിച്ചു?

.................................................................................................................

7. എവിടേക്ക് നോക്കിയാണ് ദാനിയേൽ പ്രാർത്ഥിച്ചത്?

.................................................................................................................

8. നമ്മൾ എത്രനേരം പ്രാർത്ഥിക്കണമെന്നാണ് സഭ പഠിപ്പിക്കുന്നത്? ഏതെല്ലാം നേരത്ത്?

.................................................................................................................

## പ്രവർത്തനങ്ങൾ

1. ദാനിയേലിനെ സിംഹക്കുഴിയിൽ ഇട്ട സംഭവം ഒരു സ്കിറ്റായി ക്ലാസ്സിൽ അവതരിപ്പിക്കുക.
2. രാവിലെയും വൈകുന്നേരവും പതിവായി വീട്ടിൽ പ്രാർത്ഥിക്കുക.
3. ചേരുന്ന വാക്കുകൾ തമ്മിൽ വരച്ച് യോജിപ്പിക്കുക

| | |
|---|---|
| ദാര്യാവേശ് | പ്രവാചകൻ |
| പ്രാർത്ഥന | ചതിയന്മാർ |
| ഉപദേശകന്മാർ | ഏഴുനേരം |
| ദാനിയേൽ | രാജാവ് |

4. രാത്രി ഉറങ്ങാൻ കിടക്കുമ്പോഴും രാവിലെ ഉണർന്ന് എഴുന്നേൽക്കുമ്പോഴും ഈ പാഠത്തിൽ നൽകിയിരിക്കുന്ന പ്രാർത്ഥന ചൊല്ലുക.

## നമുക്ക് പാടാം

ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദ ദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയല്ലോ
അന്ധകാരം ഭൂവിൽ വ്യാപരിച്ചീടുമ്പോൾ
രാജാക്കൾ നേതാക്കൾ ശത്രുക്കളാകുമ്പോൾ
അഗ്നികുണ്ഡത്തിലും സിംഹക്കുഴിയിലും
ദാനിയേലിൽ ദൈവമെൻ കൂട്ടാളിയാണേ... (ക്രിസ്തീയ...)

## നമുക്ക് പ്രാർത്ഥിക്കാം

സ്നേഹവാനായ ദൈവമേ... ഏതു പ്രയാസം നേരിട്ടാലും നിന്നോടു പ്രാർത്ഥിക്കുന്നത് ഞങ്ങൾ മുടക്കരുതേ. പ്രാർത്ഥനയിൽനിന്ന് ഞങ്ങളെ അകറ്റുന്ന സാത്താന്റെ തന്ത്രങ്ങളിൽനിന്ന് ഞങ്ങളെ കാത്തുകൊള്ളേണമേ. ദാനിയേൽ പ്രവാചകനെപ്പോലെ പതിവായി പ്രാർത്ഥിക്കുവാൻ ഞങ്ങളെയും സഹായിക്കേണമെ. ആമ്മീൻ.

### നിശ്ചയം

**ഞങ്ങൾ പതിവായി പ്രാർത്ഥിക്കും. ദിവസവും രാവിലെയും വൈകുന്നേരവും മുടങ്ങാതെ പ്രാർത്ഥിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ദാനിയേൽ 6:1-10 |
| തിങ്കൾ | വി. ലൂക്കോ. 6:12; സങ്കീ. 164 | ദാനിയേൽ 6:11-14 |
| ചൊവ്വ | വി. മർക്കോ. 1:35; സങ്കീ. 119:140,148 | ദാനിയേൽ 6:15-22 |
| ബുധൻ | വി. മർക്കോ. 6:46,47; സങ്കീ. 42:8 | ദാനിയേൽ 6:23-27 |
| വ്യാഴം | ഉല്പത്തി 24:63;സങ്കീ. 119:63 | 1 രാജാ. 8:22-25 |
| വെള്ളി | ദാനിയേൽ 9:20,21; സങ്കീ. 55:17 | 1 രാജാ. 8:26-30 |
| ശനി | അപ്പോ. 2:42-47; സങ്കീ. 61:1-4 | 1 രാജാ. 8:31-34 |
| ഞായർ | 1 ശമു. 1:19-26; അപ്പോ. 16:25 | * |

## പാഠം പന്ത്രണ്ട്

# നമുക്ക് കൗമാ പ്രാർത്ഥിക്കാം

**മുഖ്യസന്ദേശം** : രാവിലെയും വൈകുന്നേരവും പ്രാർത്ഥിക്കുമ്പോൾ കൗമാ പ്രാർത്ഥന ഭംഗിയായി ചൊല്ലണം.

**മന:പാഠവാക്യം** : "യഹോവയെ സ്തുതിപ്പിൻ, യഹോവയ്ക്കു സ്തോത്രം ചെയ്‌വിൻ, അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്" (സങ്കീർത്തനങ്ങൾ 106:1)

**പഠനസഹായികൾ:** 1. നമസ്കാരപുസ്തകം

2. വി. വേദപുസ്തകം

3. പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുന്ന ഒരു കുടുംബത്തിന്റെ ചിത്രം

4. യേശുവിന്റെ ഗത്സമന പ്രാർത്ഥനയുടെ ചിത്രം

## പാഠപരിചയം

നമ്മുടെ പ്രാർത്ഥനകളും ആരാധനകളുമെല്ലാം ആരംഭിക്കുന്നത് കൗമാപ്രാർത്ഥനയോടെയാണ്. നാം എപ്പോഴും പ്രാർത്ഥിക്കേണ്ട ഈ പ്രാർത്ഥനയിൽ ദൈവത്തെ സ്തുതിക്കുന്നതും ദൈവത്തിന്റെ നാമത്തെ സ്തോത്രം ചെയ്യുന്നതുമായ പ്രാർത്ഥനകളും കർത്തൃപ്രാർത്ഥനയും മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും അടങ്ങിയിരിക്കുന്നു. ഈ കൗമാ പ്രാർത്ഥന വിശകലനം ചെയ്യുന്നതാണ് ഈ പാഠം.

## ആമുഖം

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാരംഭിക്കുന്ന കർത്തൃപ്രാർത്ഥന ഒന്നാം ക്ലാസ്സിൽ പഠിച്ചത് എല്ലാവരും ഓർക്കുന്നുണ്ടാവുമല്ലോ. ആ പ്രാർത്ഥന നമുക്ക് ഒന്നിച്ച് ഒന്ന് ചൊല്ലാം. എല്ലാവരും എഴുന്നേറ്റ് നിന്ന് കുരിശു വരച്ചിട്ട് കൈകൾ മലർത്തിപിടിക്കുന്നു. ടീച്ചറുമൊത്ത് എല്ലാവരും പ്രാർത്ഥിക്കുന്നു.

ടീച്ചർ: "ഇനി എല്ലാവരും ഇരിക്കൂ... ഇന്ന് സൺഡേസ്കൂൾ ആരംഭിക്കുന്നതിനു മുമ്പ് നമ്മൾ പ്രാർത്ഥിച്ചത് ഓർക്കുന്നുണ്ടല്ലോ. എങ്ങനെയാണ് പ്രാർത്ഥന ആരംഭിച്ചത്?"

രേഷ്മ ചാടിയെണീറ്റ് പറഞ്ഞു: "പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി."

ടീച്ചർ: "മിടുക്കി... അങ്ങനെയാണല്ലോ ഹെഡ്മാസ്റ്റർ സാർ ചൊല്ലിത്തന്നത്. അപ്പോൾ നാം ബാക്കി ചൊല്ലിയത് എന്താണ്?"

മെറിൻ വിട്ടില്ല: "ആദിമുതൽ ഇന്നുമെന്നേക്കും തന്നെ ആമ്മീൻ."

ടീച്ചർ: "വെരിഗുഡ്... ഇങ്ങനെ ചൊല്ലിത്തുടങ്ങി, കർത്തൃപ്രാർത്ഥനയും ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയായ 'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയും നാം ചൊല്ലി. അല്ലേ?"

എല്ലാവരും: "അതെ... ടീച്ചർ."

ഇത്രയും പ്രാർത്ഥനകളെ ഒന്നിച്ചു പറയുന്ന പേരാണ് 'കൗമാ പ്രാർത്ഥന' എന്ന്. നമ്മുടെ ഏതു പ്രാർത്ഥനയും ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമാ പ്രാർത്ഥനയോടെയാണ്. ഈ പ്രാർത്ഥനയാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

കൗമാ എന്ന വാക്കിന്റെ അർത്ഥം 'നില്പ്' എന്നാണ്. നിന്നുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥനയായതുകൊണ്ടാണ് നാമിതിനെ കൗമാ എന്നു വിളിക്കുന്നത്. നിങ്ങൾ ഈ പ്രാർത്ഥന എപ്പോഴും നിന്നുകൊണ്ടുതന്നെയാണോ ചൊല്ലുന്നത്? കർത്താവായ യേശുക്രിസ്തു പഠിപ്പിച്ച 'കർത്തൃപ്രാർത്ഥന' ഇതിൽ അടങ്ങിയിരിക്കുന്നു എന്നതാണ് ഈ പ്രാർത്ഥനയുടെ ശ്രേഷ്ഠത.

ഈ പ്രാർത്ഥനയുടെ വിവിധ ഭാഗങ്ങൾ നമുക്കൊന്ന് പരിശോധിക്കാം.

ദൈവത്തെ ത്രിത്വമായി സ്തുതിച്ചുകൊണ്ടാണ് ഈ പ്രാർത്ഥന തുടങ്ങുന്നത്. അതായത് പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി അർപ്പിക്കുന്നു. അതിന്റെ തുടർച്ചയായി പറയുന്നത് ആദിമുതൽ ഇന്നും എന്നേക്കും അപ്രകാരംതന്നെ എന്നാണ്. 'ആമ്മീൻ' എന്ന വാക്കിന് 'അപ്രകാരം തന്നെ' എന്നാണ് അർത്ഥം.

ദൈവത്തിന്റെ ശ്രേഷ്ഠതയെയും മഹത്വത്തെയും വർണ്ണിക്കുന്നതാണ് അടുത്ത ഭാഗം. തന്റെ സ്തുതികൾകൊണ്ട് ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി. മാലാഖമാരുടെയും മനുഷ്യരുടെയും എല്ലാ ജീവജാലങ്ങളുടെയും ദൈവസ്തുതികൾകൊണ്ട് ആകാശവും ഭൂമിയും ഈ പ്രപഞ്ചം മുഴുവനും നിറഞ്ഞുനില്ക്കുന്നു. അവർ നിർത്താതെ എപ്പോഴും ദൈവത്തെ സ്തുതിക്കുന്നു. നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ശ്രദ്ധയും ഈ വലിയ പ്രാർത്ഥനയോട് ചേരുകയാണ്.

തുടർന്ന് നാം ചൊല്ലുന്നതിപ്രകാരമാണ്.

"ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും ഇനി വരുവാനിരിക്കുന്നവനുമായവൻ, (യേശുക്രിസ്തു) വാഴ്ത്തപ്പെട്ടവനാകുന്നു, ഉയരങ്ങളിൽ സ്തുതി." യേശുവിനെ നാം പ്രത്യേകമായി ഈ ഭാഗത്ത് സ്തുതിക്കുകയാണ്.

തുടർന്നുള്ള ഭാഗം കർത്താവിന്റെ ശവസംസ്കാരസമയത്ത് മാലാഖമാർ ആലപിച്ച സ്തുതിപ്പാണ് എന്നാണ് പാരമ്പര്യം.

"ദൈവമേ നീ പരിശുദ്ധനാകുന്നു.
ബലവാനേ നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു.

എന്ന് മാലാഖമാർ പാടി. ഇതിന്റെ അർത്ഥം യേശു ബലവാനും മരണമില്ലാത്തവനും പരിശുദ്ധനുമായ ദൈവമാണ് എന്നാണ്. ഇതു കേട്ടപ്പോൾ അരിമത്യക്കാരൻ യൗസേഫും നിക്കോദീമോസും കൂടെയുണ്ടായിരുന്നവരും ചൊല്ലിയതാണ്...

"ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമെ" എന്ന്

പാപമില്ലാത്ത കർത്താവ് നമുക്കുവേണ്ടി ക്രൂശിൽ തറയ്ക്കപ്പെട്ട് മരിച്ചതിനെ നാം ഓർക്കുകയാണ് ഇവിടെ. ഈ ഭാഗം നാം മൂന്നു പ്രാവശ്യം പ്രാർത്ഥിക്കുകയും 'ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ' എന്നു ചൊല്ലുമ്പോൾ കുരിശു വരച്ച് കുമ്പിടുകയും ചെയ്യുന്നു.

തുടർന്ന് നമ്മൾ ഒന്നാം ക്ലാസ്സിൽ പഠിച്ച കുറിയേലായിസ്സോൻ എന്ന പ്രാർത്ഥനയാണ്. അതായത്, ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ എന്ന് നാം പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ കരുണ കൂടാതെ നമുക്ക് ജീവിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ ഇവിടെ നാം ദൈവത്തിന്റെ കരുണയ്ക്കായി യാചിക്കുകയാണ്.

പിന്നീട് ദൈവത്തിന് സ്തുതി അർപ്പിക്കുകയാണ്. ദൈവമേ നിനക്കു സ്തുതി, സകലത്തെയും സൃഷ്ടിച്ച സ്രഷ്ടാവേ നിനക്കു സ്തുതി, പാപികളായ നിന്റെ അടിയാരായ ഞങ്ങളോട് കരുണ ചെയ്യുന്നവനും മശിഹായും രാജാവുമായവനെ നിനക്കു സ്തുതി എന്നാണ് നാം പ്രാർത്ഥിക്കുന്നത്. അതിനുശേഷം ബാറെക്മോർ എന്നുകൂടി ചൊല്ലുന്നു. ഈ വാക്കിന്റെ അർത്ഥം നാം ഒന്നാം ക്ലാസ്സിൽ പഠിച്ചതാണ്. ഓർക്കുന്നുണ്ടാവുമല്ലോ—''കർത്താവേ വാഴ്ത്തേണമെ."

### അല്പം ചിന്തിക്കാം; പ്രവർത്തിക്കാം

കൗമാ പ്രാർത്ഥന തുടക്കം മുതൽ ബാറെക്മോർ വരെയുള്ള ഭാഗം ടീച്ചർ ചൊല്ലിത്തരുന്നത് എല്ലാവരും ഏറ്റു ചൊല്ലുക. രണ്ടു പ്രാവശ്യം ആവർത്തിച്ച് ചൊല്ലുക.

തുടർന്ന് കർത്തൃപ്രാർത്ഥനയാണ് നാം ചൊല്ലുന്നത്. അത് എല്ലാവരും ഈ ക്ലാസ്സിന്റെ ആദ്യംതന്നെ ചൊല്ലിയതും ഒന്നാം ക്ലാസ്സിൽ വിശദമായി പഠിച്ചതുമാണല്ലോ.

അവസാനമായി കൃപനിറഞ്ഞ മറിയമേ എന്ന ആരംഭിക്കുന്ന ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയാണ്. വി. കന്യക മറിയിന്റെ അടുക്കൽ ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് അവളോട് പറഞ്ഞതും യോഹന്നാൻ സ്നാപകന്റെ അമ്മ എലിശബെത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി വിളിച്ചു പറഞ്ഞതുമായ വചനങ്ങളാണ് ഈ പ്രാർത്ഥന. വി. ലൂക്കോസ് 1:28-33; 39-45 വാക്യങ്ങളിൽ ഈ ആശയങ്ങൾ നമുക്ക് കാണാം. അവ

സാനത്തെ വാക്യം മാതാവിനോട് നാം നടത്തുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. നമ്മുടെ മരണസമയംവരെയും എപ്പോഴും നമുക്കുവേണ്ടി പ്രാർത്ഥിക്കണമെ എന്ന് നാം മാതാവിനോട് അപേക്ഷിക്കുകയാണ്. തമ്പുരാന്റെ അമ്മേ എന്നു വിളിക്കാൻ കാരണം എലിശബെത്തിന്റെ വാക്കുകളാണ്. "എന്റെ കർത്താവിന്റെ അമ്മ" എന്നത്. കർത്താവേശുമിശിഹാ ദൈവമായതിനാൽ വി. മറിയാമിനെ നാം 'ദൈവമാതാവ്' എന്നു വിളിക്കുന്നു.

എത്ര മനോഹരവും ശ്രേഷ്ഠവുമായ പ്രാർത്ഥനയാണ് കൗമാപ്രാർത്ഥന എന്ന് എല്ലാവർക്കും മനസ്സിലായല്ലോ. ഇനി ഈ പ്രാർത്ഥന ചൊല്ലുമ്പോൾ അർത്ഥം മനസ്സിലാക്കി ഭക്തിയോടെ പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**"പ്രാർത്ഥനയെന്നത് ശൈശവത്തിലെ ഉത്സാഹവും യൗവനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവും ആകുന്നു."** *പ. പരുമല തിരുമേനി.*

## നമുക്ക് ചിന്തിക്കാം; പ്രവർത്തിക്കാം

1. കൗമാ പ്രാർത്ഥനയിൽ ദൈവത്തിന്റെ നാല് വിശേഷണങ്ങൾ നൽകിയിരിക്കുന്നു. ശരിയായതിനുനേരെ ✓ അടയാളമിടുക.

   1. ദൈവം പരിശുദ്ധനാകുന്നു ☐
   2. ദൈവം ബലവാനാകുന്നു ☐
   3. ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു ☐
   4. ദൈവം മരണമില്ലാത്തവനാകുന്നു ☐

2. പൂരിപ്പിക്കുക

   1. പിതാവിനും പുത്രനും ..........................................................സ്തുതി.
   2. തന്റെ സ്തുതികളാൽ..................................ഉം ..................................ഉം നിറഞ്ഞിരിക്കുന്ന.................. ദൈവംതമ്പുരാൻ ..........................................................................................
   3. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട്...................................ചെയ്യണമെ.

3. കൗമാ പ്രാർത്ഥനയിലെ താഴെ പറയുന്ന ഭാഗങ്ങൾ ചൊല്ലി കേൾപ്പിക്കുക

   1. പിതാവിനും പുത്രനും...................എന്നേക്കും തന്നെ ആമ്മീൻ.
   2. തന്റെ സ്തുതികളാൽ....................വാഴ്ത്തപ്പെട്ടവനാകുന്നു, ഉയരങ്ങളിൽ സ്തുതി
   3. ദൈവമേ നീ.......................ഞങ്ങളോട് കരുണ ചെയ്യണമെ.
   4. ഞങ്ങളുടെ കർത്താവേ........................ഞങ്ങളോട് കരുണ ചെയ്യണമെ.

5. ദൈവമേ നിനക്കു സ്തുതി................................നിനക്കു സ്തുതി, ബാറെക്മോർ

6. കർത്തൃപ്രാർത്ഥന ചൊല്ലുക

7. കൃപനിറഞ്ഞ മറിയമേ ചൊല്ലുക.

4. കൗമാ പ്രാർത്ഥന വീട്ടിലെ പ്രാർത്ഥനാസമയത്ത് ഭയഭക്തിയോടെ നിർത്തി നിർത്തി അക്ഷരസ്ഫുടതയോടെ ചൊല്ലി ശീലിക്കുക.

## നമുക്ക് പാടാം

സ്തുതി താതനും സുതനും പാവനറൂഹായ്ക്കും
ആദിമുതൽ ഇന്നും എന്നും എന്നെന്നേക്കും തന്നെ. ആമ്മീൻ

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ, ദിവസം തോറുമുള്ള ഞങ്ങളുടെ പ്രാർത്ഥനയിൽകൂടി അങ്ങയുടെ നാമത്തെ സ്തുതിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ പ്രാർത്ഥന തിരുസന്നിധിയിൽ സുഗന്ധധൂപമായിത്തീരേണമെ... ആമ്മീൻ.

**നിശ്ചയം**

**ഉത്സാഹത്തോടെ എന്നും ഞങ്ങൾ പ്രാർത്ഥനയിലൂടെ ദൈവനാമത്തെ സ്തുതിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. യാക്കോബ് 5:13-16 |
| തിങ്കൾ | വി. മത്തായി 21:21-22 | വി. യോഹ. 4:20-24 |
| ചൊവ്വ | വി. മത്തായി 7:7-11 | വി. യോഹ. 11:40-42 |
| ബുധൻ | വി. മത്തായി 18:19-20 | വി. ലൂക്കോസ് 23:44-47 |
| വ്യാഴം | വി. മർക്കോ. 11:22-26 | സങ്കീ. 34:1-6 |
| വെള്ളി | സങ്കീ. 68:16-20 | സങ്കീ. 138:1-3 |
| | | വി. ലൂക്കോസ് 1:39-45 |
| ശനി | സങ്കീ. 130:1-6; | വി. മത്തായി 6:5-15; |
| | വി. ലൂക്കോസ് 1:28-33 | വി. ലൂക്കോസ് 11:1-4 |
| ഞായർ | വി. ലൂക്കോസ് 22:39-46 | * |

പാഠം പതിമൂന്ന്

# നമുക്ക് നോമ്പ് അനുഷ്ഠിച്ച് പ്രാർത്ഥിക്കാം

**മുഖ്യസന്ദേശം** : സഭ അനുശാസിക്കുന്ന നോമ്പുകൾ കൃത്യമായി അനുഷ്ഠിച്ച് പ്രാർത്ഥിക്കണം.

**മന:പാഠവാക്യം** : "പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല." (വി. മത്തായി 17:21)

**പഠനസഹായികൾ:** 1. നോമ്പിലെ പ്രാർത്ഥനകൾ ഉള്ള പുസ്തകം

2. നോമ്പുകളുടെ പട്ടിക അടങ്ങുന്ന ചാർട്ട്

3. ഓരോ നോമ്പിന്റെയും ബന്ധപ്പെട്ട ചിത്രങ്ങൾ, കർത്താവിന്റെ ജനനം, യോനാ മത്സ്യത്തിന്റെ വയറ്റിൽ, കർത്താവിന്റെ ഉയിർപ്പ്, ദൈവമാതാവ്, ശ്ലീഹന്മാർ

## പാഠപരിചയം

സഭ കല്പിക്കുന്ന നോമ്പുകൾ കൃത്യമായി പാലിക്കുവാൻ എല്ലാ സഭാമക്കളും കടപ്പെട്ടവരാണ്. നോമ്പിൽ ഭക്ഷണം വെടിയുക മാത്രമല്ല, കൂടുതൽ സമയം പ്രാർത്ഥിക്കുകയും തിരുവചനം വായിക്കുകയും ധ്യാനിക്കുകയും വേണം. സഭയിലെ വിവിധ നോമ്പുകൾ പരിചയപ്പെടുത്തുന്ന ഒരു പാഠമാണിത്.

## ആമുഖം

എല്ലാവർക്കും ഇഷ്ടമുള്ള ഭക്ഷണസാധനങ്ങൾ എന്തൊക്കെയാണ്? ഓരോരുത്തരും അവരവർക്ക് ഇഷ്ടമുള്ള ഭക്ഷണസാധനങ്ങളുടെ പേരുകൾ പറയുന്നു. ശരി, കൂടുതൽ പേർക്കും ഇറച്ചി, മീൻ, മുട്ട, ഐസ് ക്രീം ഇവയൊക്കെയാണല്ലോ ഇഷ്ടം. ഈവക ഭക്ഷണപദാർത്ഥങ്ങൾ കൃത്യമായി പറഞ്ഞാൽ ഇറച്ചി, മുട്ട, മീൻ, പാൽ, പാൽ ഉൽപ്പന്നങ്ങൾ ഇവ ചില സമയങ്ങളിൽ നാം കഴിക്കാറില്ലല്ലോ. അത് എപ്പോഴാണ് എന്ന് പറയാമോ? ശരിയാണ്, നോമ്പുകാലത്ത് ഇങ്ങനെയുള്ള ഭക്ഷണങ്ങൾ നാം കഴിക്കാറില്ല.

നിങ്ങൾ നോമ്പ് നോക്കാറുണ്ടോ? നിങ്ങളുടെ വീട്ടിൽ എല്ലാവരും നോമ്പ് നോക്കാറുണ്ടോ? ശരിയായി നോമ്പ് നോക്കുന്നതെങ്ങനെയെന്ന് ഈ പാഠത്തിലൂടെ നമുക്ക് പഠിക്കാം.

## പാഠഭാഗം

നോമ്പ് നോക്കുന്നതിനെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കുവാൻ ടീച്ചർ കുട്ടികളോട് ആവശ്യപ്പെടുന്നു.

ഒരാൾ: "എന്തിനാ ടീച്ചറെ നോമ്പിൽ ഇഷ്ടമുള്ള സാധനങ്ങൾ കഴിക്കരുത് എന്നു പറഞ്ഞത്?

"പറയാം... നമ്മുടെ ഇഷ്ടങ്ങൾ ദൈവത്തിന്റെ ഇഷ്ടത്തിന് വേണ്ടി നീക്കി വയ്ക്കാൻ നമ്മളെ പരിശീലിപ്പിക്കുന്നതാണ് നോമ്പ്."

ഹന്നാ ചോദിക്കുന്നു: "എന്തിനാ ടീച്ചറെ ഈ നോമ്പ് നോക്കുന്നത്?"

"നമ്മുടെ കർത്താവ് അപ്പച്ചൻ നോമ്പു നോറ്റു. സാത്താനെ തോൽപ്പിച്ചു. അതുപോലെ സാത്താനെയും ദുഷ്ടശക്തികളെയും തോൽപ്പിക്കാനാണ് നാം നോമ്പ് നോക്കുന്നത്."

"യേശു അപ്പച്ചൻ മാത്രമേ നോമ്പ് നോക്കിയിട്ടുള്ളോ ടീച്ചറേ...?"

"പറയാം ക്രിസ്റ്റിമോളേ... നിങ്ങൾ മോശക്കുഞ്ഞിന്റെ കഥ ഓർക്കുന്നുണ്ടോ."

"ഉണ്ട്. വെള്ളത്തിൽനിന്ന് രക്ഷപ്പെട്ടതല്ലേ?"

"അതെയതെ... മോശക്കുഞ്ഞ് വളർന്ന് വലുതായപ്പോൾ നാല്പത് ദിവസം നോമ്പെടുത്തു. ദൈവം മോശയെ അധികം സ്നേഹിച്ചു. അതുപോലെ ഏലിയാവിന്റെ കഥയും നിങ്ങൾ കേട്ടിട്ടുണ്ടല്ലോ?

"ഉണ്ട്... കാക്ക അപ്പം കൊടുത്ത കഥയല്ലേ?"

"മിടുക്കൻ. ഏലിയാവ് ദൈവത്തിന്റെ പ്രവാചകനായിരുന്നു. ഏലിയാവും നാല്പതു ദിവസം നോമ്പെടുത്ത് ദൈവത്തിൽനിന്ന് ശക്തി പ്രാപിച്ചു.

വലിയ നോമ്പിൽ സന്ധ്യാനമസ്കാരത്തിൽ നാം ചൊല്ലുന്ന ഒരു ഗീതം നമുക്ക് ഒന്ന് പാടാം.

നാല്പതു നാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശായ് സുതനേപ്പോൽ ദിനം
ഏഴുവട്ടം പ്രാർത്ഥിക്ക

മോശയും ഏലിയാവും
നാല്പതു ദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായേ ജയിച്ചു

മീനു ചോദിച്ചു: "ടീച്ചറെ, എങ്ങനെയാണ് നോമ്പ് നോക്കേണ്ടത്?

ടീച്ചർ: "എല്ലാവരും ടീച്ചർ പറയുന്നത് ശ്രദ്ധിച്ചു കേൾക്കണം. നല്ലത് പറയണം, നല്ലത് ചെയ്യണം, നല്ലത് കേൾക്കണം, നല്ലത് കാണണം, കൂടുതൽ സമയം പ്രാർത്ഥി

ക്കണം, കുമ്പിട്ട് പ്രാർത്ഥിക്കണം. ഒരു നേരം ഭക്ഷണം വെടിഞ്ഞ് ഉപവസിക്കണം. 'ഉപ വസിക്കുക' എന്നാൽ 'കൂടെ വസിക്കുക' എന്നാണ് അർത്ഥം. അതായത് ദൈവത്തിന്റെ കൂടെ വസിക്കുക. അപ്പോൾ നമുക്ക് വിശപ്പ് തോന്നുകയേ ഇല്ല. യേശു തമ്പുരാന്റെ കൂടെ നടന്നിരുന്ന ആളുകൾക്ക് വിശപ്പോ ദാഹമോ തോന്നിയിരുന്നില്ല."

"ഇത്രയും മതിയോ ടീച്ചറേ... നോമ്പു നോക്കാൻ?"

"ഇതു മാത്രമല്ല ജോമോനേ. ചില ഭക്ഷണസാധനങ്ങൾ നോമ്പിൽ കഴിക്കാൻ പാടില്ല എന്നറിയാമല്ലോ. മത്സ്യം, മാംസം, മുട്ട, പാൽ, പാൽ ഉല്പന്നങ്ങൾ ഇതൊന്നും പാടില്ല."

"എന്തിനാ ടീച്ചറേ ചില ഭക്ഷണങ്ങൾ മാത്രം കഴിക്കരുത് എന്ന് പറയുന്നത്?"

"ക്രിസ്റ്റിമോളേ, നാം കഴിക്കുന്ന ആഹാരം നമ്മുടെ സ്വഭാവത്തെ സ്വാധീനിക്കും. മാംസാഹാരം കഴിക്കുന്ന ജീവികളും സസ്യാഹാരം കഴിക്കുന്ന ജീവികളും തമ്മിൽ സ്വഭാ വത്തത്തിൽ വലിയ വ്യത്യാസമുണ്ടല്ലോ. കടുവയും മാനുംപോലെ. ചുരുക്കിപ്പറഞ്ഞാൽ, ശരീരവും മനസ്സും വാക്കും പ്രവൃത്തിയും എല്ലാം നോമ്പിൽ ശുദ്ധീകരിക്കപ്പെടുന്നു."

"എപ്പോഴൊക്കെയാ ടീച്ചറേ, നോമ്പു നോക്കേണ്ടത്?" ഷീനു വീണ്ടും ചോദിച്ചു.

ടീച്ചർ എല്ലാവരെയും ചേർത്തു നിർത്തിക്കൊണ്ട് പറഞ്ഞു: "എല്ലാ ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പ് നോക്കണം. മാതാവിനെ ഓർത്ത് ബുധനാഴ്ചയും കർത്താ വിന്റെ ക്രൂശുമരണം ഓർത്ത് വെള്ളിയാഴ്ചയും നോമ്പ് നോക്കുന്നു. കൂടാതെ അഞ്ച് നോമ്പുകൾ സഭ കല്പിച്ചിട്ടുണ്ട്. അവയുടെ പേരുകളും ചുരുങ്ങിയ വിവരങ്ങളും മാത്രം ടീച്ചർ പറഞ്ഞുതരാം. കൂടുതൽ കാര്യങ്ങൾ ഉയർന്ന ക്ലാസ്സുകളിൽ നിങ്ങൾ പഠിക്കും."

## സഭ കല്പിച്ചിട്ടുള്ള വിവിധ നോമ്പുകൾ

1. യൽദോ നോമ്പ് (25 നോമ്പ്): ഡിസംബർ 1-25. കർത്താവിന്റെ ജനനപ്പെ രുന്നാളിനു മുമ്പുള്ള 25 ദിവസത്തെ നോമ്പ്.
2. നിനുവേ നോമ്പ് (3 നോമ്പ്): നിനുവെക്കാരുടെ അനുതാപത്തെ പ്രതി യുള്ള മൂന്ന് ദിവസത്തെ നോമ്പ്.
3. വലിയ നോമ്പ് (50 നോമ്പ്): കർത്താവിന്റെ ഉയിർപ്പു പെരുന്നാളിനു മുമ്പുള്ള 50 ദിവസത്തെ നോമ്പ്
4. ശ്ലീഹാ നോമ്പ് (13 നോമ്പ്): ശ്ലീഹന്മാരുടെ ഓർമ്മയെപ്രതിയുള്ള 13 ദിവ സത്തെ നോമ്പ് (ജൂൺ 16-29)
5. ശൂനോയോ നോമ്പ് (15 നോമ്പ്): ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാ ളിനു മുമ്പുള്ള 15 ദിവസത്തെ നോമ്പ് (ആഗസ്റ്റ് 1-15)

"നല്ല കുട്ടികൾ നോമ്പുകൾ നന്നായി നോക്കും. നിങ്ങൾ നല്ല കുട്ടികളല്ലേ?"

"അതെ... ടീച്ചർ."

“നമ്മുടെ ഇഷ്ടങ്ങളൊക്കെ ദൈവത്തിന്റെ ഇഷ്ടത്തിനുവേണ്ടി മാറ്റി വയ്ക്കുന്ന ശീലം ബാല്യം മുതൽക്കേ ഉണ്ടാകുവാൻ നോമ്പ് നോക്കുന്നതുകൊണ്ട് നമുക്ക് സാധിക്കും.”

“നമ്മുടെ പിതാക്കന്മാരെല്ലാം പതിവായി നോമ്പ് നോക്കി, ഉപവസിച്ച്, പ്രാർത്ഥിച്ച് ശക്തി പ്രാപിച്ചാണ് വിശുദ്ധന്മാരായി മാറിയതും സാത്താനെ ജയിച്ചതും. അതിന് നമുക്കും ശ്രമിക്കാം.”

വലിയ നോമ്പിലും മൂന്നു നോമ്പിലും ഉച്ചനമസ്കാരത്തിന്റെ ഒടുവിൽ 40 കുമ്പിടുന്നു. താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടാണ് 40 കുമ്പിടുന്നത്.

1. കുറിയേലായിസ്സോൻ: 10 പ്രാവശ്യം കുമ്പിടണം.
2. ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമെ: 10 പ്രാവശ്യം കുമ്പിടണം.
3. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ: 10 പ്രാവശ്യം കുമ്പിടണം.
4. ഞങ്ങളുടെ കർത്താവേ ഉത്തരമരുളിച്ചെയ്ത് ഞങ്ങളോട് കരുണ ചെയ്യണമെ: 10 പ്രാവശ്യം കുമ്പിടണം.

## നമുക്ക് ചിന്തിക്കാം

1. ഉപവാസം എന്നു പറഞ്ഞാൽ അർത്ഥമെന്ത്?

   ..............................................................................................

2. നോമ്പ് നോക്കിയതായി വേദപുസ്തകത്തിൽപറഞ്ഞിരിക്കുന്ന മൂന്ന് പേരുകൾ പറയുക

   ..............................................................................................

3. യേശുമശിഹാ എത്ര ദിവസം നോമ്പും ഉപവാസവും അനുഷ്ഠിച്ചു?

   ..............................................................................................

4. നമ്മുടെ സഭ കല്പിക്കുന്ന 5 നോമ്പുകൾ ഏതെല്ലാം?

   ..............................................................................................

   ..............................................................................................

5. ഇവ കൂടാതെ ആഴ്ചയിൽ 2 ദിവസം നോമ്പ് ആചരിക്കണം. ഏതൊക്കെ ദിവസങ്ങളിൽ?

   ..............................................................................................

6. വലിയ നോമ്പിലും മൂന്നുനോമ്പിലും ഉച്ചനമസ്ക്കാരത്തിന്റെ അവസാന ഭാഗത്ത് എത്ര പ്രാവശ്യം കുമ്പിടണം?

..........................................................................................................

7. അപ്പോൾ നാം എന്ത് പ്രാർത്ഥിച്ചുകൊണ്ടാണ് കുമ്പിടുന്നത്?

..........................................................................................................

..........................................................................................................

## പ്രവർത്തനങ്ങൾ

1. സഭയുടെ എല്ലാ നോമ്പുകളും ആചരിക്കുക. കൂടാതെ ബുധൻ, വെള്ളി ദിവസങ്ങളിലും നോമ്പ് ആചരിക്കണം.
2. നോമ്പ് നോക്കിയിട്ടുള്ള സമയത്തെ വിവരങ്ങൾ ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക.
3. കുറെ ഭക്ഷണസാധനങ്ങളുടെ പേരുകൾ താഴെപ്പറയുന്നു. അവയിൽ നോമ്പ് സമയങ്ങളിൽ കഴിക്കാവുന്നവ ✓ ചെയ്യുക. അല്ലാത്തവ വെട്ടിക്കളയുക (x)

| | | | |
|---|---|---|---|
| 1. കോഴിയിറച്ചി | ☐ | 7. പാൽ | ☐ |
| 2. ചോറ് | ☐ | 8. ചപ്പാത്തി | ☐ |
| 3. മീൻകറി | ☐ | 9. ഐസ്ക്രീം | ☐ |
| 4. പയറ് | ☐ | 10. അപ്പം | ☐ |
| 5. ഏത്തപ്പഴം | ☐ | | |
| 6. മുട്ടക്കറി | ☐ | | |

4. താഴെപ്പറയുന്ന നോമ്പുകൾ നമ്മൾ എത്രദിവസം ആചരിക്കുന്നു എന്ന് പറയുക

| | | |
|---|---|---|
| 1. വലിയ നോമ്പ് | ☐ | ദിവസം |
| 2. ശ്ലീഹാ നോമ്പ് | ☐ | ദിവസം |
| 3. നിനുവെ നോമ്പ് | ☐ | ദിവസം |

## നമുക്ക് പാടാം

ഓർത്തഡോക്സ് സഭയുടെ നിഷ്ഠയായ ജീവിതത്തിൽ
നോമ്പുകളനുഷ്ഠിക്കേണം
അവ ചൊല്ലീടാം

യേശുക്രിസ്തൻ ജനനം ഘോഷിക്കുന്ന നോമ്പായീടുന്ന
ഇരുപത്തിയഞ്ചു നോമ്പാം യൽദോ നോമ്പും

നിനുവക്കാരുടെനോമ്പാം മൂന്നുനോമ്പടുത്തതല്ലോ
അമ്പതു നോമ്പാകുന്ന വലിയനോമ്പും
ശ്ലീഹന്മാരുടെ നാമത്തിൽ പതിമൂന്നു നോമ്പുമുണ്ട്
ദൈവമാതാവിന്റെ നോമ്പാം പതിനഞ്ചതും
ആഴ്ചതോറും ബുധൻ ദിനം ദൈവമാതാവിനെയോർത്തും
വെള്ളിയാഴ്ച ക്രിസ്തൻ പീഢ ഓർത്തും നോൽക്കേണം

## നമുക്ക് പ്രാർത്ഥിക്കാം

ഞങ്ങളുടെ നാഥനായ കർത്താവേ... അവിടുന്ന് ഞങ്ങൾക്കുവേണ്ടി ഉപവസിക്കുകയും നോമ്പു നോക്കുകയും ചെയ്തുവല്ലോ. ഞങ്ങളോടുള്ള നിന്റെ സ്നേഹത്തിനായി ഞങ്ങൾ നിന്നെ സുതിക്കുന്നു. സഭയുടെ നോമ്പുകൾ അനുഷ്ഠിച്ച് ഉപവസിച്ച് പ്രാർത്ഥിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ.

### നിശ്ചയം

**എല്ലാ നോമ്പുകളും ഞങ്ങൾ നന്നായി ആചരിക്കും.**
**മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും ചെയ്യും**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യോന 3: 1-10 |
| തിങ്കൾ | വി. യോഹ. 4:24 | പുറപ്പാട് 34:27-28 |
| ചൊവ്വ | 1 യോഹ. 3:22 | 1 രാജാ. 19:7-9 |
| ബുധൻ | വി. മത്താ. 17:21 | വി. മത്തായി 4:1-3 |
| വ്യാഴം | സദൃ. 15:5-9 | വി. മർക്കോസ് 9:28-29 |
| വെള്ളി | സങ്കീ. 145:18 | അപ്പോ.പ്ര. 14:23 |
| ശനി | സങ്കീ. 34:4 | വി. മത്താ. 6:16-18 |
| ഞായർ | യശയ്യാ. 58:4-9 | * |

## യൂണിറ്റ് മൂന്ന്

# ആരാധനാ ഗീതങ്ങൾ

## പാഠം പതിനാല്

# നമുക്ക് പാടി ദൈവത്തെ ആരാധിക്കാം

**മുഖ്യസന്ദേശം** : വി. കുർബ്ബാനയിൽ ഗീതങ്ങൾ അർത്ഥം ഉൾക്കൊണ്ട് ശ്രദ്ധയോടെ നിന്ന് ചൊല്ലണം.

**മന:പാഠവാക്യം** : "ദൈവമേ നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോട് കൃപയുണ്ടാക ണമെ." (സങ്കീർത്തനങ്ങൾ 51:1)

**പഠനസഹായികൾ**: 1. വി. കുർബ്ബാനക്രമം

2. വി. വേദപുസ്തകം

### പാഠപരിചയം

വി. കുർബ്ബാനമദ്ധ്യേ ചൊല്ലുന്ന അൻപുടയോനേ നിൻവാതിൽ എന്ന ഗീതത്തിന്റെ അർത്ഥവും പ്രാധാന്യവും വ്യക്തമാക്കുന്ന ഒരു പാഠമാണിത്.

### ആമുഖം

വി. കുർബ്ബാനമദ്ധ്യേ ചൊല്ലുന്ന "അൻപുടയോനേ നിൻ വാതിൽ" എന്ന ഗാനം ഒന്നാം ക്ലാസ്സിൽ നാം പഠിച്ചുവല്ലോ. ആ പാട്ട് ഒന്നു പാടാമോ? (എല്ലാവരും ചേർന്ന് പാടുന്നു). ഈ ഗാനം എപ്പോഴാണ് പാടുന്നത്? വി. മദ്ബഹാ തിരശ്ശീലകൊണ്ട് മറ യ്ക്കുമ്പോഴാണ്. ഈ സമയം നമ്മുടെ കർത്താവിന്റെ കുരിശുമരണവും ഉയിർപ്പുമാണ് നമ്മൾ ധ്യാനിക്കുന്നത്. ഒന്നാം ക്ലാസ്സിൽ പഠിച്ച ഭാഗം എല്ലാവർക്കും ഇഷ്ടമായല്ലോ. എങ്കിൽ അതിന്റെ ബാക്കി ഭാഗങ്ങൾ ഇന്ന് നമുക്ക് പഠിക്കാം.

### പാഠഭാഗം

ടീച്ചർ ആ ഭാഗം ഒന്നു ചൊല്ലിത്തരും. എല്ലാവരും ഏറ്റു ചൊല്ലണം.

അലിവൊടു ശിക്ഷിച്ചടിയാരേ
അരിശം നീക്കി കാക്കണമേ

വാതിൽ തുറന്നീ പ്രാർത്ഥനയിൻ
നാദംകേട്ടേകീടണമേ

ഇനിയും നമുക്കെല്ലാവർക്കുംകൂടി പാടാം. രണ്ടുമുന്ന് പ്രാവശ്യം ടീച്ചറിനോടൊപ്പം പാടണം.

ഇതിന്റെ അർത്ഥം നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾ വീട്ടിലും സ്കൂളിലും ചെറിയ ചെറിയ തെറ്റുകൾ ചെയ്യുമ്പോൾ മാതാപിതാക്കളും അദ്ധ്യാപകരും നിങ്ങളെ ശിക്ഷിക്കാറില്ലേ. എങ്ങനെയാണ് ശിക്ഷിക്കുക? ചിലപ്പോൾ വഴക്കു പറയും. ചിലപ്പോൾ ചെറിയ തല്ലുതരും. ഇംപൊസിഷൻ തരും. അല്ലേ? പിന്നെയെങ്ങനെയൊക്കെയാണ് ശിക്ഷിക്കാറുള്ളത്?...

'അപ്പോൾ വലിയ ശിക്ഷ ഒന്നും തരാറില്ല അല്ലേ. നാം ദൈവത്തിന്റെ മുമ്പാകെയും അറിഞ്ഞും അറിയാതെയും ഒരുപാടു തെറ്റുകൾ ചെയ്യാറുണ്ട്. അതിനു തക്കതുപോലെ ശിക്ഷിക്കാതെ ദയവോടെയുള്ള ശിക്ഷകൾ മാത്രമേ നൽകാവൂ എന്നാണു ഈ പാട്ടിലൂടെ നാം പ്രാർത്ഥിക്കുന്നത്.

അലിവൊടു ശിക്ഷിച്ചടിയാരെ
അരിശം നീക്കി കാക്കണമെ

അതായത് ഞങ്ങളുടെ തെറ്റുകൾക്കനുസരണമായി കഠിനമായി ശിക്ഷിക്കാതെ ദയവോടെയുള്ള ശിക്ഷകൾ മാത്രമേ തരാവൂ കർത്താവേ എന്നാണ് നാം പ്രാർത്ഥിക്കുന്നത്. ഞങ്ങളോട് അവിടുന്ന് കോപിക്കാതെ ഞങ്ങളെ കാത്തുകൊള്ളണമേ.

വാതിൽ തുറന്നീ പ്രാർത്ഥനയിൽ
നാദം കേട്ടേകീടണമേ.

നിന്റെ കരുണയുള്ള വാതിൽ തുറന്ന് ഞങ്ങളുടെ പ്രാർത്ഥനയുടെ ശബ്ദം അങ്ങ് കേൾക്കേണമേ എന്നാണ് ഇവിടെ നാം അപേക്ഷിക്കുന്നത്.

നമ്മുടെ മാതാപിതാക്കളെക്കാൾ അധികമായി നമ്മെ സ്നേഹിക്കുന്നവനാണ് ദൈവം. അതുകൊണ്ട് നമ്മുടെ തെറ്റുകൾ മനസ്സിലാക്കി മാതാപിതാക്കൾ നമ്മോടു ക്ഷമിക്കുന്നതുപോലെ നമ്മുടെ കർത്താവും നമ്മുടെ തെറ്റുകൾ ക്ഷമിക്കും. അതുകൊണ്ട് നാം തെറ്റു ചെയ്താൽ അവ ദൈവമുമ്പാകെ ഏറ്റു പറഞ്ഞാൽ തീർച്ചയായും ദൈവം ക്ഷമിക്കും. ദൈവത്തിന്റെ ശിക്ഷ കഠിനമാകാതിരിക്കുവാൻ നാം പ്രാർത്ഥിക്കുകയും, തെറ്റുകൾ ചെയ്യാതെ ജീവിക്കുവാൻ ശ്രമിക്കുകയും വേണം.

ഇനിയും ബാക്കി ഭാഗം നമുക്ക് പഠിക്കാം.

നിന്നെ വിളിക്കുന്നേ നാഥാ
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ കാരുണ്യത്താൽ
നൽകണമേ യാചിപ്പുകളെ

ഇതിന്റെ അർത്ഥം ഇപ്രകാരമാണ്: നാഥാ, ബലഹീനരായ ഞങ്ങൾ സഹായത്തിനായി അങ്ങയെ വിളിക്കുന്നു. നല്ലവനായ കർത്താവേ നിന്റെ കരുണയാൽ ഞങ്ങളുടെ അപേക്ഷകളെ നൽകണമെ. ഇവിടെ 'ഉതവി' എന്ന വാക്കിന് 'സഹായം' എന്നാണ് അർത്ഥം.

ഈ പാട്ടുകൾ വി. കുർബ്ബാനയിൽ പാടുമ്പോൾ മനസ്സിൽ അർത്ഥം ധ്യാനിച്ചു ചൊല്ലുവാൻ ശ്രദ്ധിക്കണം. കൂടാതെ, ഏത് അവസരത്തിലും ഉപയോഗിക്കാവുന്ന മനോഹരമായ ഒരു പ്രാർത്ഥനാഗാനമാണിത്.

ഈ പാട്ടിലെ ഓരോ വരിയും ഹാലേലുയ്യാ, ബാറക്മോർ കുറിയേലായിസോൻ എന്നീ വാക്കുകൾകൂടി ചേർത്താണ് ചൊല്ലുന്നത് എന്ന് ശ്രദ്ധിച്ചിട്ടുണ്ടല്ലോ?

### നമുക്ക് ചിന്തിക്കാം

1. അൻപുടയോനെ എന്ന ഗീതം ചൊല്ലുന്നതെപ്പോൾ?

   ..........................................................................................................................................

2. ഈ സമയം നാം ധ്യാനിക്കുന്നതെന്താണ്?

   ..........................................................................................................................................

3. അലിവൊടുശിക്ഷിച്ചടിയാരെ
   അരിശം നീക്കി കാക്കണമെ. ഈ വരികളുടെ അർത്ഥം പറയുക

   ..........................................................................................................................................

4. നിന്നെ വിളിക്കുന്നേ നാഥാ

   ......................................................

   ......................................................

   നൽകണമെ യാചിപ്പുകളെ. ഇടയ്ക്കുള്ള 2 വരികൾ ചേർത്ത് പാടുക

5. കർത്താവേ കാരുണ്യത്താൽ

   ......................................................

   ......................................................

   തിന്മകളെ നീ ഓർക്കരുതേ. ഇത്രയും ഭാഗം പാടി കേൾപ്പിക്കുക

## പ്രവർത്തനങ്ങൾ

1. "അൻപുടയോനെ........" എന്ന ഗീതം മുഴുവനായി ഈണത്തിൽ ചൊല്ലി പരിശീലിക്കുക.
2. ഈ ഗീതം ആരാധനയിൽ ചൊല്ലുമ്പോൾ അർത്ഥം മനസ്സിലാക്കി നന്നായി ചൊല്ലുക.
3. "കർത്താവേ കാരുണ്യത്താൽ
   കനിവടിയാരിൽ ചെയ്യണമേ

നന്മ നിറഞ്ഞോനേ എന്റെ

തിന്മകളെ നീ ഓർക്കരുതേ.” ഈ വരികളുടെ അർത്ഥം ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക. ടീച്ചർ നിങ്ങളെ സഹായിക്കും.

## നമുക്ക് പാടാം

ഇവിടെ നമുക്ക് ഒന്നിച്ച് അൻപുടയോനെ.............. എന്ന ഗീതം ഒരിക്കൽകൂടി ചൊല്ലാം. കുട്ടികൾ രണ്ട് ഗ്രൂപ്പായി മാറി മാറി ചൊല്ലാവുന്നതുമാണ്.

## നമുക്ക് പ്രാർത്ഥിക്കാം

യേശുനാഥാ, ബലഹീനരായ ഞങ്ങൾ സഹായത്തിനായി നിന്നെ വിളിക്കുന്നു. നല്ലവനായ കർത്താവേ, നിന്റെ കരുണയാൽ ഞങ്ങളുടെ അപേക്ഷകളെ നൽകേണമെ. കർത്താവേ ഞങ്ങളോട് കനിവ് തോന്നി ഞങ്ങളുടെ തെറ്റുകളെ ക്ഷമിക്കണമെ.

### നിശ്ചയം

**ഞങ്ങളുടെ ആവശ്യങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ച് ഞങ്ങൾ നിത്യവും പ്രാർത്ഥിക്കും**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ആവർ. 32:1-5 |
| തിങ്കൾ | സങ്കീ. 149:1-4 | 1 ശമു. 2:1-4 |
| ചൊവ്വ | സങ്കീ. 149:5-9 | വി. ലൂക്കോസ് 21:67-75 |
| ബുധൻ | വി. ലൂക്കോസ് 1:76-79 | സങ്കീ. 113:1-9 |
| വ്യാഴം | സങ്കീ. 108:1-6 | സങ്കീ. 106:1-3 |
| വെള്ളി | സങ്കീ. 105:1-3 | സങ്കീ. 92:1-5 |
| ശനി | സങ്കീ. 34:1-5 | സങ്കീ. 134:1-3 |

## പാഠം പതിനഞ്ച്

# നമുക്ക് പാടി മദ്ധ്യസ്ഥത അണയ്ക്കാം

**മുഖ്യസന്ദേശം** : വി. കുർബ്ബാനയിൽ വി. ദൈവമാതാവിനോടും പരിശുദ്ധന്മാരോടും മദ്ധ്യസ്ഥത അണച്ചുകൊണ്ടും വിശ്വാസികളായ വാങ്ങിപ്പോയവർക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടുമുള്ള ഗീതങ്ങൾ അർത്ഥം മനസ്സിലാക്കി നന്നായി ആലപിക്കണം.

**മന:പാഠവാക്യം** : "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു." (വി. യാക്കോബ് 5:16)

**പഠനസഹായികൾ**: 1. വി. കുർബ്ബാനക്രമം

2. വി. വേദപുസ്തകം

## പാഠപരിചയം

വി. കുർബ്ബാനയിൽ പരിശുദ്ധന്മാരോട് മദ്ധ്യസ്ഥത അണച്ചുകൊണ്ടുള്ള ഗീതങ്ങളും വിശ്വാസികളായ വാങ്ങിപ്പോയവർക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടുള്ള ഗീതങ്ങളും പരിചയപ്പെടുത്തുന്നതും അവയുടെ അർത്ഥവും പ്രാധാന്യവും വ്യക്തമാക്കുന്നതുമായ ഒരു പാഠമാണിത്.

## ആമുഖം

വി. കുർബ്ബാനമദ്ധ്യേ ധൂപക്കുറ്റി വീശിക്കൊണ്ട് വി. ദൈവമാതാവിനോടും പരിശുദ്ധന്മാരോടും മദ്ധ്യസ്ഥത യാചിക്കുന്ന സന്ദർഭം നിങ്ങൾക്ക് അറിയാമല്ലോ. നിന്നാൾ സ്തുതിയൊടു രാജമകൾ......... എന്ന ഗീതത്തോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. നമ്മൾ കഴിഞ്ഞ വർഷം പഠിച്ച "നിർത്തീടരുതേ പരിശുദ്ധേ" എന്നു തുടങ്ങുന്ന പാട്ട് ഈ കൂട്ടത്തിൽപെടുന്നതാണ്. ആ പാട്ട് നമുക്ക് എല്ലാവർക്കുംകൂടി ഒന്നു പാടാം (എല്ലാവരും ചേർന്ന് പാടുന്നു). പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത അപേക്ഷിച്ചുകൊണ്ടുള്ള ഒരു ഗീതം ഇന്ന് നമുക്ക് ആദ്യം പഠിക്കാം.

## പാഠഭാഗം

പരിശുദ്ധന്മാരേ നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ

ഈ പാട്ട് നമുക്ക് ഒന്നിച്ചു പാടാം. ടീച്ചർ ഓരോ വരി ചൊല്ലിത്തരും. എല്ലാവരും ഏറ്റു ചൊല്ലണം. ഇങ്ങനെ രണ്ടു മൂന്ന് പ്രാവശ്യം ചൊല്ലണം. ഇതിന്റെ അർത്ഥമെന്തെന്നറിയണ്ടേ?

ഇവിടെ 'അടി' എന്ന വാക്കും 'വടി' എന്ന വാക്കും 'ശിക്ഷ' എന്നതിനു പകരമാണ് ഉപയോഗിച്ചിരിക്കുന്നത്. നാം വീട്ടിൽ തെറ്റു ചെയ്യുമ്പോൾ മാതാപിതാക്കൾ നമ്മെ വടികൊണ്ട് അടിച്ച് ശിക്ഷിക്കാറില്ലേ. കോപത്തിന്റെ ശിക്ഷയിൽനിന്നും ഞങ്ങളെ രക്ഷിക്കുവാൻ കർത്താവിനോട് പ്രാർത്ഥിക്കേണമേ എന്ന് പരിശുദ്ധന്മാരോട് അപേക്ഷിക്കുകയാണ് നാം ഈ ഗീതത്തിലൂടെ ചെയ്യുന്നത്. പരിശുദ്ധന്മാർ നമുക്കുവേണ്ടി കർത്താവിനോട് പ്രാർത്ഥിക്കുകയും ആ പ്രാർത്ഥനയിലൂടെ നമ്മുടെ ശിക്ഷകൾ മാറിക്കിട്ടുകയും ചെയ്യും എന്ന വിശ്വാസമാണ് നമുക്കുള്ളത്. അതുകൊണ്ടാണ് വി. കുർബ്ബാനയിൽ ഈ ഗാനം ആലപിക്കുന്നത്.

ഇതുപോലെ മരിച്ചുപോയവർ (പരേതർ)ക്കുവേണ്ടിയും വി. കുർബ്ബാനയിൽ നാം പ്രാർത്ഥിക്കാറുണ്ട്. നമ്മുടെ പ്രാർത്ഥനയാൽ ദൈവം അവരോട് കരുണ ചെയ്യും എന്ന വിശ്വാസമാണ് ഇതിന്റെ അടിസ്ഥാനം. അങ്ങനെയുള്ള ഒരു ഗീതമാണ് ഇന്ന് അടുത്തതായി നാം പഠിക്കുവാൻ പോകുന്നത്.

ശരണത്താലേ നിൻ കൃപയിൽ
മരണമടഞ്ഞോരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിന്നായ്

കർത്താവേ, നിന്റെ കൃപയിൽ അഭയപ്പെട്ട് ജീവിച്ച് മരണമടഞ്ഞ നിന്റെ ദാസന്മാരെ ജീവൻ നൽകുന്ന നിന്റെ ശബ്ദം കേൾപ്പിച്ച് കല്ലറകളിൽനിന്നും ഉണർത്തി പറുദീസായിൽ പ്രവേശിപ്പിക്കേണമേ എന്നതാണ് ഇതിന്റെ അർത്ഥം.

ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നവർക്കാണ് ദൈവകൃപ ലഭിക്കുന്നത്. അങ്ങനെ ജീവിച്ച് മരിച്ചുപോയവർക്കുവേണ്ടിയാണ് നാം ഇവിടെ പ്രാർത്ഥിക്കുന്നത്. അവർക്ക് ദൈവത്തിന്റെ ശബ്ദം കേൾക്കുവാൻ സാധിക്കും. അങ്ങനെയുള്ളവരെ കല്ലറയിൽനിന്നും ഉണർത്തി ദൈവത്തിന്റെ വാസസ്ഥലമായ പറുദീസായിൽ പ്രവേശിപ്പിക്കും എന്നുള്ളതാണ് നമ്മുടെ വിശ്വാസം.

അതുകൊണ്ട് പരിശുദ്ധന്മാരോട് മദ്ധ്യസ്ഥത അണയ്ക്കേണ്ടതും മരിച്ചുപോയവർക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കേണ്ടതും നമ്മുടെ കടമയാണ്.

## നമുക്ക് ചിന്തിക്കാം

1. "പരിശുദ്ധന്മാരേ നിങ്ങൾ" എന്ന ഗാനത്തിൽ പറഞ്ഞിരിക്കുന്ന 'അടികൾ', 'വടികൾ' ഇവ എന്തിനെക്കുറിക്കുന്നു?

   ..............................................................................................................................

2. ഈ ഗാനത്തിന്റെ അർത്ഥം പറയുക?

   ..............................................................................................................................

   ..............................................................................................................................

3. മരിച്ചുപോയ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഗീതം ഏത്?

   ..............................................................................................................................

4. "ശരണത്താലെ..................

   ..................................................

   ..................................................

   കബറീന്നുദ്യാനത്തിന്നായ്." ഇടയ്ക്കുള്ള വരികൾ ചേർത്ത് പാടുക.

## പ്രവർത്തനങ്ങൾ

1. പരിശുദ്ധന്മാരെ നിങ്ങൾ, ശരണത്താലെ നിൻകൃപയിൽ എന്നീ ഗാനങ്ങൾ പല പ്രാവശ്യം പാടി ശീലിക്കുക
2. പരിശുദ്ധന്മാരോട് മദ്ധ്യസ്ഥത അണച്ചുകൊണ്ടുള്ള മറ്റൊരു ഗീതം വീട്ടിലുള്ള മുതിർന്നവരുടെ സഹായത്തോടെ കണ്ടുപിടിച്ച് അടുത്ത ആഴ്ച ക്ലാസ്സിൽ പാടി കേൾപ്പിക്കുക.
3. ഈ ഗീതങ്ങൾ ആരാധനയിൽ ചൊല്ലുമ്പോൾ അർത്ഥം മനസ്സിലാക്കി നന്നായി ചൊല്ലുക.
4. ഈ രണ്ട് ഗാനത്തിന്റെയും അർത്ഥം ക്ലാസ്സിൽ പറഞ്ഞുകേൾപ്പിക്കുക.

## നമുക്ക് പാടാം

ഇന്ന് പഠിച്ച ഗീതങ്ങളും അതേ ഗണത്തിൽപ്പെടുന്ന മറ്റ് ഗീതങ്ങളും വി. കുർബ്ബാന ക്രമം നോക്കി പാടുക. ഗ്രൂപ്പ് തിരിഞ്ഞും അല്ലാതെയും പാടാവുന്നതാണ്

## നമുക്ക് പ്രാർത്ഥിക്കാം

ശുദ്ധിമതിയായ മാതാവേ...ഞങ്ങൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കേണമെ. പരിശുദ്ധരായ പിതാക്ക്നമാരേ ഞങ്ങളുടെ തെറ്റുകൾ ദൈവം ക്ഷമിക്കുവാനായി നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കണമെ. സ്നേഹവാനായ ദൈവമേ...

ഞങ്ങളുടെ എല്ലാ വാങ്ങിപ്പോയവരെയും അബ്രഹാം പിതാവിന്റെ മടിയിൽ പാർപ്പിക്കണമെ. ഞങ്ങൾക്കും അവർക്കും സമാധാനവും പാപമോചനവും നൽകണമെ... ആമ്മീൻ.

**നിശ്ചയം**

**ഞങ്ങളുടെ എല്ലാ വാങ്ങിപ്പോയവർക്കുംവേണ്ടി ഞങ്ങൾ ദിവസവും കർത്താവിനോട് പ്രാർത്ഥിക്കും**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 136:1-5 |
| തിങ്കൾ | 2 യോഹ. 1:7 | സങ്കീ. 136:6-10 |
| ചൊവ്വ | 2 യോഹ. 8:13 | സങ്കീ. 136:1-15 |
| ബുധൻ | 3 യോഹ. 1:8 | സങ്കീ. 136:16-18 |
| വ്യാഴം | 3 യോഹ. 9:12 | സങ്കീ. 136:19-26 |
| വെള്ളി | ഫിലേ. 4:7 | സങ്കീ. 24:1-6 |
| ശനി | ഫിലേ. 20:22 | സങ്കീ. 24:7-10 |

## യൂണിറ്റ് നാല്

# എന്റെ പള്ളി

### പാഠം പതിനാറ്

## പള്ളി ആരാധനയുടെ പ്രാധാന്യം

**മുഖ്യസന്ദേശം** : പള്ളി ആരാധന സ്വർഗ്ഗീയ അനുഭവമാണ്. അതിൽ വിശുദ്ധിയോടെ പങ്കെടുക്കണം.

**മന:പാഠവാക്യം** : "എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചുമോഹിച്ചു പോകുന്നു." (സങ്കീർത്തനങ്ങൾ 84:2)

**പഠനസഹായികൾ:** 1. ഒരു പള്ളിയുടെ ചിത്രം
2. വി. കുർബ്ബാനക്രമം
3. വി. വേദപുസ്തകം

### പാഠപരിചയം

യിസ്രായേൽ ജനതയുടെ ആരാധനാജീവിതത്തിന്റെ അടിസ്ഥാനം യരുശലേം ദൈവാലയമായിരുന്നു. യേശു പതിവായി ദൈവാലയത്തിൽ പോയി ആരാധനയിൽ പങ്കെടുത്തിരുന്നു. ദൈവസ്നേഹം നാം അനുഭവിച്ചറിയുന്നത് പള്ളി ആരാധനയിലൂടെയാണ്. ഈ ആശയങ്ങൾ വ്യക്തമാക്കുന്ന ഒരു പാഠമാണിത്.

### ആമുഖം

കുട്ടികളേ... നിങ്ങൾ എല്ലാവരും എല്ലാ ഞായറാഴ്ചയും മുടങ്ങാതെ പള്ളിയിൽ ആരാധനയ്ക്കായി വരാറില്ലേ? ഞായറാഴ്ച ദിവസം ആരാധനയിലും സൺഡേസ്കൂളിലുമൊക്കെ പങ്കെടുക്കുവാൻ എന്ത് ഉത്സാഹമാണ് അല്ലേ? നമ്മുടെ കർത്താവും കൊച്ചുകുട്ടിയായിരുന്നപ്പോൾതന്നെ യരുശലേം ദൈവാലയത്തിൽ പതിവായി പോകുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പള്ളി ദൈവത്തിന്റെ ആലയമാണ്. നമ്മുടെ പള്ളിയിലെ ആരാധനയുടെ പ്രാധാന്യത്തെപ്പറ്റിയാണ് നാം ഇന്ന് പഠിക്കുവാൻ പോകുന്നത്.

### പാഠഭാഗം

അപ്പുവും അവന്റെ അപ്പച്ചനും പള്ളിയിലേക്കുള്ള യാത്രയിൽ

അപ്പു: അപ്പച്ചാ എല്ലാ ഞായറാഴ്ചയും നമ്മൾ എന്തിനാ പള്ളിയിൽ പോകുന്നത്? വീട്ടിൽ ഇരുന്ന് പ്രാർത്ഥിച്ചാലും ദൈവം കേൾക്കില്ലേ?

അപ്പച്ചൻ: മോനെ... പള്ളി, ദൈവം വസിക്കുന്ന ആലയമായതുകൊണ്ട് പ്രത്യേക ആരാധനകൾക്കായിട്ടാണ് നാം പള്ളിയിൽ പോകുന്നത്. മോൻ എന്തിനാ സ്കൂളിൽ പോകുന്നത്? വീട്ടിൽ ഇരുന്ന് പഠിച്ചാലും പോരേ?

അപ്പു: ഓ... നമ്മൾ സ്കൂളിൽ പോകാതെ വീട്ടിലിരുന്ന് പഠിക്കാമെന്നുവെച്ചാൽ നന്നായി പഠിക്കാനാവില്ല. അതുപോലെയാണ് അല്ലേ അപ്പച്ചാ...

അപ്പച്ചൻ: അതേ മോനേ... ദൈവത്തോട് പ്രാർത്ഥിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. നമ്മുടെ സന്തോഷങ്ങളും ദുഃഖങ്ങളുമെല്ലാം നമ്മൾ ദൈവത്തോട് പറയണം.

അപ്പു: അപ്പച്ചാ... എനിക്ക് പള്ളിയിലെ ആരാധനകളെപ്പറ്റി ഒന്നു പറഞ്ഞുതരാമോ?

അപ്പച്ചൻ: കേട്ടോളൂ... യഹൂദനായി ജനിച്ച യേശു ബാല്യം മുതൽതന്നെ മാതാപിതാക്കളോടൊപ്പം ദൈവാലയത്തത്തിൽ പോയിരുന്നു. നിഷ്ഠയോടെ ആരാധനയിൽ പങ്കെടുത്തിരുന്നു. യരുശലേം ദൈവാലയം ശലോമോൻ രാജാവാണ് പണികഴിപ്പിച്ചത്. യഹൂദന്മാർ ദൈവത്തോട് പ്രാർത്ഥിക്കുവാനും നേർച്ചകൾ അർപ്പിക്കുവാനും അനുഗ്രഹം നേടുവാനും ദൈവത്തെ സ്തുതിക്കുവാനും പതിവായി യരുശലേം ദൈവാലയത്തിൽ കൂടിവരുമായിരുന്നു. അതിനാലാണ് യേശുവും പതിവായി യരുശലേം ദൈവാലയത്തിൽ പോയിരുന്നത്.

അപ്പു: അപ്പച്ചാ, യരുശലേം ദൈവാലയം നമ്മുടെ പള്ളിപോലെയായിരുന്നോ?

അപ്പച്ചൻ: അതെ മോനേ, നമ്മുടെ പള്ളിയ്ക്ക് യരുശലേം ദൈവാലയത്തോട് വളരെ സാമ്യമുണ്ട്. അതിന്റെ ആകൃതിയും ഘടനയും ആരാധനാരൂപവുമെല്ലാം അടിസ്ഥാനമാക്കിയാണ് നമ്മുടെ പള്ളികളും അതിലെ ആരാധനകളും സഭ ക്രമീകരിച്ചിരിക്കുന്നത്. ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായിട്ടാണ് നമ്മുടെ പള്ളികളും അതിലെ അലങ്കാരങ്ങളും ക്രമീകരിച്ചിരിക്കുന്നത്. അതിനാൽ പള്ളി ഏറ്റവും വിശുദ്ധമായി സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. പള്ളി അശുദ്ധമാക്കിയാൽ ദൈവത്തിന്റെ ശിക്ഷ നമുക്കു കിട്ടും എന്നത് ഓർക്കണം. ഒരിക്കൽ യേശു യരുശലേം ദൈവാലയത്തിൽ ചെന്നപ്പോൾ അവിടെ കണ്ട കച്ചവടക്കാരെയെല്ലാം അടിച്ച് ഓടിച്ചിട്ടു പറഞ്ഞു: "എന്റെ ആലയം പ്രാർത്ഥനാലയം... നിങ്ങൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തിരിക്കുന്നു."

നമ്മുടെ ഒ.വി.ബി.എസ്സിന്റെ ഒരു ഗാനം ഈ ആശയമുള്ളതാണ്. നമുക്കതൊന്ന് പാടാം.

ഒരുനാൾ നമ്മുടെ യേശു
യേരുശലേമിൽ ചെന്നു
പെരുന്നാളിനു കൂടി
ചുറ്റും നോക്കിക്കണ്ടു

അവിടെ ചെന്നൊരു നേരം
പ്രാർത്ഥന തൻ നേരം
ആലയമുള്ളിൽ യൂദർ
പ്രാവിനെ മാടിനെ വിൽക്കുന്നു

നാഥനു രോഷമുയർന്നു
ചാട്ടച്ചുഴറ്റീട്ടേശു
പ്രാവിൻ പീഠം മാറ്റി
ആടിനെ മാടിനെ മാറ്റി

പ്രാർത്ഥിച്ചീടാനുള്ള
സ്ഥലവും സമയവുമൊക്കെ
സൂക്ഷിച്ചില്ലെന്നാകിൽ
ശിക്ഷിച്ചീടും നാഥൻ

ദൈവാലയം വിശുദ്ധമായി സൂക്ഷിക്കണം എന്ന് യേശുവിന് നിർബന്ധമുണ്ടായിരുന്നു എന്ന് ഈ സംഭവത്തിൽനിന്ന് മനസ്സിലായല്ലോ.

അപ്പു: അപ്പച്ചാ. ഞാൻ പള്ളിയ്ക്കകത്തിരുന്ന് സംസാരിക്കുകയും കൂട്ടുകാരുമായി അടിച്ച് കളിക്കുകയുമൊക്കെ ചെയ്യുമായിരുന്നു. അത് യേശു അപ്പച്ചന് ഇഷ്ടമല്ല എന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്.

അപ്പച്ചൻ: ഇതുവരെ ചെയ്തതു പോകട്ടെ. ഇനി മേലിൽ മോൻ പള്ളിയ്ക്കകത്ത് പ്രവേശിച്ചാൽ പിന്നെ അലക്ഷ്യമായി സംസാരിക്കാനോ ബഹളം വയ്ക്കാനോ ചാടാനോ ഒന്നും പാടില്ല. സത്യദൈവത്തെ വിളിച്ച് പ്രാർത്ഥിപ്പാനും ആരാധിപ്പാനും യേശുതമ്പുരാന്റെ തിരുശരീരരക്തങ്ങളാകുന്ന വി. കുർബ്ബാന അനുഭവിപ്പാനും സമൂഹമായി ദൈവത്തെ സ്തുതിപ്പാനുമെല്ലാം പള്ളി നമ്മെ സഹായിക്കുന്നു. പള്ളിയിൽ മണിയടിക്കുന്നത്, പള്ളിയിൽ ആരാധനയ്ക്കായി ഒരുമിച്ചു കൂടുവാൻ നമ്മെ വിളിക്കുന്ന ശബ്ദമാണ്. അതിനാൽ പള്ളിമണി കേൾക്കുമ്പോൾ നാം കുരിശുവരയ്ക്കണം. പള്ളിയിലെ ആരാധനകളിൽകൂടി ദൈവസ്നേഹവും പരസ്പരസ്നേഹവും നാം പങ്കിടുന്നു. ആരാധനയ്ക്കായി പള്ളിയിൽ ഒരുമിച്ചു കൂടുന്നവരെല്ലാം സഭാമാതാവിന്റെ മക്കളാണ്. അവരെല്ലാവരും പരസ്പരം സഹോദരങ്ങളാണ്. അതിനാൽ ഒരാളിന്റെ പ്രയാസം നമ്മുടെ എല്ലാവരുടെയും പ്രയാസമാണ്. അംഗങ്ങൾ തമ്മിൽ പരസ്പരം ആത്മാർത്ഥമായി സ്നേഹിക്കുകയും അന്യോന്യം സഹായിക്കുകയും വേണം. അതിന്റെ അടയാളമായിട്ടാണ് വി. കുർബ്ബാനയുടെ ആദ്യ ഭാഗത്ത് എല്ലാവരും പരസ്പരം സമാധാനം നൽകുന്നത്.

അപ്പു: "അപ്പച്ചാ... നമ്മൾ പള്ളിയിലെത്തിയല്ലോ... എനിക്ക് ഒത്തിരി കാര്യങ്ങൾ പള്ളിയെക്കുറിച്ച് മനസ്സിലായി. ഇനിയും ഇതുപോലെ ഒത്തിരി കാര്യങ്ങൾ പറഞ്ഞുതരണേ.

## പുരോഹിതന്മാരോടുള്ള അഭിവാദ്യം

അഭിവാദ്യം: ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

(Glory be to God)

പ്രത്യഭിവാദ്യം: ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(God bless you)

## നമുക്ക് ചിന്തിക്കാം

1. യഹൂദന്മാരുടെ പ്രധാന ദൈവാലയം ഏതായിരുന്നു?

.......................................................................................................................

2. യരുശലേം ദൈവാലയം പണികഴിപ്പിച്ചത് ആരായിരുന്നു?

.......................................................................................................................

3. പള്ളി ആരാധനയിൽ പങ്കെടുക്കുമ്പോൾ നമുക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

.......................................................................................................................

4. പള്ളി ആരാധനയിൽ പങ്കെടുക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

.......................................................................................................................

5. 'പള്ളിമണി' നമ്മെ എന്താണ് അറിയിക്കുന്നത്?

.......................................................................................................................

6. വി. കുർബ്ബാനയിൽ അന്യോന്യം സമാധാനം നൽകുന്നത് എന്തിന്റെ അടയാളമാണ്?

.......................................................................................................................

## പ്രവർത്തനങ്ങൾ

1. ഒരു പള്ളിയുടെ ചിത്രം വരച്ച് ചായമിടുക.
2. നിങ്ങളുടെ പള്ളിയും പള്ളിയുടെ വിവിധ ഭാഗങ്ങളും ടീച്ചറിനോടൊപ്പം ചുറ്റി നടന്ന് കണ്ട് മനസ്സിലാക്കുക.
3. പരസ്പരം സമാധാനം നൽകുവാൻ പരിശീലിക്കുക.
4. പള്ളി ആരാധനയിൽ വി. കുർബ്ബാനക്രമ പുസ്തകം പിടിച്ച് ശ്രദ്ധയോടെ പ്രതിവാക്യങ്ങളും ആരാധനാഗീതങ്ങളും ചൊല്ലി പങ്കെടുക്കുക.
5. പള്ളിമണി കേൾക്കുമ്പോൾ മൂന്നു പ്രാവശ്യം കുരിശുവരയ്ക്കുക.

## നമുക്ക് പാടാം

യേശു പണ്ടു ചിട്ടയായി പള്ളിയിൽപോയി
നന്മ ചെയ്തു ജീവിച്ചീടാൻ മാതൃകയായി.

തിന്മ നമ്മിലുണ്ടാകാതെ നന്മ ചെയ്യുവാൻ
ചിട്ടയായി പള്ളിയിൽ പോയി ശക്തിനേടണം

പള്ളിയിൽ പോയി പ്രാർത്ഥിക്കണം കുരിശു വരയ്ക്കണം
ഭക്തിയോടെ ദൈവനാമം പാടി സ്തുതിക്കണം

സൺഡേസ്കൂളിൽ പങ്കെടുത്ത് ജ്ഞാനം നേടണം
ദൈവമഹത്വം കൂട്ടുകാർക്ക് പങ്കു വയ്ക്കണം.

## നമുക്ക് പ്രാർത്ഥിക്കാം

സ്നേഹവാനായ യേശുവേ... നീ പതിവായി ദൈവാലയത്തിൽ പോകുകയും ആരാധനയിൽ പങ്കെടുക്കുകയും ചെയ്തതുപോലെ ഞങ്ങളും മുടങ്ങാതെ ദൈവാലയത്തിൽ വന്ന് അങ്ങയെ ആരാധിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ.

### നിശ്ചയം

**എന്റെ പള്ളിയിൽ ഒന്നിച്ചു കൂടുന്ന എല്ലാവരും സഭാമക്കളും എന്റെ മാതാപിതാക്കളും സഹോദരി സഹോദരന്മാരുമാണ്. ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 26:1-7 |
| തിങ്കൾ | വി. ലൂക്കോസ് 21:1-4 | സങ്കീ. 26:8-12 |
| ചൊവ്വ | വി. ലൂക്കോസ് 121:5-9 | സങ്കീ. 135:1-3 |
| ബുധൻ | വി. യോഹ. 15:1-4 | സങ്കീ. 135:4-9 |
| വ്യാഴം | വി. യോഹ. 15:5-7 | സങ്കീ. 135:10-14 |
| വെള്ളി | വി. യോഹ. 15:8-11 | സങ്കീ. 135:15-21 |
| ശനി | വി. യോഹ. 15:12-15 | സങ്കീ. 84:1-12 |

## പാഠം പതിനേഴ്

# പള്ളിയിൽ എങ്ങനെ വർത്തിക്കണം?

**മുഖ്യസന്ദേശം** : ദൈവാലയം വിശുദ്ധമാണ്. ഭയഭക്തിയോടെയും ദൈവസാന്നിധ്യബോധത്തോടെയും ആരാധനയിൽ പങ്കെടുക്കണം.

**മന:പാഠവാക്യം** : "നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലോ." (സങ്കീർത്തനങ്ങൾ 84:10)

**പഠനസഹായികൾ**:
1. വി. കുർബ്ബാനക്രമം
2. വി. വേദപുസ്തകം
3. സ്വന്തം പള്ളിയുടെ ചിത്രം

### പാഠപരിചയം

ദൈവം വസിക്കുന്ന ആലയമാണ് ദൈവാലയം. വിശുദ്ധിയോടും വെടിപ്പോടുംകൂടി മാത്രമേ ആരാധനയിൽ പങ്കെടുക്കാവൂ. ദൈവത്തിന്റെ മുൻപിലാണ് നിൽക്കുന്നത് എന്ന് ചിന്തിച്ച് വേണം നാം ആരാധനയിൽ പങ്കെടുക്കുവാൻ. ഭയഭക്തി ബഹുമാനത്തോടെ വേണം ആരാധനയിൽ പങ്കെടുക്കുവാൻ. ഈ ആശയങ്ങൾ വ്യക്തമാക്കുന്നതാണ് ഈ പാഠം.

### ആമുഖം

സാധാരണ ദിവസങ്ങളിൽ സ്കൂളിൽ പോകുന്നതിന് എങ്ങനെയൊക്കെയാണ് തയ്യാറെടുക്കുന്നത് എന്ന് ഓരോരുത്തരും പറയുക. സ്കൂളിൽ താമസിച്ചുചെന്നാൽ എന്താണ് കുഴപ്പം? ടീച്ചർ വഴക്ക് പറയും, ചിലപ്പോൾ ശിക്ഷിക്കും അല്ലേ? അതിനാൽ എല്ലാവരും കൃത്യസമയത്ത് എഴുന്നേറ്റ്, ദിനചര്യകൾ കഴിഞ്ഞ്, കാപ്പികുടിച്ച്, കുളിച്ച്, വൃത്തിയുള്ള യൂണിഫോം ധരിച്ച് ഒരുങ്ങി സ്കൂളിലേക്ക് പോകും അല്ലേ? എന്നാൽ ദൈവാലയങ്ങളിൽ പോകുന്നതിന് ഇതിലേറെ താല്പര്യമുണ്ടാകേണ്ടതല്ലേ? ഞായറാഴ്ചകളിൽ എപ്പോഴാണ് ഉണരുന്നത്? മറ്റ് ദിവസങ്ങളിൽ എഴുന്നേല്ക്കുന്നതിനേക്കാൾ നേരത്തെ എഴുന്നേല്ക്കാറുണ്ടോ? നല്ല ഉത്സാഹമാണോ പള്ളിയിൽ പോകുവാൻ? ദൈവത്തിന്റെ ആലയമല്ലേ പള്ളി...അവിടെ പോയി ദൈവത്തെ സ്തുതിക്കുവാനും ആരാധിക്കുവാനും കഴിയുന്നതുകൊണ്ടാണ് നമുക്ക് ഇത്ര ഉത്സാഹം. നല്ല ഒരുക്കത്തോടെ വേണം പള്ളിയിൽ പോകുവാൻ. പള്ളിയിൽ പോകുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം എന്നാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ടീച്ചർ ജിൻസിമോളെ വിളിച്ച് അരികിൽ നിർത്തിയിട്ട് പറഞ്ഞു: "മോൾ നല്ല കുട്ടിയാണ്, എല്ലാ ഞായറാഴ്ചയും പ്രഭാതനമസ്കാരം ആരംഭിക്കുന്ന സമയത്തുതന്നെ മോൾ പള്ളിയിൽ എത്താറുണ്ടല്ലോ. പള്ളിയിൽ വരുന്നതിനായി എന്തെല്ലാം ഒരുക്കങ്ങളാണ് നടത്തേണ്ടതെന്നു പറയാമോ?

ജിൻസിമോൾ: "ഞായറാഴ്ചദിവസം വെളുപ്പിന് തന്നെ എഴുന്നേല്ക്കണം, ടീച്ചറേ എന്നിട്ട് ദിനകൃത്യങ്ങളൊക്കെകഴിഞ്ഞ് പ്രാർത്ഥിക്കണം. അനാവശ്യസംസാരങ്ങൾ ഒഴിവാക്കണം. ഫാഷൻ വസ്ത്രങ്ങൾ പാടില്ല. ലളിതവും കഴിവതും വെള്ള നിറമുള്ളതുമായ വസ്ത്രങ്ങൾ ധരിക്കണം. പെൺകുട്ടികൾ തല മൂടുന്നതിന് സ്കാർഫ് കരുതണം. എന്നിട്ട് വീട്ടിലുള്ള എല്ലാവരുമൊരുമിച്ച് പള്ളിയിൽ പോകണം."

ടീച്ചർ: "മോൾ പറഞ്ഞത് വളരെ ശരിയാണ്. എല്ലാവരും ശ്രദ്ധിച്ചു കേട്ടല്ലോ...ദൈവാലയം വിശുദ്ധമാണ് അവിടെ നടക്കുന്ന ആരാധനകളെല്ലാം ദിവ്യമാണ്. യഹൂദനായി ജനിച്ച യേശു ബാല്യംമുതൽതന്നെ യരുശലേം ദൈവാലയത്തിൽ കൃത്യമായി പോയിരുന്നു എന്ന് കഴിഞ്ഞ പാഠത്തിൽ പഠിച്ചത് ഓർമ്മയുണ്ടല്ലോ?..."

"പള്ളിയിൽ പ്രവേശിക്കുമ്പോൾ ഭയത്തോടും ഭക്തിയോടുംകൂടി കുരിശുവരച്ച് പ്രാർത്ഥന ചൊല്ലണം. പള്ളിയിൽ പ്രവേശിക്കുമ്പോൾ ചൊല്ലാവുന്ന ഒരു പ്രാർത്ഥന താഴെ കൊടുക്കുന്നു. ഈ പ്രാർത്ഥന എല്ലാവരും ചേർന്നു ചൊല്ലുന്നു.

### പള്ളിയിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന

ദൈവമേ നിന്റെ ഭവനത്തിലേക്ക് ഞാൻ പ്രവേശിക്കുന്നു. എന്റെ പാപങ്ങളെ ക്ഷമിച്ച് എന്നെ കഴുകി വെടിപ്പാക്കണമേ. ഭക്തിയോടെ ആരാധനയിൽ പങ്കെടുത്ത് എന്റെ നേർച്ചകളെ സമർപ്പിക്കുവാൻ എനിക്ക് നിന്റെ കൃപ നൽകണമെ.

പള്ളിയ്ക്കകത്ത് പ്രവേശിച്ചു കഴിഞ്ഞാൽ അവരവരുടെ നിരയിൽ പോയി നിൽക്കണം. ദൈവത്തിന്റെ മുമ്പിലാണ് നാം നില്ക്കുന്നതെന്ന ബോധത്തോടെ ആരാധനകളിൽ നിന്നുകൊണ്ട് സംബന്ധിക്കണം. അലക്ഷ്യമായോ അശ്രദ്ധമായോ നില്ക്കരുത്. വി. കുർബ്ബാനക്രമം നോക്കി പ്രതിവാക്യങ്ങളും ഗീതങ്ങളും ചൊല്ലിക്കൊണ്ട് വേണം നില്ക്കാൻ. അപ്പോൾ നമ്മുടെ ശ്രദ്ധ പതറുകയില്ല. ആരാന കേവലം കുറെ പ്രാർത്ഥനകൾ ചൊല്ലിതീർക്കലല്ല, നമ്മുടെ ശരീരവും ആത്മാവും ബുദ്ധിയും മനസ്സുമെല്ലാം അതിൽ ലയിച്ചുചേരണം."

ടീച്ചർ: "സമൂഹമായിട്ടാണ് നാം ആരാധിക്കുന്നത്. നിരനിരയായിട്ടുവേണം പള്ളിയിൽ നില്ക്കുവാൻ 'സ്ലീബാ' എന്ന് ഉച്ചരിക്കുമ്പോഴെല്ലാം തലകുനിച്ച് ഭംഗിയായി കുരിശുവരയ്ക്കണം. കുരിശുവരയ്ക്കേണ്ടവിധം ഒന്നാം ക്ലാസ്സിൽ പഠിച്ചത് ഓർക്കുന്നുണ്ടല്ലോ." (എല്ലാവരും എഴുന്നേറ്റുനിന്ന് ഭംഗിയായി കുരിശു വരച്ച് കാണിക്കുന്നു.)

ടീച്ചർ: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വത്തെ കുറിക്കുവാനാണ് നാം മൂന്നു വിരലുകൾ ചേർത്ത് കുരിശു വരയ്ക്കുന്നത്. നെറ്റിയിൽനിന്നും നെഞ്ചി

ലേക്ക് വരയ്ക്കുന്നത് ദൈവപുത്രനായ ക്രിസ്തു സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കിറങ്ങിവന്നതിനെ ഓർക്കുന്നതാണ്. ഇടത്തേ തോളിൽനിന്നും വലത്തേ തോളിലേക്ക് വരയ്ക്കുന്നത് പാപത്തിൽകിടന്ന ഇടത്തേതിന്റെ മക്കളായ നമ്മെ ദൈവമക്കളാക്കി (വലത്തേതിന്റെ മക്കളാക്കി) മാറ്റിയതിനെ ഓർക്കുന്നതാണ്.

നാം കുരിശുവരയ്ക്കുന്നതിന്റെ അർത്ഥം ഇതാണ്.

പാപികളായ നമ്മെ രക്ഷിക്കുവാൻ കർത്താവായ യേശുസ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കിറങ്ങി വന്നതിനെ ഓർത്തുകൊണ്ട് നെറ്റിയിൽനിന്നും നെഞ്ചിലേക്കും ഇടത്തേതിന്റെ മക്കളായിരുന്ന നമ്മെ വലത്തേതിന്റെ മക്കളാക്കിതീർത്തതിന്റെ ഓർമ്മയ്ക്കായി ഇടത്തേ തോളിൽ നിന്നും വലത്തേ തോളിലേക്കും കുരിശുവരയ്ക്കുന്നു.

ആരാധനയുടെ മുഴുവൻ സമയവും നമ്മുടെ മനസ്സിൽ യേശുവിന്റെ മുഖം തെളിഞ്ഞുനില്ക്കണം. ഒരേ മനസ്സോടെ സമൂഹമായി നാം ആരാധിക്കുമ്പോൾ ദൈവം സന്തോഷിക്കും. മറ്റു ചിന്തകളെല്ലാം വെടിഞ്ഞ് ഏകാഗ്രതയോടെ നിന്ന് ദൈവത്തെ ആരാധിക്കണം.

### നമുക്ക് ചിന്തിക്കാം

1. ദൈവാലയം വിശുദ്ധമാണെന്ന് പറയുന്നത് എന്തുകൊണ്ട്?

   ..............................................................................................................

2. കുരിശുവരയുടെ അർത്ഥം പറയുക.

   ..............................................................................................................

3. പള്ളിയിൽ നില്ക്കേണ്ട വിധം എങ്ങനെയെന്ന് പറയുക.

   ..............................................................................................................

   ..............................................................................................................

4. കുരിശുവരയ്ക്കുമ്പോൾ മൂന്നുവിരൽ ചേർക്കുന്നത് എന്തിനെക്കുറിക്കുന്നു?

   ..............................................................................................................

## പ്രവർത്തനങ്ങൾ

1. ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന പഠിച്ച് അടുത്തയാഴ്ചമുതൽ പള്ളിയിൽ വരുമ്പോൾ വാതിലിനു പുറത്ത് ചെരുപ്പുകൾ ഊരിയിട്ട് നേരെ നിന്ന് കുരിശു വരച്ച് ഈ പ്രാർത്ഥന ചൊല്ലിയിട്ട് അകത്തു കയറണം.
2. പള്ളിയാരാധനയിൽ നേരത്തെതന്നെ എത്തുക. വി. കുർബ്ബാനക്രമം കൊണ്ടുവരണം. പ്രതിവാക്യങ്ങളും ഗീതങ്ങളും ഭംഗിയായും ചൊല്ലണം.
3. നന്നായി കുരിശുവരച്ച് പഠിക്കുക.

## നമുക്ക് പാടാം

പ്രാർത്ഥിപ്പനായ് ആലയമതിൽ നാം
ചെന്നെത്തീടമ്പോൾ
പരമേന്നതനുടെ സവിധേയെന്നൊരു
ചിന്തയുദിക്കേണം

പാപക്ഷമയതു നേടീടാനായ്
പരനോടർത്ഥികക്ക
പാരിൽ ശാന്തിപുലർത്തീടാനായ്
പ്രാർത്ഥിച്ചീടുക നാം

കൈകൾ കൂപ്പേണം മിഴികൾ പൂട്ടേണം
കാരുണ്യം ചൊരിയാനായ് കേണോതീടേണം
കനിയുക കർത്താവേ ഏഴകളടിയാരിൽ
കാത്തുമറച്ചീടേണം നാഥാ നിന്നുടെ ചിറകടിയിൽ

## നമുക്ക് പ്രാർത്ഥിക്കാം

കാരുണ്യവാനായ ദൈവമേ....നിന്റെ ആലയത്തിൽ വിശുദ്ധിയോടെ വന്ന് ആരാധനയിൽ പങ്കെടുക്കാൻ ഞങ്ങളെ സഹായിക്കേണമെ. പതിവായി ദൈവാലയത്തിൽ വന്ന് ശുശ്രൂഷകളിൽ പങ്കെടുക്കാനും അങ്ങയോട് പ്രാർത്ഥിക്കുവാനും ഞങ്ങൾക്ക് ഇടയാക്കേണമേ...ആമ്മീൻ.

### നിശ്ചയം

**ശ്രദ്ധയോടെ പള്ളിയാരാധനയിൽ ഞങ്ങൾ പങ്കെടുക്കും.**
**പള്ളിയിൽ അച്ചടക്കത്തോടെ പെരുമാറും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സദൃ. 1:1-9 |
| തിങ്കൾ | അപ്പോ.പ്ര. 7:44-48 | സങ്കീ. 91:1-4 |
| ചൊവ്വ | 1 ദിന. 29:1-3 | സങ്കീ. 91:5-8 |
| ബുധൻ | 1 ദിന. 29:10-13 | സങ്കീ. 91:9-12 |
| വ്യാഴം | 1 ദിന. 29:14-16 | സങ്കീ. 191:13-16 |
| വെള്ളി | 1 രാജാ. 8:28-30 | സങ്കീ. 121:1-4 |
| ശനി | 1 രാജാ. 8:43-45 | സങ്കീ. 121:5-8 |

### യൂണിറ്റ് അഞ്ച്

# മഹദ്വ്യക്തി പരിചയം

### പാഠം പതിനെട്ട്

## ശിശു സഹദേന്മാർ

**മുഖ്യസന്ദേശം** : യേശുവിനുവേണ്ടി മരണം വരിച്ച നിരപരാധികളായ ശിശുക്കളാണ് ശിശുസഹദേന്മാർ. വിശുദ്ധരായ അവരുടെ മദ്ധ്യസ്ഥതയിൽ നാം അഭയപ്പെടണം.

**മന:പാഠവാക്യം** : "നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗ രാജ്യം അവർക്കുള്ളത്." (വി. മത്തായി 5:10)

**പഠനസഹായികൾ**: 1. ശിശുസഹദേന്മാരുടെ ഒരു ചിത്രം

2. വി. വേദപുസ്തകം

### പാഠപരിചയം

യേശുവിന്റെ ജനനവാർത്ത വിദ്വാന്മാരിൽനിന്നും അറിഞ്ഞ ഹേറോദാസ് രാജാവ് യേശുവിനെ കൊല്ലുവാൻ തീരുമാനിച്ചു. അതിനായി 2 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ മുഴുവൻ കൊല്ലുവാൻ ഉത്തരവിട്ടു. പടയാളികൾ നാടുനീളെ നടന്ന് പാവം ശിശുക്കളെ കൊന്നു. എന്നാൽ യേശുക്കുഞ്ഞിനെ കൊല്ലുവാൻ അവർക്ക് കഴിഞ്ഞില്ല. അങ്ങനെ കൊല്ലപ്പെട്ട എല്ലാ ശിശുക്കളെയുമാണ് ശിശുസഹദേന്മാർ എന്നു വിളിക്കുന്നത്. അവരെപ്പറ്റി കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കുന്നതാണ് ഈ പാഠം.

### ആമുഖം

ടീച്ചർ : നമ്മുടെ സഭയിൽ അനേകം വിശേഷദിവസങ്ങൾ ഉണ്ടല്ലോ. അതിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ദിവസം ഏതാണെന്നു പറയാമോ?

| | | |
|---|---|---|
| കുട്ടികൾ | : | ഉത്തരങ്ങൾ പലതും പറയുന്നു. അപ്പോൾ ജോബിൻ ചാടിയെഴുന്നേറ്റ് "ടീച്ചർ...ക്രിസ്തുമസ്." |
| ടീച്ചർ | : | മിടുക്കൻ...ആട്ടെ. എന്താണ് ക്രിസ്തുമസ്സിന്റെ പ്രാധാന്യം? |
| | | യേശു തമ്പുരാന്റെ ജനനപ്പെരുന്നാളാണ്. |
| | | ഏതു ദിവസമാണ് നാം അതു കൊണ്ടാടുന്നത്? |
| | | എല്ലാ വർഷവും ഡിസംബർ 25-ന് |
| | | ക്രിസ്തുമസിനോട് ചേർന്ന് നടന്ന ഏതെല്ലാം കാര്യങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാം. |
| | | യേശുക്കുഞ്ഞ് ജനിച്ചത് ബേത്‌ലഹേമിലാണ്. ഒരു പുൽക്കൂട്ടിലാണ് കർത്താവ് പിറന്നത്. ആ സമയം മാലാഖമാർ ആട്ടിടയന്മാർക്ക് പ്രത്യക്ഷപ്പെട്ടു. പാട്ടുപാടി. അവർ യേശുക്കുഞ്ഞിനെ ചെന്നുകണ്ടു. |
| | | മറ്റാരെങ്കിലും യേശുക്കുഞ്ഞിനെ കണ്ടോ? |
| | | കണ്ടു. വിദ്വാന്മാർ. |
| | | അവർ എന്തുചെയ്തു? |
| | | പൊന്നും മൂരും കുന്തിരിക്കവും യേശുതമ്പുരാന് കാഴ്ചയായി നല്കി. |
| | | ആ വിദ്വാന്മാർ യേശുക്കുഞ്ഞിനെ കണ്ടതിന്റെശേഷം വലിയ വേദനാജനകമായ ഒരു സംഭവം ഉണ്ടായി. ആ സംഭവമാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്. |

## പാഠഭാഗം

ഈ വിദ്വാന്മാർ വന്നത് മറ്റൊരു രാജ്യത്തു നിന്നുമായിരുന്നു. നക്ഷത്രത്തെകണ്ട് അതിനെ പിന്തുടർന്നാണ് അവർ ബേത്‌ലഹേമിൽ എത്തിയത് എന്ന് നാം പഠിച്ചിട്ടുണ്ടല്ലോ. നക്ഷത്രം കണ്ടതല്ലാതെ യേശുക്കുഞ്ഞ് പിറന്ന സ്ഥലം കൃത്യമായി അവർക്ക് അറിയാൻ പാടില്ലായിരുന്നു. അതുകൊണ്ട് അവർ ആ രാജ്യത്തെ രാജാവിന്റെ കൊട്ടാരത്തിലെത്തി. ഹേരോദാവ് എന്നായിരുന്നു ആ രാജാവിന്റെ പേര്. ഈ രാജാവിൽനിന്നാണ് ബേത്‌ലഹേമിലാണ് യേശുക്കുഞ്ഞ് ജനിച്ചത് എന്ന് അവർ മനസ്സിലാക്കിയത്. പക്ഷേ, വിദ്വാന്മാർക്ക് സന്തോഷമുണ്ടായതുപോലെ രാജാവിന് സന്തോഷം ഉണ്ടായില്ല. കാരണം ഈ കുഞ്ഞ് ഒരു രാജാവാകുമെന്ന് കൊട്ടാരത്തിലുള്ള പണ്ഡിതന്മാർ പറഞ്ഞു. ഇതുകേട്ടപ്പോൾ രാജാവ് പേടിച്ചുപോയി. കാരണം മനസ്സിലായോ? ആ കുഞ്ഞു വളർന്നു രാജാവായാൽ രാജസ്ഥാനം പോകുമെന്ന് അയാൾ ഭയപ്പെട്ടു.

അതുകൊണ്ട് രാജാവ് വിദ്വാന്മാരോട് ഒരു കാര്യം പറഞ്ഞു. നിങ്ങൾ കുഞ്ഞിനെ കണ്ടിട്ട് തിരികെ കൊട്ടാരത്തിൽ വന്നു വിവരം പറയണം. കുഞ്ഞിനെ കണ്ടുപിടിച്ച് കൊല്ലുവാൻ വേണ്ടിയുള്ള കൗശലമായിരുന്നു രാജാവിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. ഇതു മനസ്സിലാക്കിയ വിദ്വാന്മാർ പിന്നെ കൊട്ടാരത്തിൽ പോയില്ല. രാജാവിന് ഇത് വലിയ ദേഷ്യം ഉണ്ടാക്കി. തനിക്ക് എതിരായി വളർന്നു വരുന്ന രാജകുമാരനെ കൊല്ലാൻ സാധിച്ചില്ലല്ലോ എന്ന ചിന്ത അയാളെ അലട്ടി.

അപ്പോൾ മറ്റൊരു ക്രൂരമായ തീരുമാനം ആ രാജാവ് എടുത്തു. യേശുക്കുഞ്ഞിനെ കാണാൻ സാധിക്കാത്തതുകൊണ്ട് 2 വയസ്സിനുതാഴെയുള്ള എല്ലാ കുഞ്ഞുങ്ങളെയും കൊല്ലുവാൻ ആ രാജാവ് കല്പന പുറപ്പെടുവിച്ചു. ആ കൂട്ടത്തിൽ യേശുക്കുഞ്ഞും കൊല്ലപ്പെടുമെന്ന് ചിന്തിച്ചുപോയി. പട്ടാളക്കാർ എല്ലാ വീടുകളിലും കയറി 2 വയസ്സിൽ താഴെയുള്ള എല്ലാ കുഞ്ഞുങ്ങളെയും കൊല്ലിച്ചു. എന്നാലും അവർക്ക് യേശുക്കുഞ്ഞിനെ കൊല്ലാൻ സാധിച്ചില്ല. മാലാഖ, മറിയാമിനും യൗസേഫിനും പ്രത്യക്ഷപ്പെട്ട് ആ നാട്ടിൽനിന്ന് ഓടി രക്ഷപെടുവിൻ എന്ന് നേരത്തെതന്നെ അറിവുകൊടുത്തിരുന്നു. അവർ കുഞ്ഞിനെയുംകൊണ്ട് മിസ്രയിം (ഇപ്പോഴത്തെ ഈജിപ്ത്) എന്ന സ്ഥലത്തേക്ക് ഓടി പ്പോയി. ഈ ദുഷ്ടനായ രാജാവ് മരിച്ചതിനുശേഷമാണ് അവർ തിരികെ വന്നത്.

യേശുക്കുഞ്ഞിനെ കൊല്ലാനുള്ള ശ്രമത്തിൽ അനേകം പിഞ്ചുകുഞ്ഞുങ്ങൾ കൊല്ല പ്പെട്ടു. ആ കുഞ്ഞുങ്ങളെ നമ്മൾ ശിശുസഹദേന്മാർ എന്നു വിളിക്കുന്നു. 'സഹദാ' എന്നാൽ 'രക്തസാക്ഷി' എന്നാണർത്ഥം. അവരെല്ലാവരും വിശുദ്ധന്മാരായി യേശുവിന്റെ ചുറ്റും സ്വർഗ്ഗത്തിൽ വസിക്കുന്നുണ്ട്. കുഞ്ഞുങ്ങളായ നമുക്കുവേണ്ടി ദൈവത്തോട് കൂടു തൽ പ്രാർത്ഥിക്കുന്നത് ഈ ശിശുസഹദേന്മാരായിരിക്കും. നമുക്കുവേണ്ടി അപേക്ഷി ക്കേണമേ എന്ന് ഈ കുഞ്ഞുസഹദേന്മാരോട് നമുക്കും പ്രാർത്ഥിക്കാം. സഹദേന്മാ രുടെ നാമത്തിൽ പള്ളികളും ചിലയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഹോളി ഇന്നസെന്റ് എന്നാണ് ഇംഗ്ലീഷിൽ അവരെ വിളിക്കുന്നത്. ഉണ്ണികളായ പരിശുദ്ധന്മാർ, സഹദേന്മാർ എന്നൊക്കെ അവർ അറിയപ്പെടുന്നു. ഇവരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സഭയിലെ ഒരേ ഒരു പള്ളിയാണ് ചെങ്ങന്നൂർ ഭദ്രാസനത്തിൽപ്പെട്ട മെഴുവേലി ഹോളി ഇന്നസെന്റ് ഓർത്തഡോക്സ് പള്ളി. യേശുകുഞ്ഞിനുവേണ്ടി മരണം വരിച്ച ഈ ശിശു സഹദേന്മാരുടെ മദ്ധ്യസ്ഥതയിൽ നമുക്കും അഭയപ്പെടാം.

## നമുക്ക് ചിന്തിക്കാം

1. യേശുക്കുഞ്ഞിനെ അന്വേഷിച്ച് വിദ്വാന്മാർ ചെന്നത് ആരുടെ കൊട്ടാര ത്തിൽ?

   ..............................................................................................................

2. യേശുക്കുഞ്ഞ് ജനിച്ചതറിഞ്ഞ് രാജാവ് ഭയപ്പെട്ടതെന്തിന്?

   ..............................................................................................................

3. യേശുക്കുഞ്ഞിനെ കൊല്ലുന്നതിനായി രാജാവ് പടയാളികൾക്ക് എന്തു കല്പന കൊടുത്തു?

..................................................................................................................................

4. പടയാളികൾക്ക് യേശുക്കുഞ്ഞിനെ കൊല്ലുവാൻ കഴിയാഞ്ഞതെന്തുകൊണ്ട്?

..................................................................................................................................

5. യേശുക്കുഞ്ഞിനുവേണ്ടി കൊല്ലപ്പെട്ട കുഞ്ഞുങ്ങളെ നാം എന്തു വിളിക്കുന്നു?

..................................................................................................................................

6. ശിശുസഹദേന്മാരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു ദൈവാലയത്തിന്റെ പേരു പറയുക.

..................................................................................................................................

## പ്രവർത്തനങ്ങൾ

1. ശിശുസഹദേന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കുക.
2. ശിശുസഹദേന്മാരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ട ദൈവാലയം മാതാപിതാക്കളോടൊപ്പം സന്ദർശിക്കുക, പ്രാർത്ഥിക്കുക.
3. "നിർമ്മല നിബി ശ്ലീഹാ...സഹദേന്മാരേ നിങ്ങളുടെ" എന്ന് തുടങ്ങുന്ന ഗാനം വി. കുർബ്ബാനയിൽ ശ്ലീഹാമാരെയും സഹദേന്മാരെയും ഓർത്തുകൊണ്ട് ചൊല്ലുന്ന ഗീതമാണ്. ഈ ഗീതം കണ്ടെത്തി പാടുക. ഇതുപോലെയുള്ള മദ്ധ്യസ്ഥപ്രാർത്ഥനാഗീതങ്ങൾ ടീച്ചറിന്റെ സഹായത്തോടെ പാടുക.

## നമുക്ക് പാടാം

ലോകം താത സഹോദരർ
ജാതിയതും തറവാടും
ആകെയുപേക്ഷിച്ചേശുവിനായ്
മരണം സ്നേഹിച്ച
സഹദേന്മാരെ സദാ കാലം
സ്മരണം ചെയ്‌വതുനന്നേറ്റം

## നമുക്ക് പ്രാർത്ഥിക്കാം

കരുണയുള്ള ദൈവമേ അങ്ങയുടെ നാമത്തിൽ മരണം വരിച്ച സഹദേന്മാരെ ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കേണമേ...

## നിശ്ചയം

**ശിശുസഹദേന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് ഞങ്ങൾ പ്രാർത്ഥിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. മത്തായി 2:16-18 |
| തിങ്കൾ | പുറ. 1:1-7 | ദാനി. 3:1-7 |
| ചൊവ്വ | പുറ. 1:8-11 | ദാനി. 3:8-12 |
| ബുധൻ | പുറ. 1:12-14 | ദാനി. 3:13-18 |
| വ്യാഴം | പുറ. 1:15-17 | ദാനി. 3:19-25 |
| വെള്ളി | പുറ. 1:18-22 | ദാനി. 3:26-28 |
| ശനി | യിര. 31:1-15-17 | ദാനി. 3:29-30 |

## പാഠം പത്തൊൻപത്

# വി. കുറിയാക്കോസ് സഹദാ

**മുഖ്യസന്ദേശം** : ക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയാഞ്ഞതിന് മരണം ഏറ്റു വാങ്ങേണ്ടിവന്ന കുഞ്ഞുസഹദായാണ് മാർകുറിയാക്കോസ് സഹദാ. വിശുദ്ധനായ ആ സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിക്കണം.

**മന:പാഠവാക്യം** : "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. " (വി. യാക്കോബ് 5: 16)

## പാഠപരിചയം

ക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയാഞ്ഞതിനാൽ മരണം വരിക്കേണ്ടിവന്ന വിശുദ്ധന്മാരെയാണ് സഹദേന്മാർ എന്നു പറയുന്നത്. കുഞ്ഞായിരിക്കുമ്പോൾതന്നെ ക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയാതെ മരണം ഏറ്റുവാങ്ങിയ സഹദായാണ് മാർ കുറിയാക്കോസ് സഹദാ. ഈ സഹദായെ പരിചയപ്പെടുത്തുന്നതാണ് ഈ പാഠം.

## ആമുഖം

ടീച്ചർ: നമ്മുടെ പള്ളി ആരുടെ നാമത്തിൽ സ്ഥാപിച്ചതാണെന്നു പറയാമോ? കുട്ടികൾ ഉത്തരം പറയുന്നു. നമ്മുടെ സമീപത്തുള്ള പള്ളികൾ ആരുടെ നാമത്തിലാണ് എന്ന് നമുക്ക് ഒന്നിച്ച് പറയാം. സെന്റ് മേരീസ്, ഗീവർഗീസ് സഹദാ, മാർ ബഹനാം സഹദാ തുടങ്ങിയ പേരുകൾ പറയുന്നു.

സഹദാ എന്ന വാക്കിന്റെ അർത്ഥമെന്താണെന്ന് കഴിഞ്ഞ പാഠത്തിൽ പഠിച്ചത് ഓർക്കുന്നുണ്ടല്ലോ. ഒന്നു പറയാമോ? എല്ലാവരുംകൂടി: 'രക്തസാക്ഷി' എന്നല്ലേ ടീച്ചർ?"

"അതെ...മിടുക്കർ...."

ഞാൻ അല്പം കൂടി വിശദീകരിച്ചു പറയാം. പണ്ട് മിക്ക നാടുകളിലും രാജഭരണമായിരുന്നല്ലോ ഉണ്ടായിരുന്നത്. ഈ രാജാക്കന്മാർ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ദേവീദേവന്മാർ ഉണ്ട്. പ്രജകളെല്ലാം ആ ദേവീദേവന്മാരെ ആരാധിക്കണമെന്ന് നിർബന്ധവുമായിരുന്നു. ആരെങ്കിലും അത് ലംഘിച്ച് മറ്റ് ദൈവങ്ങളെ ആരാധിച്ചു എന്നു കണ്ടാൽ അത്തരക്കാരെ പിടിച്ചുകൊല്ലുവാൻ ആ രാജാക്കന്മാർ മടിക്കുകയില്ലായിരുന്നു. അങ്ങനെ ക്രിസ്തുവിനുശേഷം അനേകം വിശ്വാസികൾ, രാജാവ് വിശ്വസിച്ച ദൈവ

ത്തിൽ വിശ്വസിക്കാതെ ക്രിസ്തുവിൽ വിശ്വസിച്ചതിനാൽ അവരൊക്കെ പീഡകൾ ഏറ്റു വാങ്ങുവാനും കൊല്ലപ്പെടുവാനും ഇടയായിട്ടുണ്ട്. അങ്ങനെ ജീവൻ പോയാലും ക്രിസ്തുവിലുള്ള വിശ്വാസത്തെ തള്ളിപ്പറയാതെ കൊല്ലപ്പെട്ടവരെയാണ് നാം സഹദേന്മാർ എന്നു വിളിക്കുന്നത്. ആ കൂട്ടത്തിൽ ഗീവർഗീസ് സഹദായേക്കുറിച്ച് നാം കൂടുതൽ കേട്ടിട്ടുണ്ടായിരിക്കും.

എന്നാൽ കുഞ്ഞായിരിക്കുമ്പോൾതന്നെ ക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയാഞ്ഞതിനാൽ കൊല്ലപ്പെട്ട ഒരു ബാലനായ സഹദായുണ്ട്. അതാണ് വി. കുറിയാക്കോസ് സഹദാ. കഴിഞ്ഞ ക്ലാസ്സിൽ നമ്മൾ രണ്ടു വയസ്സിനുതാഴെ കൊല്ലപ്പെട്ട കുഞ്ഞുസഹദാമാരേപ്പറ്റി പഠിച്ചുവല്ലോ. അവരേക്കാൾ അല്പംകൂടി പ്രായമേ വി. കുറിയാക്കോസിനുണ്ടായിരുന്നുള്ളൂ. കേവലം 3 വയസ്സുമാത്രം പ്രായം. ആ സഹദായെക്കുറിച്ചാണ് നമ്മൾ ഇന്ന് പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

ക്രിസ്തുവിന്റെ കാലത്തും അതിനുശേഷം കുറേ നാളുകളും റോം ഭരിച്ച രാജാക്കന്മാർ മറ്റു ദൈവങ്ങളെ ആരാധിച്ചവരായിരുന്നു. അവരിൽ പലർക്കും ക്രിസ്തുവിനെ സ്വീകരിച്ച വിശ്വാസികളെ ഇഷ്ടമല്ലായിരുന്നു. അത്തരം ഒരു ചക്രവർത്തിയായിരുന്നു ഡയോക്ലിഷൻ. (A.D. 284-305) അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലുള്ള മറ്റൊരു സ്ഥലമായിരുന്നു തർസീസ്. ആ പട്ടണം ഭരിച്ചിരുന്നത് അലക്സന്ത്രിയോസ് എന്ന മറ്റൊരു നാടുവാഴിയായിരുന്നു. എന്നാൽ റോമൻ ദൈവങ്ങളെ ആരാധിക്കുന്നവരെ ഇദ്ദേഹത്തിനു ഇഷ്ടമല്ലായിരുന്നു. ഭക്തിയുള്ള ഒരു കുടുംബമായിരുന്നു കുറിയാക്കോസിന്റേത്. പിതാവ് നേരത്തെ മരിച്ചുപോയതിനാൽ വളരെ ഭക്തയായ അമ്മയും ദാസിമാരും ബാലനായ കുറിയാക്കോസും തർസീസിൽ വന്നു താമസിച്ചു. യൂലിത്തി എന്നാണ് അമ്മയുടെ പേര്. ഭക്തരുള്ള ക്രിസ്തുഭവനം എന്ന് എല്ലാവരും പറഞ്ഞ് നാടുവാഴിയും ഇവരെപ്പറ്റി മനസ്സിലാക്കി. അവരെ തന്റെ അടുക്കൽ കൊണ്ടുവരുവാൻ പട്ടാളക്കാരോട് കല്പിച്ചു. അമ്മ യൂലിത്തിയും മകൻ കുറിയാക്കോസും നാടുവാഴിയുടെ കൊട്ടാരത്തിൽ എത്തി. എല്ലാവരോടും ക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയാൻ ആവശ്യപ്പെട്ടു. അല്ലെങ്കിൽ രണ്ടുപേരെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. ഉടനെ അമ്മയായ യൂലിത്തി പറഞ്ഞു: "എന്റെ മൂന്നുവയസ്സായ മകൻപോലും ക്രിസ്തുവിലുള്ള വിശ്വാസം തള്ളിപ്പറയുകയില്ല. പിന്നെയാണോ പ്രായമുള്ള ഞാൻ അപ്രകാരം ചെയ്യുന്നത്." അപ്പോൾ അവരുടെ ശ്രദ്ധ കുറിയാക്കോസിലേക്കു തിരിഞ്ഞു. നീയും ഞങ്ങളുടെ ദൈവത്തിൽ വിശ്വസിക്കുകയില്ലേ എന്നു ചോദിച്ചു. "ഞാൻ ഒരു ക്രിസ്ത്യാനിയാണ്. ക്രിസ്തുവിനെ മാത്രമേ ആരാധിക്കുകയുള്ളൂ" എന്ന് ആ ബാലൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ദേഷ്യംവന്ന പടയാളികൾ ആ ബാലനെ എടുത്ത് നിലത്തടിച്ചു. തലപൊട്ടി ഉടനെ മരിച്ചു. ഇതു കണ്ടപ്പോൾ അമ്മ യൂലിത്തിയുടെ വിശ്വാസം വർദ്ധിക്കുകയാണുണ്ടായത്. കർത്താവിനെ സ്തുതിച്ചുകൊണ്ട് എനിക്കും മകനേപ്പോലെ ക്രിസ്തുവിനോട് ചേരണമെന്ന് ആഗ്രഹിച്ചു പ്രാർത്ഥിച്ചു. നാടുവാഴികളുടെ പടയാളികൾ

ആ അമ്മയുടെ ശിരസ്സ് വെട്ടി മാറ്റി. അങ്ങനെ ആ അമ്മയും ധൈര്യത്തോടെ മരണം വരിച്ചു.

ഈ അമ്മ യൂലിത്തിയേയും മകൻ കുറിയാക്കോസിനെയും സഭ പിന്നീട് വിശുദ്ധന്മാരുടെയും രക്തസാക്ഷികളുടെയും കൂട്ടത്തിൽ ചേർത്തു. ജീവൻ നഷ്ടപ്പെട്ടാലും ക്രിസ്തുവിനെ തള്ളിപ്പറയാത്ത വലിയ വിശ്വാസമാണ് അവർക്കുണ്ടായിരുന്നത്. നമുക്കെല്ലാം അത് മാതൃകയാകണം. പ്രത്യേകിച്ചും ബാലനായ കുറിയാക്കോസ് എത്ര ധൈര്യമാണ് പ്രകടിപ്പിച്ചത്. ക്രിസ്തുവിനോടുള്ള ആ ബാലന്റെ സ്നേഹം എത്ര വലുതായിരുന്നു. ആ സ്നേഹം നമുക്കും ഉണ്ടാകാൻ പ്രാർത്ഥിക്കണം. അതോടൊപ്പം ബാലനായ വി. കുറിയാക്കോസിന്റെ മദ്ധ്യസ്ഥതയിൽ നാം പ്രാർത്ഥിക്കുകയും ചെയ്യണം. അദ്ദേഹത്തിന്റെ നാമത്തിൽ പല ദൈവാലയങ്ങളും നമ്മുടെ സഭയിൽ ഉണ്ട്. ആ സഹദായുടെ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹത്തിനായിത്തീരട്ടെ.

## നമുക്ക് ചിന്തിക്കാം

1. 'സഹദാ' എന്ന വാക്കിന്റെ അർത്ഥം എന്ത്?

   ..................................................................................................

2. ബാലനായ ഒരു സഹദായുടെ പേരു പറയാമോ?

   ..................................................................................................

3. നമ്മുടെ സഭയിലെ ഏറ്റവും പ്രായംകുറഞ്ഞ സഹദാ ആര്?

   ..................................................................................................

4. കൊല്ലപ്പെടുമ്പോൾ മാർ കുറിയാക്കോസ് സഹദായ്ക്ക് എത്ര വയസ്സുണ്ടായിരുന്നു?

   ..................................................................................................

5. ക്രിസ്തു വിശ്വാസികളെ ഇഷ്ടമല്ലാതിരുന്ന ഒരു ചക്രവർത്തി ആര്?

   ..................................................................................................

6. ബാലനായ കുറിയാക്കോസിന്റെ സ്വദേശം ഏതായിരുന്നു?

   ..................................................................................................

7. കുറിയാക്കോസിന്റെ അമ്മയുടെ പേരെന്ത്?

   ..................................................................................................

8. എന്തിനാണ് പടയാളികൾ കുറിയാക്കോസിനെയും അമ്മയെയും കൊന്നത്?

   ..................................................................................................

## പ്രവർത്തനങ്ങൾ

1. മരണത്തെ കുറിയാക്കോസിന് പേടിയില്ലായിരുന്നത് എന്തുകൊണ്ട്?

   * ക്രിസ്തുവിനോടുള്ള വലിയ സ്നേഹം കൊണ്ട് ☐
   * മരിക്കാൻ ഇഷ്ടമായിരുന്നതുകൊണ്ട് ☐
   * മരിക്കുകയാണെന്ന് അറിയില്ലാതിരുന്നതുകൊണ്ട് ☐

   ശരിയായതിന് (✓) ഇടുക.

2. മാർ കുറിയാക്കോസ് സഹദായെകുറിച്ചുള്ള വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ചേരുന്നവ തമ്മിൽ വരച്ച് യോജിപ്പിക്കുക.

| | |
|---|---|
| അമ്മ | 3-ാം വയസ്സിൽ |
| സ്വദേശം | തർസീസ് |
| മരണം | യൂലിത്തി |

3. മാർ കുറിയാക്കോസ് സഹദായുടെ നാമത്തിൽ നിങ്ങളുടെ സമീപത്തുള്ള പള്ളികൾ ഏതൊക്കെയെന്ന് ചോദിച്ചറിയുക.

   ..............................................................................................................

   ..............................................................................................................

4. മാർ കുറിയാക്കോസ് സഹദായുടെ ജീവിതത്തിൽ നിങ്ങൾ കാണുന്ന പ്രത്യേക ഗുണങ്ങൾ എന്തെല്ലാം?

   (അനുയോജ്യമായതിന് (✓) ഇടുക. അല്ലാത്തവയ്ക്ക് (x) ഇടുക.)

| | | | |
|---|---|---|---|
| ധൈര്യം | ☐ | ദൈവത്തോട് സ്നേഹം | ☐ |
| ക്രിസ്തുവിലുള്ള വിശ്വാസം | ☐ | മരണത്തെ പേടി | ☐ |
| കോപം | ☐ | ദൈവഭയം | ☐ |

5. നിങ്ങൾക്ക് അവസരം കിട്ടുമ്പോൾ മാർ കുറിയാക്കോസ് സഹദായുടെ നാമത്തിലുള്ള ഒരു പള്ളി സന്ദർശിക്കുക, പ്രാർത്ഥിക്കുക.

## നമുക്ക് പാടാം

ഒരു പോലിങ്ങും മാർ കുറിയാക്കോസ് സഹദാ...
ഉണ്ടേമേലും നിന്നോർമ്മാ
ഉതകണമെ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

മാർ കുറിയാക്കോസ് സദ്ഗുണനിധിയേ...
നിൻ സ്മൃതി കൊണ്ടാടും സഭയിൽ

അനവരതം നിൻ നാഥന്റെ
ശമവും ശാന്തിയുമമരട്ടെ...

## നമുക്ക് പ്രാർത്ഥിക്കാം

ഈ പ്രാർത്ഥന ഒരാൾ ചൊല്ലിക്കൊടുക്കുമ്പോൾ ബാക്കിഭാഗം എല്ലാവരും ഏറ്റുചൊല്ലണം.

ഒരാൾ : ക്രിസ്തുവിനുവേണ്ടി മരണം വരിച്ച മാർ കുറിയാക്കോസ് സഹദായേ...

എല്ലാവരും ചേർന്ന്: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...

ഒരാൾ : ഞങ്ങൾക്കുവേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥത അണയ്ക്കുന്ന സഹദായേ...

എല്ലാവരുംചേർന്ന് : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...

ഒരാൾ : വിശുദ്ധനായ മാർ കുറിയാക്കോസ് സഹദായേ...

എല്ലാവരും ചേർന്ന്: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

### നിശ്ചയം

**ക്രിസ്തുവിനുവേണ്ടി ജീവൻ വെടിഞ്ഞ ധീര ശിശുവായ മാർ കുറിയാക്കോസ് സഹദായുടെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ അഭയം പ്രാപിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | വി. ലൂക്കോസ് 1:76-80 |
| തിങ്കൾ | വി. ലൂക്കോസ് 2:40-50 | വി. ലൂക്കോസ് 2:51-52 |
| ചൊവ്വ | 1 ശമുവേൽ 3:17-21 | 1 വി. മത്തായി 18:1-5 |
| ബുധൻ | വി. മർക്കോസ് 10:13-16 | വി. യോഹ. 11:25-27 |
| വ്യാഴം | സദൃ. 22:1-6 | വി. ലൂക്കോസ് 1:39-44 |
| വെള്ളി | അപ്പോ.പ്ര. 7:54-60 | 1 പത്രോസ് 1:13-16 |
| ശനി | 2 കൊരി. 5:1-5 | 2 കൊരി. 5:6-10 |

## യൂണിറ്റ് ആറ്

# നല്ല ശീലങ്ങൾ

### പാഠം ഇരുപത്

## ശുചിത്വം

**മുഖ്യസന്ദേശം** : നമ്മുടെ ശരീരവും മനസ്സും ബുദ്ധിയും പരിസരവും ശുചിയായി സൂക്ഷിക്കണം.

**മന:പാഠവാക്യം** : "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി. അത് എത്രയും നല്ലത് എന്നു കണ്ടു. " (ഉല്പത്തി 1:31)

### പാഠപരിചയം

ദൈവത്തെ പിൻപറ്റുമ്പോഴാണ് നമ്മുടെ ജീവിതത്തിൽ സദ്ഗുണങ്ങൾ ഉണ്ടാകുന്നത്. ദൈവസാന്നിദ്ധ്യബോധത്താൽ നമ്മെതന്നെ സൂക്ഷ്മമായി ശ്രദ്ധിച്ച് ശുചിത്വമുള്ളവരായി തീരുവാൻ ഈ പാഠത്തിൽക്കൂടി നാം പഠിക്കുന്നു.

### ആമുഖം

നിങ്ങൾ പഠിക്കുന്ന പുസ്തകങ്ങളും നിങ്ങൾ പഠിക്കുവാൻ ഉപയോഗിക്കുന്ന മേശയും എല്ലാം ഭംഗിയുള്ളതാണെങ്കിൽ പഠിക്കുവാൻ പ്രത്യേകമായ ഒരു ഉത്സാഹം ലഭിക്കില്ലേ. വിരിച്ചൊരുക്കിയ കിടക്ക കണ്ടാൽ സുഖമായി ഒന്നുറങ്ങണമെന്നു തോന്നാറില്ലേ? ദൈവാലയം മനോഹരമായിട്ടല്ലേ നാം സൂക്ഷിക്കാറുള്ളത്. ഗാന്ധിജയന്തിയോടനുബന്ധിച്ച് സ്കൂളുകളിൽ ശുചീകരണവാരം ആഘോഷിക്കുകയും, സ്കൂളും പരിസരങ്ങളും സമീപവഴികളും അദ്ധ്യാപകരുടെ നേതൃത്വത്തിൽ വൃത്തിയാക്കുകയും ചെയ്യാറില്ലേ? ശുചിത്വത്തിന്റെ പ്രാധാന്യമാണ് ഇതൊക്കെയും കാണിക്കുന്നത്.

### പാഠഭാഗം

ദൈവം ലോകത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചു. പാഴും ശൂന്യമായും ഇരുന്ന ഭൂമിയിൽ ദൈവം വെളിച്ചം ഉണ്ടാകട്ടെ എന്നു കല്പിച്ചു. ഇരുട്ടുമാറി വെളിച്ചം വന്നപ്പോൾ അതു നല്ലത് എന്നു ദൈവംകണ്ടു. പ്രകൃതിയേയും സൃഷ്ടിയുടെ മകുട

മായ മനുഷ്യനേയും സൃഷ്ടിച്ച ദൈവം എല്ലാം നല്ലത് എന്നു കണ്ടതായി ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു. അവയെല്ലാം എന്നും വൃത്തിയായും ഭംഗിയായും നിലനില്ക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ശുചിത്വം നാം ഒരു ശീലമാക്കണമെന്നു പറയുന്നത്.

ശരീരത്തിലും മനസ്സിലും ബുദ്ധിയിലും ശുചിത്വമുള്ളവർക്ക് മാത്രമേ ഈ പ്രകൃതിയും ശുചിത്വുള്ളതായി സൂക്ഷിക്കുവാൻ സാധിക്കുകയുള്ളൂ.

വ്യക്തിജീവിതത്തിൽ ശുചിത്വമില്ലാതെ വരുമ്പോൾ എല്ലാ മേഖലയിലും പരാജയം അനുഭവപ്പെടും. പ്രകൃതി മലിനമാകുന്നതിന്റെയും ലോകത്തിൽ പലവിധ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന്റെയും പ്രധാന കാരണം മനുഷ്യന്റെ ശുചിത്വമില്ലായ്മയാണ്.

നല്ല ചിന്തകളും നല്ല വാക്കുകളും നല്ല പെരുമാറ്റവും നല്ല ജീവിതശൈലിയും ശുചിത്വത്തിന് അത്യാവശ്യം വേണ്ട ഘടകങ്ങളാണ്. ദൈവം നമ്മോടൊപ്പം ഉള്ളപ്പോൾ മാത്രമേ നമുക്ക് ഈ വക ഗുണങ്ങൾ ശീലിക്കുവാൻ സാധിക്കുകയുള്ളൂ. നാമും നമ്മുടെ ഭവനവും പള്ളിയും വിദ്യാലയവും പ്രകൃതിയുമെല്ലാം ശുചിത്വമുള്ളതായി സൂക്ഷിക്കുന്നതിന് വിദ്യാർത്ഥികൾ ചെയ്യുന്നതും ചെയ്യേണ്ടതുമായ കാര്യങ്ങളെപ്പറ്റി നമുക്ക് ചിന്തിക്കാം.

**അല്പം നിർത്താം! ചിന്തിക്കാം**

നാം ശുചിത്വമുള്ളവരാണോ? ..........

ശരീരത്തിന്റെ വൃത്തി നാം കാത്തുസൂക്ഷിക്കാറുണ്ടോ? ..........

നമ്മുടെ വീടും സ്കൂളും പരിസരവും ശുചിയായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കാറുണ്ടോ? ..........

നമ്മുടെ വാക്കുകളും പെരുമാറ്റവും ദൈവഇഷ്ടപ്രകാരമാണോ?..........

ശുചിത്വം ഐശ്വര്യത്തിന്റെ പ്രതീകമാണ്

പൈതൽ പ്രായംമുതൽ ശുചിത്വം ഒരു ശീലമായി സ്വീകരിച്ച് വളരുന്നവർ സമൂഹത്തിന് മുതൽക്കൂട്ടായിരിക്കും. നമ്മുടെ ശരീരം ദൈവം സൃഷ്ടിച്ചതാണ്. ദൈവത്തിന്റെ തേജസ്സും വിശുദ്ധിയും നല്കിയാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. ആത്മീയവിശുദ്ധിയോടൊപ്പം ശാരീരികമായ വെടിപ്പും നമുക്കാവശ്യമാണ്. വൃത്തിഹീനത രോഗങ്ങൾക്കു കാരണമാകും. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും കുളിച്ച് വൃത്തിയുള്ള വസ്ത്രം ധരിച്ച് നടക്കുമ്പോൾ നമുക്ക് ഉന്മേഷവും ശക്തിയും ലഭിക്കുന്നു. ശുചിത്വംതന്നെ ഒരു സൗന്ദര്യമാണ്. ശുചിത്വമില്ലായ്മമൂലം പലതരം രോഗങ്ങളും അലർജികളും ഉണ്ടാകാനിടയുണ്ട്. കൂടാതെ ക്ഷീണം, തളർച്ച, ഉന്മേഷമില്ലായ്മ, ആരോഗ്യക്കുറവ് ഇവയെല്ലാം നമ്മെ ബാധിക്കും. നമുക്ക് നല്ല ആരോഗ്യം ലഭിക്കുവാൻ ശുദ്ധവായുവും ശുദ്ധജലവും അത്യാവശ്യമാണ്. നമ്മുടെ പരിസരം വൃത്തിയായി സൂക്ഷിച്ചാലേ നമുക്ക് ഇവ ലഭിക്കുകയുള്ളൂ. നമ്മുടെ ശരീരവും മനസ്സും പോലെതന്നെ വീടും പരിസരവും പള്ളിയും സ്കൂളും നാം നടക്കുന്ന റോഡുകളുമെല്ലാം നമുക്ക് വൃത്തിയായി സൂക്ഷിക്കാം.

### നമുക്ക് ചിന്തിക്കാം

1. ഭൂമിയിലെ ഇരുട്ട് മാറ്റുവാൻ ദൈവം സൃഷ്ടിച്ചതെന്ത്?

   .......................................................................................................

2. ശുചിത്വം പാലിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് പറയുക.

   .......................................................................................................

   .......................................................................................................

3. ശുചിത്വമില്ലായ്മകൊണ്ട് എന്തെല്ലാം ദോഷങ്ങൾ ഉണ്ടാകുമെന്ന് പറയുക.

   .......................................................................................................

   .......................................................................................................

4. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുവാൻ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യുമെന്ന് പറയുക.

   .......................................................................................................

   .......................................................................................................

## പ്രവർത്തനങ്ങൾ

1. ശുചിത്വവാരാഘോഷത്തോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കുക
2. വീടും പരിസരവും നിത്യവും വൃത്തിയാക്കുന്നതിൽ പങ്കാളികളാകുക.
3. ശരീരവും വസ്ത്രവും എപ്പോഴും വൃത്തിയുള്ളതായിരിക്കുവാൻ ശ്രദ്ധിക്കുക.

## നമുക്ക് പാടാം

എന്നുടെയോനെ നീയെന്നെ
കണ്മണിപോൽ കാത്തീടണമേ...

നിൻചിറകാലേ മറച്ചു പരീക്ഷയിൽ
നിന്നെന്നെ കാക്കണമെ

എൻ നാഥാനിൻ തിരുമുമ്പിൽ
ആത്മശരീര മനസ്സുകളെ

ശോഭകലർന്ന വിളക്കുകളായ്
ഞാൻ കത്തിപ്പാറാകണമെ.

സ്വർഗ്ഗസ്ഥപിതാവേ എന്നിൽ
മാനസ ശുദ്ധി വരുത്തണമെ

ദൈവസുതാ നീ എന്നാത്മാ...
വിന്നു വിശുദ്ധി വരുത്തണമെ

ആശ്വാസപ്രദനാകുന്ന
പരിശുദ്ധാത്മാവേ എന്റെ

ദേഹമശേഷം കൃപയാലെ
പരിപാവനമാക്കീടണമെ...

## നമുക്ക് പ്രാർത്ഥിക്കാം

കർത്താവേ നീ സൃഷ്ടിച്ച് നല്ലതെന്നു കണ്ട ഈ ലോകത്തെയും അതിലുള്ള സകലത്തേയും വൃത്തിയായി സൂക്ഷിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ... ഞങ്ങളുടെ ശരീരവും മനസ്സും ആത്മാവും ശുദ്ധിയുള്ളതായി സൂക്ഷിച്ച് നിനക്ക് ഇഷ്ടമുള്ള പൈതങ്ങളാക്കി ഞങ്ങളെ ഒരുക്കേണമേ...ആമ്മീൻ..

## നിശ്ചയം

**ഞങ്ങൾ ഞങ്ങളുടെ ശരീരവും ഭവനവും സ്കൂളും പള്ളിയും ഞങ്ങളുടെ പരിസരവുമെല്ലാം ശുചിയായി സൂക്ഷിക്കും. പരിസരം മലിനമാകുന്ന ഒരു പ്രവൃത്തിയും ഞങ്ങളിൽ നിന്നുണ്ടാകുകയില്ല.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | സങ്കീ. 19:8-9 |
| തിങ്കൾ | ഉല്പത്തി 1:1-5 | സങ്കീ. 24:1-5 |
| ചൊവ്വ | യശയ്യാ 1:16-18 | സങ്കീ. 51:9-11 |
| ബുധൻ | യശയ്യാ 52:11-12 | സദൃ. 16:1-3 |
| വ്യാഴം | യെഹ. 36:25-26 | വി. യോഹ. 13:9-11 |
| വെള്ളി | അപ്പോ.പ്ര. 18:5-6 | വി. യോഹ. 15:1-4 |
| ശനി | വെളിപ്പാട് 19:8-9 | വി. മത്തായി 23:25-26 |

## പാഠം ഇരുപത്തിഒന്ന്

# നല്ല സുഹൃത്തായിരിക്കുക

**മുഖ്യസന്ദേശം** : മറ്റുള്ളവരുടെ നല്ല സ്നേഹിതനായിരിക്കുവാൻ നാം എപ്പോഴും ശ്രമിക്കണം.

**മന:പാഠവാക്യം** : "സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും വലിയ സ്നേഹം ആർക്കും ഇല്ല." (വി.യോഹന്നാൻ 15:13)

## പാഠപരിചയം

ഇല്ലായ്മകളിലും വല്ലായ്മകളിലും ഒപ്പം നില്ക്കുകയും ആപത്തുവരുമ്പോൾ സഹായിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ സ്നേഹിതൻ. നമ്മുടെ കൂട്ടുകാർ നമ്മോട് എങ്ങനെ പെരുമാറണമെന്നാണോ നാം ആഗ്രഹിക്കുന്നത് അതുപോലെ നാം അവരോട് പെരുമാറണം. ഈ കാര്യത്തിൽ നാം എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് വ്യക്തമാക്കുകയാണ് ഈ പാഠം.

## ആമുഖം

എല്ലാവർക്കും കൂട്ടുകാരുണ്ടല്ലോ? ആരൊക്കെയാണ് നിങ്ങളുടെ കൂട്ടുകാർ? അവരുടെ പേരുകളൊന്ന് പറയാമോ? ഇവരിൽ ഏറ്റവും ഇഷ്ടപ്പെട്ട കൂട്ടുകാർ ആരൊക്കെയാണ്? എന്തുകൊണ്ടാണ് അവരെ നിങ്ങൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത്?

നിങ്ങൾക്കെല്ലാവർക്കും ഒത്തിരി കൂട്ടുകാരുണ്ട്. വീട്ടിലും സ്കൂളിലുമൊക്കെ കൂട്ടുകാരുണ്ട് അല്ലേ? ഇവരെല്ലാവരും നല്ല കൂട്ടുകാർ തന്നെയായിരിക്കുമല്ലോ? നല്ല കൂട്ടുകാരെ നേടണമെന്നും അതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്നും നാം ഒന്നാം ക്ലാസ്സിൽ പഠിച്ചത് ഓർമ്മിക്കുന്നുണ്ടല്ലോ. എന്നാൽ അതോടൊപ്പം മറ്റുള്ളവർക്ക് നാമും നല്ല കൂട്ടുകാരായിരിക്കണം. നല്ല കൂട്ടുകാരായിരിപ്പാൻ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ് ഇന്ന് നാം പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

നല്ല ഒരു സുഹൃത്തായിരിക്കുന്നത് ഏറ്റവും നല്ല കാര്യമാണ്. ദൈവത്തിന്റെ അനുഗ്രഹവും കരുണയും ഉണ്ടെങ്കിൽ മാത്രമേ ഒരു നല്ല സുഹൃത്താകുവാൻ സാധിക്കൂ...കഷ്ടനഷ്ടങ്ങൾ വരുമ്പോഴാണ് ഒരു യഥാർത്ഥ സ്നേഹിതന്റെ വില നാം അറിയുന്നത്.

നാം ഏതെങ്കിലും കാരണത്താൽ മനഃപ്രയാസത്തിലിരിക്കുമ്പോൾ ഒരു ആത്മാർത്ഥ സുഹൃത്തുമായുള്ള സംസാരം മനസ്സിന് എന്തൊരാശ്വാസമാണു നല്കുന്നത്. അതു പോലെ നമ്മുടെ സ്കൂളിലും നാം താമസിക്കുന്നിടത്തും നമ്മുടെ പള്ളിയിലും എല്ലാം നാമും നമ്മുടെ കൂട്ടുകാർക്ക് ആശ്വാസവും സഹായവും നല്കുന്നവരായിരിക്കണം. നമ്മുടെ നല്ല പെരുമാറ്റംകൊണ്ടാണ് നമുക്കു നല്ല സുഹൃത്തുക്കളെ നേടുവാൻ കഴിയു ന്നത്.

വി. വേദപുസ്തകത്തിൽ പറയുന്ന രണ്ട് ഉത്തമസുഹൃത്തുക്കളായിരുന്നു ദാവീദും യോനാഥാനും. ദാവീദിനെ കൊല്ലുവാൻ ശ്രമിച്ചിരുന്ന ശൗലിന്റെ മകനായിരുന്നു യോനാ ഥാൻ. യോനാഥാന്റെ പിതാവായ ശൗലിന് ദാവീദിനോട് അനിഷ്ടം ഉണ്ടായിരുന്നു എങ്കിലം യോനാഥാനും ദാവീദും നല്ല കൂട്ടുകാരായിരുന്നു. ദാവീദിനെ കൊല്ലുവാൻ ശൗൽ നടത്തിയ പല ഗൂഢാലോചനകളും യോനാഥാന്റെ സമയോചിതമായ ഇടപെട ലുകൾകൊണ്ട് ഒഴിവായി. യഥാർത്ഥ സുഹൃത്ത്ബന്ധത്തിന്റെ ലക്ഷണമാണിത്.

ഇതുപോലെ വേണം നമ്മുടെ സുഹൃത്തുക്കളോടും നാം പെരുമാറേണ്ടത്.

A friend in need is a friend indeed എന്ന ചൊല്ല് നാം ഒന്നാം ക്ലാസ്സിൽ പഠിച്ചിട്ടു ണ്ടല്ലോ. ആപത്തിൽ സ്നേഹിക്കുന്ന സ്നേഹിതനാണ് യഥാർത്ഥ സ്നേഹിതൻ. നമ്മുടെ സുഹൃത്തുക്കൾക്ക് എന്തെങ്കിലും ആവശ്യങ്ങൾ ഉണ്ടാകുമ്പോഴും അവർ ആപത്തിൽപെടു മ്പോഴും ദുഃഖത്തിലായിരിക്കുമ്പോഴുമെല്ലാം അവരെ സഹായിക്കുകയും ആശ്വസിപ്പിക്കു കയും ചെയ്യേണ്ടത് നമ്മുടെ ചുമതലയാണ്. സമ്പത്തും ഐശ്വര്യവുമുള്ളപ്പോൾ മാത്രം പറ്റിക്കൂടി നില്ക്കുകയും ദാരിദ്ര്യത്തിലും പ്രയാസത്തിലും സ്നേഹിതരെ ഉപേക്ഷിക്കു കയും ചെയ്യുന്നവർ യഥാർത്ഥ സ്നേഹിതരല്ല. മുടിയാനായ പുത്രന്റെ ഉപമയിൽ അവൻ വീടുവിട്ടുപോയപ്പോൾ അവനോടൊപ്പം കൂടിയവർ യഥാർത്ഥ സ്നേഹിതരായിരുന്നില്ല.

സുഖത്തിലുണ്ടാം സഖിമാരനേകം
ദുഃഖം വരുമ്പോൾ പുനരാരുമില്ല

നമ്മുടെ സുഹൃത്തുക്കൾക്ക് നാം അങ്ങനെയാകരുത്.

**അല്പം നിർത്താം... ചിന്തിക്കാം...**

1. നമ്മുടെ കൂട്ടുകാരന്റെ/കൂട്ടുകാരിയുടെ ഉത്തമസുഹൃത്താണോ നാം?

   ......................................................................................................................................

2. നിങ്ങളുടെ സുഹൃത്തിന് പെൻസിലോ ബുക്കോ ഇല്ലാതെ വന്നാൽ നിങ്ങൾ അവനെ സഹായിക്കാറുണ്ടോ?

   ......................................................................................................................................

3. നിങ്ങളുടെ സുഹൃത്ത് തുടർച്ചയായി ക്ലാസ്സിൽ വരാതിരുന്നാൽ നിങ്ങൾ അന്വേഷിക്കാറുണ്ടോ?

   ......................................................................................................................................

നല്ല ഹൃദയമുള്ളവർക്കുമാത്രമേ നല്ല സുഹൃത്താകുവാൻ പറ്റുകയുള്ളൂ. നമ്മുടെ വാക്കുകളും പ്രവർത്തനങ്ങളും കൊണ്ട് മറ്റുള്ളവർക്ക് സമാധാനം നല്കുമ്പോൾ നല്ല സുഹൃത്താകുവാൻ സാധിക്കും. യേശുവിനോട് അടുത്തിരിക്കുന്നവർക്കു മാത്രമേ നല്ല സുഹൃത്തുക്കളാകുവാൻ കഴിയുകയുള്ളൂ. നമ്മുടെ ഏറ്റവും ഉത്തമനായ സുഹൃത്താണ് യേശു എന്നത് മറക്കരുത്. യേശുവിന്റെ ഇഷ്ടം അനുസരിക്കുമ്പോൾ നാമുമായി ഇടപെടുന്നവർക്ക് ദൈവികസ്നേഹം ലഭിക്കുന്നു. കൂട്ടുകാരുടെ വിജയങ്ങളിൽ സന്തോഷിക്കുവാനും സങ്കടങ്ങളിൽ ആശ്വസിപ്പിക്കുവാനും ഒരു നല്ല സുഹൃത്തിനു മാത്രമേ കഴിയൂ.

**അല്പം നിർത്താം... ചിന്തിക്കാം...**

1. നാം മറ്റുള്ളവരുടെ വിജയങ്ങളിൽ സന്തോഷിക്കുന്നവരാണോ?

   ..............................................................................................................

2. മറ്റുള്ളവരുടെ വേദനകളിൽ ആശ്വാസം നല്കുന്നവരാണോ?

   ..............................................................................................................

3. ദൈവം ഏല്പിച്ച നന്മകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവരാണോ?

   ..............................................................................................................

4. നാം മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ രസിക്കുന്നവരാണോ?

   ..............................................................................................................

നല്ല സുഹൃത്ബന്ധം എപ്പോഴും നിസ്വാർത്ഥമായിരിക്കും. തിന്മയിലേക്ക് നമ്മെ നയിക്കുന്നവർ ഒരിക്കലും നല്ല സുഹൃത്തുക്കളാവുകയില്ല. മറ്റുള്ളവരുടെ കുറവുകളും കുറ്റങ്ങളും ശാന്തമായിത്തിരുത്തുകയും അവരുടെ നല്ല ഗുണങ്ങളെയും കഴിവുകളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരാണ് നല്ല സുഹൃത്തുക്കൾ.

'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നൊരു ചൊല്ലുണ്ടല്ലോ. നാം മറ്റുള്ളവരുടെ നല്ല ചങ്ങാതിയായിരിക്കണം.

ദൈവസ്നേഹം നമ്മിലുണ്ടാകുമ്പോൾ മാതാപിതാക്കൾക്ക് നല്ല മകൻ/മകൾ ആയും സഹോദരങ്ങൾക്കു നല്ല സഹോദരൻ/സഹോദരി ആയും കൂട്ടുകാർക്ക് നല്ല സുഹൃത്തായും മാറുവാൻ കഴിയും.

നമ്മോടിടപെടുന്ന എല്ലാവർക്കും നന്മ വരുവാൻ ആഗ്രഹിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അവരെ കരുതുകയും ചെയ്യുമ്പോഴാണ് നാം നല്ല സുഹൃത്തുക്കളാകുന്നത്.

## നമുക്ക് ചിന്തിക്കാം.

താഴെപ്പറയുന്ന കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ എങ്ങനെയാണെന്ന് പറയുക

അതെ എങ്കിൽ (✓) അടയാളമിടുക. അല്ല/ഇല്ല എങ്കിൽ (x) അടയാളമിടുക.

1. നിങ്ങൾ മറ്റുള്ളവരുടെ വിജയത്തിൽ സന്തോഷിക്കുന്നവരാണോ? ☐
2. മറ്റുള്ളവരുടെ വേദനകളിൽ നിങ്ങൾ അവരെ ആശ്വസിപ്പിക്കുമോ? ☐
3. ദൈവം തരുന്ന നന്മകൾ കൂട്ടുകാരുമായി പങ്കുവയ്ക്കാറുണ്ടോ? ☐
4. നിങ്ങൾക്ക് ലഭിക്കുന്ന ഭക്ഷണസാധനങ്ങൾ മറ്റുള്ളവർക്ക്കൂടി നല്കാറുണ്ടോ? ☐
5. നിങ്ങൾ മറ്റുള്ളവരെ ഉപദ്രവിച്ച് സന്തോഷിക്കുമോ? ☐
6. നിങ്ങളുടെ കൂട്ടുകാരെ സ്വന്തംപോലെ കരുതി സ്നേഹിക്കുമോ? ☐
7. കൂട്ടുകാർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ? ☐
8. കൂട്ടുകാരുടെ നല്ല ഗുണങ്ങളെ പ്രോത്സാഹിപ്പിക്കുമോ? ☐
9. കൂട്ടുകാർ ചെയ്യുന്ന തെറ്റുകളിൽനിന്ന് അവരെ പിന്തിരിപ്പിക്കുമോ? ☐
10. കൂട്ടുകാരെ അവരുടെ പഠനത്തിൽ സഹായിക്കുമോ? ☐

## പ്രവർത്തനങ്ങൾ

1. നിങ്ങളുടെ കൂട്ടുകാർക്കുവേണ്ടി നിങ്ങൾ ചെയ്ത എന്തെങ്കിലും ഒരു നല്ല കാര്യം ക്ലാസ്സിൽ പറഞ്ഞു കേൾപ്പിക്കുക.
2. മുകളിൽപറഞ്ഞ 10 ചോദ്യങ്ങളിൽ നിങ്ങൾ അടയാളമിട്ടതിൽനിന്ന് നിങ്ങൾ ഒരു നല്ല സുഹൃത്താണോ എന്ന് ചിന്തിക്കുക.
3. രോഗികളുടെ വീടുകൾ മുതിർന്നവരോടൊപ്പം സന്ദർശിക്കുക, പ്രാർത്ഥിക്കുക.
4. പാവപ്പെട്ട കൂട്ടുകാരെ സഹായിക്കുവാൻ താല്പര്യം കാണിക്കുക.

## നമുക്ക് പാടാം

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമേ പ്രിയനേ...
തിരുനാമമുയർന്നിടട്ടെ...(2)

സ്നേഹത്തിലൂടെയെല്ലാം കാണുവാൻ
സ്നേഹത്തിൽ തന്നെ എല്ലാം ചെയ്യുവാൻ
എന്നിൽ നിൻ സ്വഭാവം പകരണമെ....
ദിവ്യതേജസ്സാലെന്നെ നിറയ്ക്കണമെ... (എല്ലാം)

ആത്മാവിൻ ശക്തിയോടെ ജീവിപ്പാൻ
ആത്മനൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മനായകാ നിരന്തരമായെന്നിൽ
ആത്മദാനങ്ങൾ പകരണമെ... (എല്ലാം)

## നമുക്ക് പ്രാർത്ഥിക്കാം

ദൈവമേ...ഞങ്ങളുടെ കൂട്ടുകാർക്ക് ഒരു ഉത്തമസ്നേഹിതനായിരിപ്പാൻ ആവശ്യമായ ഗുണങ്ങൾ ഞങ്ങൾക്കു തരണമെ...നിന്റെ സ്നേഹംകൊണ്ടു ഞങ്ങളെ നിറയ്ക്കേണമെ... മറ്റുള്ളവരെ കരുതുവാനും സ്നേഹിക്കുവാനുമുള്ള മനസ്സ് ഞങ്ങൾക്ക് തരേണമെ.. ഞങ്ങളുടെ കൂട്ടുകാരെ എല്ലാവരെയും നീ അനുഗ്രഹിക്കേണമെ....ആമ്മീൻ.

**നിശ്ചയം**

**ഞങ്ങളുടെ കൂട്ടുകാർക്ക് ഉത്തമസുഹൃത്തായും അവർക്ക് ആശ്വാസം പകരുന്ന സ്നേഹിതരായും ഞങ്ങൾ പ്രവർത്തിക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യോഹ. 3:29-30 |
| തിങ്കൾ | പുറപ്പാട് 33:10-11 | വി. യോഹ. 15:12-14 |
| ചൊവ്വ | ഇയ്യോബ് 6:14 | യാക്കോബ് 2:23-24 |
| ബുധൻ | യശയ്യാ 41:8-10 | സങ്കീ. 37:1-4 |
| വ്യാഴം | സദൃ. 14:20-22 | സങ്കീ. 37:5-8 |
| വെള്ളി | സദൃ. 17:17 | സങ്കീ. 23:26 |
| ശനി | സദൃ 27:6-9 | സങ്കീ. 35:13-14 |